**പതിമൂന്നാം കേരള നിയമസഭ**
**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും**
**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

## പീരിയോഡിക്കൽ റിപ്പോർട്ട്
(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

2013 ..................................-ാം തീയതി സമർപ്പിച്ചത്

(Presented on ................................ , 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IX

# (SUBJECT COMMITTEE IX)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

709/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 77 |

## സബ്ജക്റ്റ് കമ്മിറ്റി IX

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

*ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി.

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ, എം. എൽ. എ.

,, സി. മമ്മൂട്ടി, എം. എൽ. എ.

,, പി. റ്റി. എ. റഹീം, എം. എൽ. എ.

,, വി. ശിവൻകുട്ടി, എം. എൽ. എ.

,, പി. ശ്രീരാമകൃഷ്ണൻ, എം. എൽ. എ.

,, ഇ. കെ. വിജയൻ, എം. എൽ. എ.

,, കെ. വി. വിജയദാസ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

*ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി 2012 ഏപ്രിൽ 25 വരെ സമിതിയിൽ എക്സ്-ഒഫീഷ്യോ അംഗമായിരുന്നു.

## അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 1-4-2012 മുതൽ 31-3-2013 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട 2011-2013 കാലയളവിലെ സമിതി 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 11 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും 3 യോഗങ്ങൾ സമിതിയുടെ പരിഗണനയ്ക്കയച്ച ബില്ലുകളുടെ പരിശോധനയ്ക്കും 3 യോഗങ്ങൾ സമിതിയുടെ അംഗീകാരത്തിന് ലഭ്യമാക്കിയ കരട് ചട്ടങ്ങളും, സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും പരിഗണിക്കുന്നതിനും ശേഷിച്ച 2 യോഗങ്ങൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ചും കൂടിയിട്ടുള്ളതാണ്. സമിതി യോഗങ്ങളിലെ ശരാശരി ഹാജർനില 57 ശതമാനം ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെയും വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും അവയിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികളും ചേർത്തിരിക്കുന്നു. രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽനിന്നും വൈകി ലഭിച്ച (ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ചശേഷം) മറുപടികളും ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ പ്രവർത്തന റിപ്പോർട്ടുകളുടെയും ചട്ടം 236(5) പ്രകാരം സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും വിവരങ്ങൾ ചേർത്തിരിക്കുന്നു. റിപ്പോർട്ടിന്റെ മൂന്നാംഭാഗത്തിൽ സമിതി പരിശോധിച്ച ബില്ലുകൾ, അംഗീകരിച്ച കരട്ചട്ടങ്ങൾ എന്നിവയുടെയും ചട്ടം 235എ അനുസരിച്ച് സമിതി യോഗംചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത വിഷയങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2013 മേയ് 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

തിരുവനന്തപുരം,
2013 മേയ്, 15.

## റിപ്പോർട്ട്

### ഭാഗം 1

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റി 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 18-4-2012, 2-5-2012 എന്നീ തീയതികളിൽ യോഗം ചേർന്നു.

ധനാഭ്യർത്ഥന നമ്പർ XXI —ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXII —നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXXV —പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI —സാമൂഹ്യ വികസനം

2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ കരട് 9-5-2012-ലെ സമിതിയോഗം അംഗീകരിക്കുകയും അതിൻപ്രകാരം 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ മാസം 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ 9-5-2012-ലെ യോഗം അംഗീകരിച്ച 2012 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 2012 ജൂൺ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതിയുടെ 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2012 ജൂലൈ മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ചുവടെ ചേർത്തിട്ടുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

**(എ) 2001-02 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട്**

ശുപാർശ

തിരുവനന്തപുരം നഗരത്തിലെ പ്രധാന വീഥികളിൽ തെരുവുവിളക്കുകൾ കത്തിക്കുന്നതിന് സർക്കാരിൽനിന്ന് നൽകുന്ന ധനസഹായം തീരെ അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സംസ്ഥാന തലസ്ഥാനമെന്നുള്ള പ്രത്യേക പദവി കണക്കിലെടുത്ത് തിരുവനന്തപുരം നഗരത്തിനുള്ള പ്രസ്തുത ധനസഹായം വർദ്ധിപ്പിച്ചുനൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

2001-02 സാമ്പത്തികവർഷം 2217-01-191-99 എന്ന അക്കൗണ്ട് ശീർഷകത്തിൽ അധിക തുക ലഭ്യമായിട്ടില്ല.

## (ബി) 2004-05 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ നാലാമത് റിപ്പോർട്ട്

### ശുപാർശ

2217-04-191-96—ദേശീയ ചേരി വികസന പരിപാടി

100% കേന്ദ്ര സഹായമുള്ളതും, കുടുംബശ്രീ (സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജനമിഷൻ) വഴി നടപ്പിലാക്കുന്നതുമായ ഈ പദ്ധതിക്ക് ഈ സാമ്പത്തികവർഷം 10,50,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും എന്നാൽ ഇതു ലക്ഷ്യപ്രാപ്തി കൈവരിക്കാൻ പര്യാപ്തമല്ലായെന്നും സമിതി അഭിപ്രായപ്പടുന്നു. ചേരികളിലെ ഫ്ളാറ്റുകൾ 1975-ൽ നിർമ്മിച്ചതിനുശേഷം യാതൊരു മെയിന്റനൻസും നടത്തിയിട്ടില്ലായെന്നും ചേരിവികസനത്തിനായി ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും ചേരികളിൽ യാതൊരു മാറ്റവും വന്നിട്ടില്ലായെന്നും കഴിഞ്ഞ സാമ്പത്തികവർഷം വകയിരുത്തിയതിനേക്കാൾ ഈ ഹെഡിൽ കൂടുതൽത്തുക ചെലവായിയെന്നും സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത ഹെഡിലേക്ക് അനുവദിക്കുന്ന തുക കോഴിക്കോട് ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും ചേരിവികസനത്തിനായി ഉപയോഗപ്പെടുത്തുന്നില്ലായെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി. കൂടാതെ, സർക്കാരും മുനിസിപ്പാലിറ്റിയും പണിതുകൊടുത്ത ഫ്ളാറ്റുകളുടെ പുനരുദ്ധാരണത്തിന് അനുവദിക്കുന്ന തുകപോലും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഈ ഹെഡിൽ അനുവദിച്ചിട്ടുള്ള തുക യുക്തമായ മാർഗ്ഗത്തിലൂടെ ഈ സാമ്പത്തിക വർഷംതന്നെ വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സർക്കാർ സ്വീകരിച്ച നടപടി

നഗരപ്രദേശങ്ങളിലെ ചേരികളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ സ്ലം ഡവലപ്മെന്റ് പ്രോഗ്രാം (എൻ.എസ്.ഡി.പി.)-ന്റെ 2004-05 സാമ്പത്തിക വർഷത്തിലെ നടത്തിപ്പിനായി കുടുംബശ്രീക്ക് ലഭിച്ച 1,050 ലക്ഷം രൂപയ്ക്ക് പുറമെ 800 ലക്ഷം രൂപ കൂടി ലഭിച്ചിട്ടുണ്ട്. ആയതിൽ 107 ലക്ഷം രൂപ കോഴിക്കോട് കോർപ്പറേഷന് നൽകിയിട്ടുണ്ട് (ഈ തുക കോഴിക്കോട് കോർപ്പറേഷനിലെ പദ്ധതികളുടെ നടത്തിപ്പിലേക്കായി നഗരസഭ വിനിയോഗിച്ചിട്ടുണ്ട്). ഈ പദ്ധതിയുടെ പോരായ്മകൾ പരിഹരിക്കുന്നതിനായി പാർപ്പിട വികസന പദ്ധതിയായ വാൽമീകി അംബേദ്കർ ആവാസ് യോജനയുമായി (വാംബെ) സംയോജിപ്പിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി.) 2005-06 സാമ്പത്തിക വർഷത്തിൽ നിലവിൽവന്നിട്ടുണ്ട്. കേരളത്തിലെ 44 മുനിസിപ്പാലികളിലും കോഴിക്കോട് കോർപ്പറേഷനിലും നടപ്പിലാക്കി വരുന്നു. കൂടാതെ സമ്പൂർണ്ണ ചേരിവികസന പദ്ധതിയായ രാജീവ് ആവാസ് യോജന

കോഴിക്കോട് ഉൾപ്പെടെയുള്ള കോർപ്പറേഷനുകളിലും കണ്ണൂർ മുനിസിപ്പാലിറ്റിയിലും നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ 2010-11 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ചു വരുന്നുണ്ട്. വരുംവർഷങ്ങളിൽ മറ്റു മുനിസിപ്പാലിറ്റികളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാനത്തിലെ ചേരികളിൽ പൂർണ്ണ വികസനം കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് രാജീവ് ആവാസ് യോജന നടപ്പിലാക്കിവരുന്നത്.

## (സി) 2006-07 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട്

ശുപാർശ

2217-05-192-84—വാൽമീകി അംബേദ്കർ ആവാസ് യോജന (വാംബേ) (50% സി. എസ്.എസ്.)

50% കേന്ദ്ര സഹായത്തോടെയുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായിരുന്ന ഇത് നഗരപ്രദേശങ്ങളിലെ ചേരികളിൽ താമസിക്കുന്നവരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കാനാണ് രൂപം നൽകിയിരുന്നത്. ഈ പദ്ധതി 2005-ൽ കേന്ദ്ര സർക്കാർ നിർത്തൽചെയ്ത് 80% കേന്ദ്ര വിഹിതവും 20% സംസ്ഥാന വിഹിതവും പ്രതീക്ഷിച്ചുകൊണ്ടുള്ള ഇന്റഗ്രേറ്റഡ് ഹൗസിംഗ് & സ്ലം ഡവലപ്മെന്റ് പ്രോഗ്രാം (ഐ.എച്ച്.എസ്.ഡി.പി.) എന്ന നൂതനപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്കീമിനുവേണ്ടി പ്രത്യേക അക്കൗണ്ട് ഹെഡ് രൂപീകരിക്കുകയോ, തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഐ.എച്ച്.എസ്.ഡി.പി.-ക്കായി പുതിയ ഹെഡ് അനുവദിച്ച് 'വാംബേ' സ്കീമിനു വേണ്ടി വകയിരുത്തിയിരിക്കുന്ന തുക മാറ്റിനൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ഐ.എച്ച്.എസ്.ഡി.പി. പദ്ധതിപ്രകാരം കുടുംബശ്രീക്ക് 2217-05-192-18 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ഫണ്ടുകൾ ലഭിക്കുന്നുണ്ട്. പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ഐ.എച്ച്.എസ്.ഡി.പി. പദ്ധതിക്കായി കുടുംബശ്രീ തുടങ്ങിയ പ്രത്യേക ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു വരുന്നു. വാൽമീകി അംബേദ്കർ ആവാസ് യോജന (വാംബേ) പദ്ധതി പ്രകാരമുള്ള തുക ഈ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

ശുപാർശ

ടോയ്‌ലറ്റുകൾ നിർമ്മിക്കാനായി ഇപ്പോൾ 2000 രൂപയാണ് നൽകിവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഈ തുക തികച്ചും അപര്യാപ്തമാണ്. ടോയ്‌ലറ്റുകൾ നിർമ്മിക്കാനായി അനുവദിക്കുന്ന തുക 7,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്രാവിഷ്കൃത പദ്ധതിയായ വാല്മീകി അംബേദ്കർ ആവാസ് യോജനയുടെ തുടർപദ്ധതിയായി 2006-07 സാമ്പത്തികവർഷം മുതൽ സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി.) നിലവിൽവന്നു. ആയതിൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി ശുപാർശ പ്രകാരം ടോയ്‌ലറ്റുകളുടെ നിർമ്മാണത്തിന് 2,500 രൂപ മുതൽ 13,000 രൂപ വരെ ഓരോ നഗരസഭകളുടെയും രൂപരേഖയുടെ അടിസ്ഥാനത്തിൽ സബ്സിഡിയായി നൽകിവരുന്നു.

**(ഡി) 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ട്**

ശുപാർശ

2501-06-197-48(01)—(പ്ലാൻ)—ഇന്ദിരാ ആവാസ് യോജന

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 75% കേന്ദ്ര സഹായമുള്ള പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം 28781 പുതിയ വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്കായി നടപ്പിലാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് അഞ്ച് വർഷം പ്രാബല്യമുള്ള വിധത്തിൽ പൊതുവായ ഒരു സ്ഥിരം വെയിറ്റിംഗ് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും ഒരു സ്ഥിരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നു.

2007-08 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി പ്രകാരം 41000 വീടുകൾ നിർമ്മിച്ചു നൽകാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിന് സംസ്ഥാന വിഹിതം (25%) വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിൽ 60% തുക പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ചെലവഴിക്കണമെന്നതാണ് വ്യവസ്ഥ. ആയതിലേക്കായി 622.95 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കമ്മിറ്റി ശുപാർശ ചെയ്തത് 622.95 ലക്ഷം രൂപയാണെങ്കിലും അധികമായി 329.90 ലക്ഷം രൂപയേ ലഭിച്ചുള്ളൂ. ഈ അധിക തുക വിനിയോഗിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2505-60-196-48

2505-60-197-48

2505-60-198-48—<u>കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

എസ്.ജി.ആർ.വൈ. പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 8,116.50 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 2,705.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2007 മാർച്ച് 30-ന് കേന്ദ്ര വിഹിതമായി 1,948.30 ലക്ഷം രൂപയും എസ്.ജി.ആർ.വൈ. പദ്ധതിയിൽ അധികമായി ലഭിച്ചു. ഇതിന് ആനുപാതികമായി 649.33 ലക്ഷം രൂപ സംസ്ഥാന വിഹിതമായി അനുവദിക്കേണ്ടതായിരുന്നു. എന്നാൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ 2006-07-ൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിച്ചതിനാൽ ഈ തുക അനുവദിക്കാൻ കഴിഞ്ഞില്ല. 2007-08-ൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതത്തിനും 2007 മാർച്ച് 30-ന് അധികമായി ലഭിച്ച കേന്ദ്ര വിഹിതത്തിനും ആനുപാതികമായി 3,354.83 ലക്ഷം രൂപയെങ്കിലും നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തേണ്ടതാണ്. ആയതിനാൽ ഈ ഇനത്തിൽ 587.83 ലക്ഷം രൂപ മേൽ സൂചിപ്പിച്ചത് മൂന്ന് ശീർഷകങ്ങളിലായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ലഭിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

2515-00-102-78—<u>വികസനത്തിനു വേണ്ടിയുള്ള ജനകീയ പ്രവർത്തനം</u>

<u>(കേരളം) (പാഡ്കെ)</u>

ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്ഥാപനമാണിത്. 1986 ഏപ്രിലിൽ തുടങ്ങിയ ഈ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം ഗ്രാമവികസന പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ്. സന്നദ്ധ സംഘടനകൾക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൗൺസിൽ ഫോർ അഡ്വാൻസ്മെന്റ് ഫോർ പീപ്പിൾസ് ആക്ഷൻ ആന്റ് റൂറൽ ടെക്നോളി (കപ്പാർട്ട്) ന്യൂഡൽഹിയിൽ നിന്നും സാമ്പത്തിക സഹായം നേടിക്കൊടുക്കുന്നതിന് സഹായിക്കുന്നതിനും കപ്പാർട്ടിൽ നിന്നും അംഗീകാരം കിട്ടിയ പദ്ധതികൾ നടപ്പിലാക്കിക്കിട്ടുന്നതിന് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഈ സ്ഥാപനം സഹായിക്കുന്നു.

സർക്കാർ ഉത്തരവ് (എം.എസ്.)343/2003/തസ്വ.ഭവ. തീയതി 17-12-2013 പ്രകാരം പാഡ്.കെ.സ്റ്റാഫ് സ്ട്രെങ്ത് കുറച്ച രീതിയിൽ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മെമ്പർ സെക്രട്ടറിയുടെ ചുമതല ഗ്രാമവികസന കമ്മീഷണറേറ്റിലെ ഒരു ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർക്ക് അധികചുമതലയായി നൽകിയിട്ടുണ്ട്. ഇതുമൂലം ഈ സ്ഥാപനത്തിന്റെ ഭരണ ചെലവുകൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 5.5 ലക്ഷം രൂപ ഭരണചെലവുകൾക്കും സെമിനാറുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72, 73, 74)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ലഭിക്കുകയുണ്ടായില്ല.

ശുപാർശ

2515-00-102-65—അട്ടപ്പാടിയുടെ സുസ്ഥിരവും സംയോജിതവുമായ സാമ്പത്തിക വികസനം

745 ച.കി.മി. വിസ്തൃതി വരുന്നതും പാരിസ്ഥിതികമായി തകർന്നടിഞ്ഞതുമായ ഒരു ഭൂപ്രദേശമാണ് അട്ടപ്പാടി. ഇതിൽ 507 ച.കി.മി. പ്രദേശം തരിശുഭൂമിയാണ്. വ്യാപകമായ വനനശീകരണം, മണ്ണൊലിപ്പ്, ജലദൗർലഭ്യം, കൃഷിനാശം തുടങ്ങിയ പ്രശ്നങ്ങൾ അട്ടപ്പാടി ഭൂപ്രദേശത്തിന്റെ മുഖമുദ്ര തന്നെയായിക്കഴിഞ്ഞു. പരിസ്ഥിതിശോഷണം ഇവിടെ മരുഭൂമിക്ക് സമാനമായ അന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു. അട്ടപ്പാടിയുടെ ക്ഷയോന്മുഖമായ അവസ്ഥയ്ക്കു കാരണമായ പരിസ്ഥിതി പ്രശ്നങ്ങൾ വളരെ ഗുരുതരമായി ബാധിച്ചിരിക്കുന്നത് അട്ടപ്പാടിയിലെ ആദിവാസികളേയും കുടിയേറ്റക്കാരായ സാധാരണക്കാരേയുമാണ്. ഈ സാഹചര്യങ്ങളാണ് അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ രൂപീകരിക്കണത്തിന് കാരണമായിത്തീർന്നത്.

ക്ഷയോന്മുഖമായ തരിശുഭൂമിയുടെ വികസനം മണ്ണ്-ജലം-ജൈവ വ്യവസ്ഥകളുടെ സംരക്ഷണവും വികസനവും എന്നിവയും അതോടൊപ്പം ആദിവാസികൾക്ക് സ്ഥിരമായി തൊഴിലവസരങ്ങളും ഉപജീവനമാർഗ്ഗവും ലഭിക്കത്തക്കരീതിയിലുള്ള വികസനം സാധ്യമാക്കുക എന്നതുമാണ് പദ്ധതിയുടെ ആത്യന്തികലക്ഷ്യം. അട്ടപ്പാടി ഹിൽസ് ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

ആസൂത്രണത്തിലും നിർവ്വഹണത്തിലും പൂർണ്ണമായ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി ഗുണഭോക്തൃ സംഘം സംയുക്ത വനപരിപാലന സമിതികൾ, ഊരു വികസന സമിതികൾ, തായ്ക്കുല സംഘങ്ങൾ, വരുമാനദായക സംഘങ്ങൾ എന്നിങ്ങനെ ജനകീയ സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വ്യാപകമായ വനനശീകരണവും ഭീമമായ രീതിയിലുള്ള മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗവും വെള്ളത്തിന്റെ സംഭരണശേഷി ഇല്ലായ്മയും അട്ടപ്പാടിയുടെ ഇക്കോ സിസ്റ്റം പാടെ താറുമാറാക്കി യിരിക്കുകയാണ്.

പീരുമേട്, അട്ടപ്പാടി, സൈലന്റ് വാലി എന്നിവിടങ്ങൾ അമൂല്യമായ നിരവധി ഔഷധ സസ്യങ്ങളുടെ കലവറയാണ്. ഇത് തിരിച്ചറിഞ്ഞ് ആദിവാസികൾതന്നെ ഇതിന്റെ സംരക്ഷണച്ചുമതല ഏൽക്കുന്ന രീതിയിൽ ശാസ്ത്രീയമായ ഒരു പഠനം നടത്തേണ്ടതുണ്ട്.

ആദിവാസികൾക്കുവേണ്ടി ചെലവഴിക്കേണ്ട തുക അവർക്കുവേണ്ടിത്തന്നെ ചെലവഴിക്കുന്നുണ്ടോയെന്നും ഇക്കോസിസ്റ്റം നല്ലരീതിയിൽ നിലനിറുത്തിക്കൊണ്ടുതന്നെ ആദിവാസികളുടെ ജീവിതപ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ, പുറത്തു നിന്നും കുടിയേറിയവരുടെ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കപ്പെടുന്നുണ്ടോയെന്നും പഠിക്കേണ്ടതുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അമൂല്യ ഔഷധ സസ്യങ്ങളുടെ സംരക്ഷണവും ഉപയോഗവും ഉറപ്പുവരുത്തി മറ്റു കൃഷികളോടൊപ്പം ഔഷധക്കൃഷി പ്രോത്സാഹിപ്പിക്കുവാനും, ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി ഉപദേശം തരാൻ കഴിവുള്ള ആൾ എന്ന നിലയിൽ ശ്രീ. എം. എസ്. സ്വാമിനാഥന്റെ അഭിപ്രായം അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ഒരു പഠനം നടത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75, 76, 77, 78, 79)

## സർക്കാർ സ്വീകരിച്ച നടപടി

അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ ധനസഹായത്തോടെ കേരള സർക്കാരിന്റെ ഗ്രാമവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സമയബന്ധിത പദ്ധതിയാണ്. 219 കോടി രൂപയാണ് പ്രത്യേക പദ്ധതിയുടെ അടങ്കൽ തുക. അട്ടപ്പാടിയുടെ നാശോന്മുഖമായ പരിസ്ഥിതി പുനഃസ്ഥാപിക്കുക, പരിസ്ഥിതിക്ക് ഇണങ്ങുന്ന സുസ്ഥിര ജീവനോപാധികൾ, തദ്ദേശ സമൂഹത്തിനുവേണ്ടി പ്രത്യേകിച്ചും ആദിവാസി സമൂഹത്തിന് പ്രത്യേക ഊന്നൽനൽകി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നിവയായിരുന്നു പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ.

ഈ പദ്ധതിയുടെ എടുത്തുപറയാവുന്ന ഏറ്റവും വലിയ പ്രത്യേകത ജനപങ്കാളിത്തമാണ്. 581 ജനകീയ സമിതികളിലായി 5000-ൽപ്പരം ആളുകൾ നേരിട്ട് ഭാരവാഹികളായി പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. അതായത് അട്ടപ്പാടിയിലെ ജനസംഖ്യയിലെ പത്തിലൊരാൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ജനകീയ സമിതിയുടെ ഭാരവാഹിയായി നേരിട്ട് പ്രവർത്തനങ്ങളിൽ പാങ്കാളിയായിരിക്കുന്നു. അതിൽ 63 ശതമാനം സ്ത്രീകളാണെന്നതും 83 ശതമാനം പട്ടികവർഗ്ഗക്കാരാണെന്നതും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഇത്തരത്തിൽ ജനകീയ സമിതികൾ പ്രവർത്തനം നടത്തുന്നത് 49 ശതമാനം ശരാശരി സാക്ഷരതയും അതിൽത്തന്നെ 38 ശതമാനം ആദിവാസി സാക്ഷരതയുമുള്ള ഒരിടത്താണെന്നതും, ലക്ഷക്കണക്കിന് രൂപയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ ഇവർക്ക് കഴിയുന്നു എന്നുള്ളതും പദ്ധതിയുടെ വിജയം സൂചിപ്പിക്കുന്നു. 1996-ൽ തുടങ്ങിയ പദ്ധതിയുടെ ഫീൽഡ്തല പ്രവർത്തനങ്ങൾ ആരംഭിച്ചത് 2000 ഏപ്രിൽ 22-നാണ്. തുടക്കത്തിൽ വിവിധ ഗുണഭോക്തൃ സംഘങ്ങളുടെ രൂപീകരണവും ജനകീയ സമിതികളെ വിപുലപ്പെടുത്തിക്കൊണ്ടുള്ള പരിസ്ഥിതി പുനഃസ്ഥാപനവും ലക്ഷ്യമാക്കിയിരുന്നത് വനവൽക്കരണ-മണ്ണു-ജലസംരക്ഷണ-തരിശുഭൂമി കാർഷിക വികസന പ്രവർത്തനങ്ങളായിരുന്നു.

എന്നാൽ അട്ടപ്പാടിയിലെ ജനങ്ങൾ അവരുടെ അടിയന്തിര ആവശ്യങ്ങളായ പാർപ്പിടം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹ്യ ഘടകങ്ങൾ കൂടി നിറവേറ്റി കൊടുക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ഈ ഘടകങ്ങൾകൂടി ഉൾപ്പെടുത്തി 2002-ൽ ജെ.ബി.ഐ.സി.-യുടെ അംഗീകാരത്തോടുകൂടി പദ്ധതി പുനർഘടന നടത്തി. ഇതിന്റെ ഗുണഫലങ്ങൾ 60 ശതമാനത്തിലേറെയും കിട്ടിയത് തദ്ദേശവാസികളായ ആദിവാസികൾക്കാണ്. പദ്ധതി പ്രവർത്തനങ്ങൾവഴി പദ്ധതി പ്രദേശത്ത് 38 ലക്ഷത്തോളം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 60 ശതമാനത്തോളം തൊഴിൽ ലഭ്യമാക്കിയിട്ടുള്ളത് തദ്ദേശവാസികളായ ആദിവാസികൾക്കാണ്. 2002-ൽ നവംബർ 17-ന് രാഷ്ട്രപതി സമ്പൂർണ്ണ ഊര് വികസന പരിപാടി ഉദ്ഘാടനം ചെയ്യുകയും ഇതുവഴി 1032 വീടുകൾ നിർമ്മിച്ചു.

ഒരു കാലത്ത് വനനശീകരണം കൊണ്ട് മൊട്ടക്കുന്നുകളായ അട്ടപ്പാടി ഇപ്പോൾ മണ്ണു-ജല സംരക്ഷണ വനവൽക്കരണ പ്രവർത്തനങ്ങൾ വഴി പ്രദേശത്തിന്റെ നഷ്ടപ്പെട്ട പാരിസ്ഥിതികത വീണ്ടെടുത്തുകൊണ്ടിരിക്കുകയാണ്. 8897.26 ഹെക്ടർ സ്ഥലത്ത് വനവൽക്കരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 10000 ഹെക്ടറോളം തരിശുഭൂമിയിൽ പദ്ധതിവഴി നട്ടുപിടിപ്പിച്ച മുപ്പത്തഞ്ച് ലക്ഷത്തോളം മരങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. 7 വർഷം മുതൽ 1 വർഷം വരെ പ്രായം വരുന്നവയാണ് ഈ മരങ്ങൾ. പതിനാലായിരം ഹെക്ടറോളം സ്ഥലത്ത് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 4135 ചെക്ക് ഡാമുകൾ അയ്യായിരം ഹെക്ടറോളം സ്ഥലത്ത് കാർഷിക വനവൽക്കരണ പ്രവർത്തനങ്ങൾ, 5 ഗുണഭോക്തൃ സംഘങ്ങളിലായി നഴ്സറി പ്രവർത്തനങ്ങൾ, 6227 ഹെക്ടർ സ്വകാര്യ തരിശുഭൂമിയിൽ മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ, കാർഷിക വനവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജനകീയ സമിതികളിലൂടെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജനകീയ സമിതികളിലൂടെ 3.34 മില്യൺ തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സെറിക്കൾച്ചർ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി 41.70 ഹെക്ടർ സ്ഥലത്ത് അഹാഡ്സും സെൻട്രൽ സിൽക്കാ ബോർഡും സംയുക്തമായി പ്രവർത്തിച്ച് ഇതുവരെയായി 17560 കി.ഗ്രാം കൊക്കൂൺ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 664 ഹെക്ടർ സ്ഥലത്ത് പാരമ്പര്യ കൃഷിരീതികൾ പ്രോൽസാഹിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 1854 ഗുണഭോക്താക്കൾക്ക് (1532 ഗുണഭോക്താക്കൾ പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്) തരിശുഭൂമി ഉഴുത് കൃഷിക്ക് ഉപയുക്തമാക്കി നൽകിയിട്ടുണ്ട്. ആദിവാസികൾക്കുവേണ്ടി 90 ഊരുകളിൽ സാക്ഷരത ക്ലാസുകൾ, 33 സാമൂഹ്യ വിഭവ കേന്ദ്രങ്ങൾ, ഒരു വർഷം 750-ഓളം പ്രവർത്തികളും 1000-ത്തോളം മാനവവിഭവശേഷി വികസനവുമായി ബന്ധപ്പെട്ട വിവിധ ബോധവൽക്കരണ പരിപാടികളും, പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നുണ്ട്. കഞ്ചാവിനും ചാരായത്തിനും എതിരെയുള്ള തായ്ക്കുല സംഘങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ എല്ലാം അട്ടപ്പാടിയിലെ ആദിവാസികളെ മുഖ്യധാരയിലേക്ക് പ്രവേശിക്കാൻ വഴിതെളിയിച്ചിട്ടുണ്ട്. ഇവരുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസികൾക്കായി നീക്കിവെയ്ക്കുന്ന പദ്ധതികളും വരുമാനമാർഗ്ഗങ്ങളും ആനുകൂല്യങ്ങളും ഇവർക്കുതന്നെ ലഭ്യമാക്കി കൊടുക്കുന്നതിൽ അഹാഡ്സ് കൈവരിച്ച നേട്ടം ശ്രദ്ധേയമാണ്. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളുടെ ഫലമായി അട്ടപ്പാടി പരിസ്ഥിതിയിലും സാമൂഹ്യസ്ഥിതിയിലും വലിയ മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞിട്ടുണ്ട്. വറ്റിപ്പോയ ചോലകളുടെ പുനരുജ്ജീവനം, ഭൂഗർഭ ജലനിരപ്പിന്റെ ഉയർച്ച, തൊഴിൽ ലഭ്യത, ബാലവേല നിർമ്മാർജ്ജനം,

പ്രാദേശിക സമൂഹങ്ങൾക്കിടയിൽ പ്രത്യേകിച്ചും ആദിവാസി സ്ത്രീമേഖലയിൽ നേതൃത്വശേഷി വികസനം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇത്തരം പ്രവർത്തനങ്ങളിൽ നിന്നുള്ള പ്രത്യക്ഷ ഗുണങ്ങളിൽ 56 ശതമനത്തിലേറെയും അട്ടപ്പാടിയിലെ ജനസംഖ്യയിൽ 42 ശതമാനത്തോളം വരുന്ന ആദിവാസികൾക്കാണ് ലഭിച്ചിട്ടുള്ളത്. അഹാഡ്സിൽ സർക്കാർ സൃഷ്ടിച്ച 121 തസ്തികകളിൽ നിയമിതരായ 112 പേരിൽ 22 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും 11 പേർ പട്ടികജാതിക്കാരുമാണ്. കൂടാതെ വളണ്ടിയർ, സോഷ്യൽ കൺസൾട്ടന്റ്, ടെക്നിക്കൽ കൺസൾട്ടന്റ്, സാക്ഷരതാ ഇൻസ്ട്രക്ടർ തുടങ്ങിയ 400 പേരിൽ 108 പേർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരാണ്.

അഹാഡ്സിൽ കാർഷിക വനവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഔഷധ സസ്യസംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നുണ്ട്. ഇതുപ്രകാരം വിവിധ ഗുണഭോക്തൃ സംഘപ്രദേശത്ത് 11 ഹെക്ടറോളം സ്ഥലത്ത് ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിച്ച് സംരക്ഷിച്ചുപോരുന്നുണ്ട്. കൂടാതെ പദ്ധതിപ്രദേശത്ത് വനസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിലുള്ള ഔഷധ സസ്യങ്ങൾ മറ്റു കാർഷിക-വനവൽക്കരണ പ്രവർത്തനങ്ങളോടാപ്പം സംരക്ഷിക്കപ്പെടുന്നുമുണ്ട്.

കൂടാതെ 'ആത്മ' എന്നൊരു സംഘടന അട്ടപ്പാടിയിൽ ആദിവാസി പാരമ്പര്യ വൈദ്യ ചികിത്സയ്ക്കായി പ്രവർത്തിച്ചുവരുന്നുണ്ട്. അമൂല്യങ്ങളായ ഔഷധസസ്യങ്ങൾക്കും അവയെ ആസ്പദമാക്കിയുള്ള ആദിവാസി ചികിത്സാരീതികൾക്കും പേരുകേട്ട പ്രദേശമാണ് അട്ടപ്പാടി. അട്ടപ്പാടിയിലെ ഇരുളർ, മുഡുഗർ, കുറുമ്പർ എന്നീ ഗോത്രവിഭാഗങ്ങളാണ് തലമുറകളായി ഈ ചികിത്സാ വിധികൾ ചെയ്തുവരുന്നത്. ഇപ്പോൾ ഈ വൈദ്യ പാരമ്പര്യം പലതരത്തിലുള്ള ഭീഷണികൾ നേരിടുന്നുണ്ട്. വനനശീകരണംമൂലം ഔഷധ സസ്യങ്ങളുടെ ലഭ്യത കുറഞ്ഞതും ആധുനിക ചികിത്സാരീതികളോടുള്ള അന്ധമായ വിധേയത്വവും ആദിവാസികളുടെ പുതുതലമുറകൾക്ക് പാരമ്പര്യ വിജ്ഞാനങ്ങളോട് ആഭിമുഖ്യം കുറഞ്ഞതും അവയിൽ ചിലതാണ്. അതേസമയം പല മാറാരോഗങ്ങൾക്കു പോലും ഗോത്ര ചികിത്സാരീതിയിൽ പ്രതിവിധി ഉണ്ടെന്ന് ഇതിനകം തെളിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് അട്ടപ്പാടിയിലെ പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ അഹാഡ്സിന്റെ (അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി) സഹായത്തോടുകൂടിയും ആദിവാസി ചികിത്സയെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയും ആത്മ എന്ന സംഘടന രൂപീകരിച്ചത്. ആദിവാസി പാരമ്പര്യ വൈദ്യചികിത്സകരാണ് ഈ സംഘടനയിലെ അംഗങ്ങൾ.

ശുപാർശ

2215-00-102-49—ഗ്രാമീണ ഉൽപ്പന്നങ്ങളുടെ വിപണനത്തിനു വേണ്ടി സംസ്ഥാനതല കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ധനസഹായം

എസ്.ജി.എസ്.വൈ.-യുടെ മാർഗ്ഗനിർദ്ദേശപ്രകാരം പശ്ചാത്തലസൗകര്യ വികസനത്തിനും പ്രത്യേകിച്ച് ഗ്രാമീണ സ്വയംസഹായ സംഘങ്ങളുടെ ഉൽപ്പന്ന വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിഹിതം വിനിയോഗിക്കാവുന്നതാണ്. എന്നാൽ മാർഗ്ഗനിർദ്ദേശപ്രകാരം ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും മാത്രമേ അടിസ്ഥാന

സൗകര്യ വിപുലീകരണത്തിന് ഈ പദ്ധതിയിൽ നിന്ന് തുക ചെലവഴിക്കാൻ വ്യവസ്ഥയുള്ളൂ. സംസ്ഥാനതല പശ്ചാത്തല വികസനത്തിന് മാർഗ്ഗനിർദ്ദേശപ്രകാരം അനുവദനീയമല്ല. ഗ്രാമീണ ഉല്പന്നങ്ങളുടെ സംസ്ഥാനതല വിപണന കേന്ദ്രം തിരുവനന്തപുരത്ത് തുടങ്ങുന്നതിനായി 2 ലക്ഷം രൂപ വിഹിതമായി വകയിരുത്തിയിരിക്കുന്നു. കേരളാ റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ്-സൊസൈറ്റിയുടെ കീഴിൽ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

മേല്പ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ 23 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80, 81)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ലഭിച്ചില്ല.

ശുപാർശ

2501-06-800-99—കേരള ഗ്രാമ വികസന വിപണന സംഘം (കേരംസ്)

ഈ ശീർഷകത്തിൻകീഴിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ 15 ലക്ഷം രൂപ ഈ സംഘത്തിന്റെ പ്രവർത്തനത്തിന് ആവശ്യമാകയാൽ ആയത് ഈ സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ലഭിക്കുകയുണ്ടായില്ല.

ശുപാർശ

2515-00-001-50-01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ഈ ശീർഷകത്തിൻകീഴിൽ വകയിരുത്തിയിട്ടുള്ള 28,000 രൂപ അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി

2.10 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ ലഭിക്കുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2515-00-001-50-01-4—യാത്രാബത്ത

ഈ ശീർഷകത്തിൻകീഴിൽ 3,50,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.05 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ ലഭിക്കുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

2515-00-001-49-01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

7 ലക്ഷം രൂപ അധിക വിഹിതമായി ശുപാർശ ചെയ്തിരുന്നുവെങ്കിലും 0.41 ലക്ഷം രൂപയാണ് ലഭിച്ചത്. ഈ തുക വിനിയോഗിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2515-00-001-49-01-4—യാത്രാബത്ത

ഈ ശീർഷകത്തിൻകീഴിൽ 6.5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും ലഭിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

2515-00-001-48-01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ഈ ശീർഷകത്തിൻകീഴിൽ 3.4 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തിരുന്നു. 3.69 ലക്ഷം രൂപ അധികമായി ലഭിക്കുകയും വിനിയോഗിക്കുകയും ചെയ്തു.

<u>ശുപാർശ</u>

2515-00-001-48-01-4—യാത്രാബത്ത

ഈ ശീർഷകത്തിൻകീഴിൽ 2.75 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സർക്കാർ സ്വീകരിച്ച നടപടി

2.75 ലക്ഷം രൂപ അധികമായി നൽകാൻ ശുപാർശ ചെയ്തിരുന്നെങ്കിലും അധികമായി തുകയൊന്നും ലഭ്യമായില്ല.

ശുപാർശ

സംസ്ഥാനത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ, പ്രത്യേകിച്ചും ഭവന നിർമ്മാണ പദ്ധതികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പട്ട ഗുണഭോക്താക്കളെ ആവശ്യത്തിന് കണ്ടെത്താൻ കഴിയാതെ വരുന്ന സന്ദർഭത്തിൽ പൊതുവിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ആവശ്യത്തിന് സാമ്പത്തിക സഹായം നൽകാൻ കഴിയാതെ വരുന്ന അവസ്ഥ നിലനിൽക്കുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് പൊതു വിഭാഗത്തിൽപ്പെടുന്ന അർഹതയുള്ള ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുവാൻ കഴിയുംവിധം പദ്ധതിയിൽ മാറ്റങ്ങൾ വരുത്തുവാൻ ഉള്ള അധികാരം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സർക്കാർ സ്വീകരിച്ച നടപടി

ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുമ്പോൾ ഓരോ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾ 60 ശതമാനം എന്ന നിബന്ധന പാലിക്കേണ്ടതില്ലെന്നും പകരം ജില്ലാതലത്തിൽ ടി നിബന്ധന പാലിച്ചാൽ മതിയാകും എന്ന നിർദ്ദേശം കേന്ദ്ര സർക്കാർ നല്കിയിട്ടുണ്ട്.

ശുപാർശ

**എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ**

ഗ്രാമവികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയിൽ ഒന്നും തന്നെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും അവ പരിഹരിക്കുന്നതിന് വേണ്ട നടപടികളെയുംകുറിച്ച് പഠനമൊന്നുംതന്നെ നടത്തുന്നില്ല.

ആയതിനാൽ മണ്ണുത്തിയിലുള്ള എക്സ്റ്റൻഷൻ സെന്ററിനെയെങ്കിലും അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുമായി ടൈ-അപ്പ് ചെയ്ത് കാർഷിക മേഖലയിലെ പ്രശ്നങ്ങളുമായും അവ സൃഷ്ടിക്കുന്ന സാമൂഹികവും, കുടുംബപരവും മനുഷ്യബന്ധപരവുമായ പ്രശ്നങ്ങളെ ശാസ്ത്രീയമായി മനസ്സിലാക്കുവാനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും കഴിയുന്ന ആധുനിക സംവിധാനമായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ. 90, 91)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മണ്ണുത്തി ഇ.ടി.സി.യെ കാർഷിക മേഖലയിലെ പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്ന ഒരു ആധുനിക സംവിധാനമാക്കി ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശുപാർശ</u>

**വാട്ടർ ഷെഡ് സ്കീമുകൾ**

വാട്ടർ ഷെഡ് സ്കീമുകൾ നടപ്പിലാക്കുന്നതനുസരിച്ച് സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് കൂടുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വാട്ടർ ഷെഡ് സ്കീമുകളുടെ മോണിറ്ററിംഗിന് ശാസ്ത്രീയമായി സംവിധാനം ആവശ്യമാണ് എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ സംയോജിപ്പിച്ച് വാട്ടർ ഷെഡ് പ്രോഗ്രാമുകൾ അടിയന്തരമായി മോണിട്ടർ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

രാജ്യത്ത് നിലവിലുണ്ടായിരുന്ന നീർത്തട വികസന പദ്ധതികൾ (ഹരിയാലി, ഐ.ഡബ്ല്യൂ.എം.പി.) എന്നിവ സംയോജിപ്പിച്ചുകൊണ്ട് സംയോജിത നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ല്യൂ.എം.പി.) 2009-ൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ നിർവഹണത്തിനും മോണിറ്ററിംഗിനുമായി State Level Nodel Agency (SLNA) ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി സാങ്കേതിക സഹായ സംഘടനകൾ(TSO) ലാന്റ് യൂസ് ബോർഡ്, സോയിൽ സർവ്വേ ഡിപ്പാർട്ട്മെന്റ്, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റികൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് നീർത്തട പദ്ധതികളുടെ മോണിറ്ററിംഗ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**(ഇ) 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ മൂന്നാമത് റിപ്പോർട്ട്**

<u>ശുപാർശ</u>

2217-05-001-66—<u>ടൗൺ പ്ലാനിംഗ്</u>

തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്ന ഇന്റർനാഷണൽ സിറ്റി മാനേജ്മെന്റ് അസോസിയേഷൻ (ഐ.സി.എം.എ.) ആണ് സംസ്ഥാനത്ത് ടൗൺ പ്ലാനിംഗ് നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യഘട്ടമായി വകുപ്പിലെ ഉദ്യോഗസ്ഥർ ഹൈദ്രാബാദ്, ജയ്പ്പൂർ, ബാംഗ്ലൂർ എന്നീ നഗരങ്ങൾ സന്ദർശിക്കുകയും തലസ്ഥാന നഗരം ഈ നഗരങ്ങളുമായി പ്ലിൻ ചെയ്യുന്നതിനുള്ള പഠനം നടത്തുകയും ചെയ്യുന്നു. കാലിക പ്രാധാന്യമുള്ള ഈ സ്കീമിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 10 ലക്ഷം രൂപയെങ്കിലും ഈ ഹെഡ്ഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

തുക വകയിരുത്തി ലഭ്യമായില്ല.

ശുപാർശ

കേരള പഞ്ചായത്തി രാജ് ആക്ടും മുനിസിപ്പാലിറ്റി ആക്ടും പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ദീർഘകാലാടിസ്ഥാനത്തിൽ വികസന രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷം കഡസ്ട്രൽ ഭൂപടം തയ്യാറാക്കൽ, ഡിജിറ്റലൈസേഷൻ, ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായി 30 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് ആവശ്യമായി വരുന്ന തുക യുക്തമായ മാർഗ്ഗത്തിലൂടെ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

തുക വകയിരുത്തി ലഭ്യമായില്ല.

ശുപാർശ

നഗരകാര്യാലയത്തിന്റെ കീഴിലുള്ള വിവിധ ഓഫീസുകളുടെ ചെലവിനും ഇന്ധന ബത്തയ്ക്കും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 4,65,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

കൂടുതൽ തുക വകയിരുത്തി ലഭിച്ചിട്ടില്ല. എങ്കിലും റീ അപ്രോപ്രിയേഷൻ മുഖേന തുകകൾ ലഭ്യമാക്കി ഇനം മൂന്നിൽ പ്രതിപാദിക്കുന്ന ആവശ്യങ്ങൾ 2008-09-ൽ നിറവേറ്റി.

ശുപാർശ

മുഖ്യ നഗരാസൂത്രണ ഓഫീസ്, റീജിയണൽ ഓഫീസ് എന്നിവിടങ്ങളിലെ ജീവനക്കാർക്ക് യാത്രാബത്ത, ഓഫീസ് ചെലവ്, ഇന്ധന ചെലവ് എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8,72,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

മേഖലാ ഓഫീസിലേക്ക് യാത്രാബത്ത തുടങ്ങിയ ആവശ്യങ്ങൾക്ക് ഫണ്ട് പൂർണ്ണമായി കണ്ടെത്താനാകാത്തതുകാരണം കുടിശ്ശിക ഇപ്പോഴും തുടരുന്നു.

ശുപാർശ

2217-05-800-89—ജവഹർലാൽ നെഹ്രു ദേശീയ നഗരനവീകരണ മിഷൻ (JnNURM)

ദ്രുതഗതിയിലുള്ള നഗരവൽക്കരണംമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് ജവഹർലാൽ നെഹ്രു ദേശീയ നഗരനവീകരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം.) ഇതിനു കേന്ദ്ര വിഹിതം 80% ഉം നഗരസഭകളുടെ വിഹിതം 10 ശതമാനം വീതവുമാകുന്നു. തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ അതിവേഗത്തിലുള്ള ആസൂത്രിത വികസനം ഉറപ്പു വരുത്തുകയാണ് ജെ.എൻ.എൻ.യു.ആർ.എം.-ന്റെ ഉദ്ദേശ്യം. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ ശുദ്ധജല വിതരണം, ദ്രവമാലിന്യ നിർമ്മാർജ്ജനം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കൊച്ചി നഗരസഭയുടെ പദ്ധതി വിഹിതത്തിന്റെ സംസ്ഥാന വിഹിതം 30% ആയതിനാൽ അതുകൊണ്ടുവരുന്ന അധിക ബാദ്ധ്യത ഏറ്റെടുക്കുന്നതിന് 17.40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

തുക അധികമായി വകയിരുത്തി ലഭിച്ചില്ല.

ശുപാർശ

നടപ്പു സാമ്പത്തിക വർഷം തലസ്ഥാന മേഖലാ വികസന പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള (തിരുവനന്തപുരം ബസ് ടെർമിനൽ വികസനം, നഗര റോഡുകളുടെ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ, കുടിവെള്ള പദ്ധതി, ആധുനിക വഴിവിളക്കു സ്ഥാപിക്കൽ) 598.99 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതം 6,102 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

ശുപാർശയിന്മേൽ അധികമായി തുക വകയിരുത്തി ലഭിച്ചില്ല.

ശുപാർശ

സുസ്ഥിര നഗര വികസനത്തിനുവേണ്ടി വിവിധ ഏജൻസികൾവഴി (JnNURM, ADB) നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുംവേണ്ടി ഒരു ഉന്നതതല നിരീക്ഷണ ഏജൻസി രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം സർക്കാർ ഉത്തരവ് 10-8-2009-ലെ സ.ഉ.(കൈ) നമ്പർ 334/2009/ധനകാര്യ വകുപ്പ് പ്രകാരം ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ശുപാർശ

2215-00-800-86—ത്രിതല പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് ആപ്ലിക്കേഷൻ വിന്യസിക്കുന്നതിനും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും കംപ്യൂട്ടറൈസേഷന്റെ രണ്ടും മൂന്നും ഘട്ടം നടപ്പിലാക്കുന്നതിനും ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന രണ്ടു കോടി രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി വകയിരുത്തണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചു കിട്ടിയില്ല.

ശുപാർശ

**കേരള ഗ്രാമീണ റോഡ് വികസന ഏജൻസി-കെ.എസ്.ആർ.ഡി.എ.**

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന, ദേശീയ പാത നിലവാരത്തിലുള്ള റോഡുകൾ നിർമ്മിച്ച് ആവാസകേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. ഗ്രാമീണ ജനതയുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനമാണ് ഇതിന്റെ ലക്ഷ്യം. നൂറു ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. എന്നാൽ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും കരാറുകാരുമായി ഉണ്ടാകുന്ന വ്യവഹാര പ്രകാരം അവയ്ക്കുള്ള നഷ്ടപരിഹാരം നൽകുന്നതും സംസ്ഥാന സർക്കാരാണ്. ഇതിലേക്കായി വക കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 31 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

2008-09 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2515-00-001— ഭരണവും നടത്തിപ്പും

മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, യാത്രാ ബത്ത ഇനങ്ങളിൽ മുൻ വർഷത്തെ കുടിശ്ശികയുൾപ്പെടെ കൊടുത്ത് തീർക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 18.44 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം 19.34 ലക്ഷം രൂപ അധികമായി അനുവദിക്കുകയും ഈ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

പ്രയുക്ത പോഷകാഹാര പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന തുക ഡി.എ. വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 20.89 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തിരുന്ന അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2515-00-102-78—വികസനത്തിനുവേണ്ടിയുള്ള ജനകീയ പ്രവർത്തനം (കേരളം)

വികസനത്തിനുവേണ്ടിയുള്ള ജനകീയ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുകയായ 7 ലക്ഷം രൂപ, കുടിശ്ശികയും റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരമുള്ള 3 ലക്ഷം രൂപ അധികമായി അനുവദിക്കുകയും ഈ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

ഇന്ദിരാ ആവാസ് യോജനയുടെ ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിലാണ് വഹിക്കേണ്ടത്. ഈ പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം കേരളത്തിനുള്ള കേന്ദ്ര വിഹിതമായി 10805.52 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനായുള്ള സംസ്ഥാന വിഹിതം പൊതു വിഭാഗം, എസ്.സി.പി., ടി.എസ്.പി. എന്നീ 3 വിഭാഗങ്ങളിലായി 2834 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 41164 വീടുകളുടെ നിർമ്മാണം ലക്ഷ്യമിട്ടിരിക്കുന്ന പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി സംസ്ഥാന വിഹിതമായി നൽകേണ്ട ബാക്കി തുകയായ 767.85 ലക്ഷം രൂപ കൂടി ഉചിതമായ മാർഗ്ഗത്തിലൂടെ കണ്ടെത്തി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

ഇന്ദിരാ ആവാസ് യോജന പദ്ധതിക്കായി പൊതു വിഭാഗത്തിൽ 1223.75 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 943.90 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 188.78 ലക്ഷം രൂപയും ചേർത്ത് ആകെ 2356.43 ലക്ഷം രൂപ അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**(എഫ്) 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ നാലാമത് റിപ്പോർട്ട്**

ശുപാർശ

2217-01-800-99—തലസ്ഥാന നഗരവികസന പദ്ധതി

പൂവാർ-വഴിമുക്ക് ഭാഗത്തെ 12 കിലോമീറ്റർ വരുന്ന റോഡ്, ഡി.പി.ഐ., പൂജപ്പുര റോഡ് എന്നിവ വീതി കൂട്ടുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചെലവുകൾക്കുമായി 5 കോടി രൂപ വീതം ട്രിഡയ്ക്ക് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

തുക ട്രിഡയ്ക്ക് ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിനെയാണ് ഇപ്പോൾ ടി റോഡിന്റെ ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

ശുപാർശ

PMGSY പദ്ധതിക്ക് സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേക ശീർഷകമില്ല. ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന ജോലികളുടെ ടെണ്ടർ എക്സസ് വഹിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. പ്രസ്തുത തുക നൽകണമെങ്കിൽ ബഡ്ജറ്റിൽ ഇതിനായി ഒരു പ്രത്യേക ശീർഷകം ആവശ്യമാണ്. ആയതിനാൽ "State Contribution to PMGSY" എന്ന ഒരു പുതിയ ശീർഷകം ബഡ്ജറ്റിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ യൂട്ടിലിറ്റികൾ, (വൈദ്യുതി, ജലം, ടെലിഫോൺ ലൈനുകൾ) മാറ്റി സ്ഥാപിക്കുന്നതിനുവരുന്ന ചെലവുകൾ സർക്കാർ വഹിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

PMGSY പദ്ധതി സംസ്ഥാന വിഹിതമായി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇതിനായി ബഡ്ജറ്റിൽ ശീർഷകം 4515-00-800-98 (പദ്ധതി) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**(ജി) 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട്**

ഖണ്ഡിക 1 മുതൽ 50 വരെയും, 55 മുതൽ 58 വരെയും, 63 മുതൽ 66 വരെയും, ഖണ്ഡിക 68, ഖണ്ഡിക 80 മുതൽ 83 വരെയും 87 മുതൽ 90 വരെയും ഖണ്ഡിക 92, 93 എന്നിവയിലെയും ശുപാർശകളിന്മേൽ ഗവ. സ്വീകരിച്ച നടപടികളുടെ വിവരം സമിതിയുടെ 2012 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ച 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൺ ടേക്കൺ റിപ്പോർട്ടിൽ [ചട്ടം 236(5)] ഉൾപ്പെടുത്തിയിട്ടുണ്ട്.

**(എച്ച്) 2003-2004 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ മൂന്നാമത് റിപ്പോർട്ട്**

ശുപാർശ

2216-01-106-99 —ഭരണവും നടത്തിപ്പും—2059—പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം

ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്ന 217.13 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ മറ്റ് ശീർഷകത്തിൽ അധികമായി ആവശ്യമുള്ള തുകകൾക്ക് ആനുപാതികമായി ഈ ശീർഷകത്തിൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയ 217.13 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളു. ഈ കാലയളവിലെ കടുത്ത സാമ്പത്തിക അച്ചടക്ക നടപടികൾ മൂലമാണ് ഇപ്രകാരം സംഭവിച്ചത്.

ശുപാർശ

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് ചെറുകിട മരാമത്തുകൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ചെറുകിട മരാമത്തുകൾക്കായിട്ടാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിക്കുന്നത്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 45 ലക്ഷം രൂപ തീരെ കുറവാണെന്നും ചെറുകിട മരാമത്ത് പണികൾക്കും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാൻ വേണ്ടിയും 25 ലക്ഷം രൂപ കൂടി ആവശ്യമാണെന്നും സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ 25 ലക്ഷം രൂപ കൂടി അധികമായി യുക്തമായ മാർഗ്ഗത്തിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശുപാർശ

2216-01-106-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

(01)—സാധാരണ അറ്റകുറ്റപ്പണികൾ

(02)—പ്രത്യേക അറ്റകുറ്റപ്പണികൾ

(03)—വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം

ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 837.50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പല സർക്കാർ ക്വാർട്ടേഴ്സുകൾക്കും ഗണ്യമായ തോതിൽ അറ്റകുറ്റപ്പണികൾ നടത്താനുള്ളതുകൊണ്ട് ഈ തുക മതിയാവുകയില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയുടെ പുറമെ 500 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ 145.33 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ വർഷം അനുവദിച്ച 145.33 ലക്ഷം രൂപ ഉൾപ്പെടെ 440 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിച്ച 145.53 ലക്ഷം രൂപയിൽ 15.09 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളു.

ശുപാർശ

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ച 57.85 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2216-03-104-99(01)—സർക്കാർ ജീവനക്കാരുടെ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ

ഈ ഇനത്തിൽ പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾക്ക് 1992-93 മുതലുള്ള കുടിശ്ശികയായി 5.62 കോടി രൂപ കൊടുത്തു തീർക്കാനുണ്ടെന്നും ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി തുകയൊന്നും നീക്കി വച്ചിട്ടില്ലാ എന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ 2003-04 സാമ്പത്തികവർഷം വരെയുള്ള പലിശ സബ്സിഡി കൊടുത്തുതീർക്കുവാൻ ആവശ്യമുള്ള തുക ധനപുനർവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

ധനപുനർവിനിയോഗം വഴി തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി കേന്ദ്രവും റീജിയണൽ/ റൂറൽ കേന്ദ്രങ്ങളുൾപ്പെടെ 36 നിർമ്മിതി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും 2003-04 വർഷത്തേക്ക് ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളു എന്നും സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ 46 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ യുക്തമായ മാർഗ്ഗത്തിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

46 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക പരിമിതിമൂലം തുക അനുവദിക്കാനായില്ല.

ശുപാർശ

2216-80-101-98—നിർമ്മിതി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹാബിറ്റാറ്റ് മാനേജ്മെന്റ്

ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം, പാർപ്പിട ആസൂത്രണം, മാനവശേഷി വികസനം തുടങ്ങിയ മേഖലകളിൽ ദേശീയ പ്രശസ്തി ആർജ്ജിച്ച സ്ഥാപനമാണ് നിർമ്മിതി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹാബിറ്റാറ്റ് മാനേജ്മെന്റ്. ഈ ശീർഷകത്തിൽ കഴിഞ്ഞ വർഷവും ഈ വർഷവും തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നും സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

40 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക പരിമിതിമൂലം തുക അനുവദിക്കാനായില്ല.

ശുപാർശ

2216-80-103-99—സഹായധനം

2002-03-ലെ വിഹിതമായ 50 കോടിയിൽ 24.50 ലക്ഷം രൂപയും 2003-04-ലെ വിഹിതമായ 60 കോടിയിൽ 24.50 ലക്ഷം രൂപയും വീതമേ അനുവദിച്ചിട്ടുള്ളു എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. 2002-03 വർഷത്തെ വിഹിതമായി 49.75 കോടി രൂപയും 2003-04 വർഷത്തെ വിഹിതമായി 59.75 കോടി രൂപയും കൂടി ആകെ 109.50 കോടി രൂപ നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത 109.50 കോടി രൂപ സാമ്പത്തിക പരിമിതിമൂലം അനുവദിക്കാനായില്ല.

ശുപാർശ

2216-80-103-99(9)—മൈത്രി ഭവന പദ്ധതി

2004 ഡിസംബർ മാസത്തോടെ എല്ലാ ബാദ്ധ്യതകളും തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു.

2002-03 വർഷത്തേക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരുന്ന 60 കോടി രൂപയിൽ 48 കോടി രൂപ മാത്രമേ ബോർഡിന് ലഭ്യമായിട്ടുള്ളു എന്നും ബാക്കി

തുകയായ 12 കോടി രൂപയും 2003-04-ലെ ബഡ്ജറ്റ് വിഹിതമായ 60 കോടി രൂപ ഉൾപ്പെടെ 72 കോടി രൂപ ബോർഡിന് ആവശ്യമാണെന്നും സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ 72 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ടിന്റെ അപര്യാപ്തതമൂലം മൈത്രി ഭവന പദ്ധതിക്കായി സമിതി ശുപാർശ ചെയ്ത 72 കോടി രൂപ ബോർഡിന് അനുവദിക്കുവാൻ സാധിച്ചിട്ടില്ല. ഇപ്രകാരം 2003-04-ലെ കണക്കനുസരിച്ച് ആകെ 40 കോടി രൂപ മൈത്രി ഭവന പദ്ധതിക്കായി ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ

4216-01-106-99—ഭരണവും നടത്തിപ്പും

2059—പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്കു വേണ്ടി മാറ്റിയ വിഹിതം

ഈ ശീർഷകത്തിൽ 2002-03 വർഷം തുക ഒന്നും തന്നെ അനുവദിച്ചിരുന്നില്ല എന്നും 2003-04 വർഷത്തേക്ക് 32,95,000 രൂപയാണ് അനുവദിച്ചതെന്നും ഈ തുക തീരെ കുറവാണെന്നും സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ നിർമ്മാണത്തിനുവേണ്ടി മറ്റ് ശീർഷകങ്ങളിൽ അധിക തുക അനുവദിക്കുന്ന മുറയ്ക്ക് ആനുപാതിക വർദ്ധന ഈ ശീർഷകത്തിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

32.95 ലക്ഷം രൂപ അനുവദിച്ചതിൽ 8.89 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചുള്ളു. സ്റ്റേറ്റ് പ്ലാനിൽ കുറവ് വരുത്തിയതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്.

ശുപാർശ

4216-01-106-98(02)—ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ്

(16)—വൻകിട മരാമത്തുപണികൾ

സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 2003-04 വർഷത്തെ ബഡ്ജറ്റിൽ 1193.47 ലക്ഷം രൂപ ആവശ്യമാണെന്നും 80 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു എന്നും ഈ തുക തീരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

പ്ലാൻ ഔട്ട്ലേയിലുണ്ടായ കുറവ് നിമിത്തം ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ സറണ്ടർ ചെയ്യുകയുണ്ടായി. പ്ലാൻ ഔട്ട്ലേ 96.75 ലക്ഷം ആയി നിജപ്പെടുത്തുകയും അതിൽ 22.05 ലക്ഷം രൂപ മാത്രം ചെലവഴിക്കുകയുമുണ്ടായി.

ശുപാർശ

4216-01-106-98(03)—ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ

(16)—വൻകിട മരാമത്തുകൾ.

ഇടുക്കി ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായെന്നും, കല്പറ്റ ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെ നിർമ്മാണം പുരോഗതിയിലാണെന്നും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കാനും കുടിശ്ശിക ബില്ല് ക്ലിയർ ചെയ്യാനും പുതിയ ജോലികൾ ഏറ്റെടുക്കാനും ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിലേക്ക് 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി തുക ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും കൂടുതലായി അനുവദിച്ചിട്ടില്ല.

ശുപാർശ

4216-01-106-98(04)—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി

(16)—വൻകിട മരാമത്തുകൾ

സീനിയർ ഓഫീസർമാരുടെ പാർപ്പിട പദ്ധതിക്കുവേണ്ടി 2003-04 വർഷത്തേക്ക് 34.75 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നതെന്നും തിരുവനന്തപുരത്ത് മന്ത്രിമാരുടെ ക്വാർട്ടേഴ്സിനുവേണ്ടി 4 മന്ദിരങ്ങൾ കൂടി പണിയേണ്ടതുണ്ടെന്നും പുതിയ ജോലികൾ ഏറ്റെടുക്കുന്നതിന് ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യമായ തുക ഉചിതമായ മാർഗ്ഗത്തിലൂടെ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

മറ്റ് ശീർഷകങ്ങൾക്കാനുപാതികമായി കൂടുതൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും സാമ്പത്തിക പരിമിതിമൂലം തുകയൊന്നും കൂടുതലായി അനുവദിക്കാനായില്ല.

ശുപാർശ

4216-01-106-97—യന്ത്രോപകരണങ്ങൾ 2054—പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

ഈ ശീർഷകത്തിൽ 2003-04 വർഷത്തേക്ക് 2.30 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. ഈ തുക തീരെ കുറവാണെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ഈ ശീർഷകത്തിൽ ആനുപാതികമായ വർദ്ധന അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലും പ്ലാൻ ഔട്ട്ലേയിലുണ്ടായ കുറവ് നിമിത്തം മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. ആയതിനാൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

ശുപാർശ

4216-01-700-93—ജുഡീഷ്യൽ ആഫീസർമാർക്കുള്ള പാർപ്പിട പദ്ധതി

2003-04 വർഷത്തേക്ക് ഈ ശീർഷകത്തിൽ 123.56 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏറ്റുമാനൂർ ജുഡീഷ്യറി ക്വാർട്ടേഴ്സ് ഹൈക്കോടതി ജഡ്ജിമാർക്കുവേണ്ടിയുള്ള ക്വാർട്ടേഴ്സ് അനുബന്ധ ജോലികൾക്കും പുതുതായി പല പണികളും നടത്തേണ്ടതുകൊണ്ട് ഈ തുക തീരെ അപര്യാപ്തമാണെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ ഉപധനാഭ്യർത്ഥനവഴി 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലും ബഡ്ജറ്റിൽ ഉണ്ടായിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ കൂടുതൽ തുക ഉപധനാഭ്യർത്ഥന പ്രകാരം ലഭിച്ചിട്ടില്ല.

ശുപാർശ

4216-01-700-91—ഭരണവും നടത്തിപ്പും (01) 2059-(02) 2059—പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്കുവേണ്ടി മാറ്റിയ വിഹിതം

2059—പൊതുമരാമത്ത് എസ്റ്റാബ്ലിഷ്മെന്റ്/ടി ആന്റ് പി. ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ ഇനത്തിലുള്ള തുകയാണ് ഇതിൽ ഉൾപ്പെടുന്നതെന്നും 2003-04 വർഷത്തേക്ക് 26.44 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഈ തുക തീരെ കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥനവഴി ആവശ്യമായ തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

മറ്റ് ശീർഷകങ്ങൾക്കാനുപാതികമായി കൂടുതൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും സാമ്പത്തിക പരിമിതിമൂലം തുകയൊന്നും കൂടുതലായി അനുവദിക്കാനായില്ല.

ശുപാർശ

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

2003-04 വർഷത്തിലേക്ക് ഈ ശീർഷകത്തിൽ പ്ലാൻ സ്കീമിൽ 300 ലക്ഷം രൂപയും നോൺപ്ലാൻ സ്കീമിൽ 128.38 ലക്ഷം രൂപയും മാത്രമേ വകയിരുത്തിയിട്ടുള്ളൂവെന്നും ഈ തുക കുറവാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ 2003-04 വർഷത്തേക്ക് പ്ലാൻ സ്കീമിൽ 732.60 ലക്ഷം രൂപയും നോൺ പ്ലാൻ സ്കീമിൽ 1206.90 ലക്ഷം രൂപയും വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

2003-04 സാമ്പത്തിക വർഷം നോൺപ്ലാൻ സ്കീമിൽ 10,78,52,000 രൂപ അധികമായി ലഭിച്ചത് ഉൾപ്പെടെ ആകെ 12,06,90,000 രൂപ നോൺ-പ്ലാൻ സ്കീമിൽ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ആയത് മുഴുവൻ കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ

6216-80-195-99-(04)—സെക്രട്ടേറിയറ്റ് സ്റ്റാഫ് ഭവനനിർമ്മാണ സഹകരണ സംഘത്തിന് വായ്പ

2003-04 വർഷത്തേക്ക് സെക്രട്ടേറിയറ്റ് ഹൗസിംഗ് സഹകരണ സംഘത്തിന് വായ്പയിനത്തിൽ നൽകുന്നതിനായി തുകയൊന്നുംതന്നെ വകകൊള്ളിച്ചിട്ടില്ലെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ യുക്തമായ മാർഗ്ഗത്തിലൂടെ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

25 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സാമ്പത്തിക പരിമിതിമൂലം ഈ തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

6216-80-201-99-(06)—മാർക്കറ്റ് ബോറോയിംഗ്

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, പബ്ലിക് ഹൗസിംഗ്, കമേർഷ്യൽ (വ്യാപാര) കോംപ്ലക്സുകൾ, റവന്യൂ ടവറുകൾ, ഫ്ലോട്ട് നവീകരണം തുടങ്ങിയവ നടപ്പാക്കുന്ന പദ്ധതികൾക്കുവേണ്ടി 2003-04-ൽ 300 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത് എന്നും 2002-03-ലെ വിഹിതമായ 4 കോടി രൂപയിൽ 3.20 കോടി രൂപ മാത്രമേ ബോർഡിന്

ലഭ്യമാക്കിയിട്ടുള്ളു എന്നും ഈ തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2002-03 സാമ്പത്തിക വർഷത്തിലെ വിഹിതത്തിന്റെ ബാക്കി തുകയായ 80 ലക്ഷം രൂപയും 2003-04 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയായ 3 കോടി രൂപയും ഉൾപ്പെടെ ആകെ 3 കോടി 80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതകളുടെ പരിമിതിമൂലം സമിതി ശുപാർശ ചെയ്തിട്ടുള്ള 3 കോടി 80 ലക്ഷം രൂപയിൽ ആകെ 1 കോടി രൂപ മാത്രമാണ് അനുവദിക്കാൻ സാധിച്ചിട്ടുള്ളത്.

ശുപാർശ

6216-80-201-99—കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

ഭവനനിർമ്മാണ ബോർഡ് 45 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഈ വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല എന്നും ഈ സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് തിരികെ നൽകുവാനുള്ള 26 കോടി രൂപ ബോർഡിന് വായ്പയായി നൽകേണ്ടത് അത്യാവശ്യമാണെന്നും സമിതി കരുതുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 26 കോടി രൂപ ബോർഡിന് വായ്പയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത 26 കോടി രൂപ സാമ്പത്തിക പരിമിതിമൂലം അനുവദിക്കാനായിട്ടില്ല.

**(ഐ) 2006-07 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ട്**

ശുപാർശ

2216-80-103-99(01)—സംസ്ഥാന ഹൗസിംഗ് ബോർഡ് സഹായധനം

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ദുർബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി നടപ്പിലാക്കിയപ്പോൾ ബോർഡിനുണ്ടായ കമ്മി നികത്തുവാനായി 2006-07-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തണമെന്ന് ബോർഡ് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 28.97 ലക്ഷം രൂപ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളു. ഈ തുക തികച്ചും അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ അധികമായി 21.03 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത 21.03 ലക്ഷം രൂപ സാമ്പത്തിക പരിമിതിമൂലം അനുവദിക്കാനായില്ല.

## ശുപാർശ

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1996-ൽ മൈത്രി ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചു. പദ്ധതി അനുസരിച്ച് 30,000 രൂപ ചെലവ് വരുന്ന വീട് ഒന്നിന് 19,000 രൂപ വായ്പയും 9,000 രൂപ നിരക്കിൽ സബ്സിഡിയും ബാക്കി 2,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. 8.5% പലിശ സബ്സിഡിയാണ് ഈ സ്കീമിന് സർക്കാർ അനുവദിച്ചിട്ടുള്ളത്. പ്രതിവർഷം 1 ലക്ഷം വീട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി ബോർഡ് നിർത്തലാക്കിയെങ്കിലും ഒന്നാം ഗഡു അനുവദിച്ചവർക്കും ബോർഡുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നവർക്കും തുടർന്നുള്ള വായ്പ നൽകാൻ തീരുമാനിച്ചിരുന്നു. കൂടാതെ മൂലധന സബ്സിഡിയിനത്തിലും പലിശ സബ്സിഡിയിനത്തിലും ബോർഡിന് ഓരോ വർഷവും നൽകേണ്ടിയിരുന്ന തുക പൂർണ്ണമായും അതത് വർഷത്തെ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരുന്നതുമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ തുക ഈ സ്കീം നിർത്തലാക്കിയ 2001 മുതൽ അതാത് വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച് ബോർഡിന് നൽകിവരികയാണ്. ടി ഇനത്തിൽ 2006-07-ലെ ബഡ്ജറ്റിൽ 128.39 കോടി രൂപ ഉൾക്കൊള്ളിച്ച് ബോർഡിന് നൽകേണ്ടതുണ്ട്. എന്നാൽ 2006-07 ബഡ്ജറ്റിൽ 43 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. ആയതിനാൽ ബാക്കി തുകയായ 85.39 കോടി രൂപ കൂടി 2006-07 ബഡ്ജറ്റിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## സർക്കാർ സ്വീകരിച്ച നടപടി

2006-07 വർഷത്തിൽ മൈത്രി സബ്സിഡി ഇനത്തിൽ 128.39 കോടി രൂപ ഉൾക്കൊള്ളിച്ച് ബോർഡിന് നൽകണമെന്ന് സമിതി ശുപാർശ ചെയ്തു. 2006-07-ലെ ബഡ്ജറ്റ് വിഹിതമായ 43 കോടി രൂപ ബോർഡിന് അനുവദിച്ച് നൽകിയിരുന്നു. ബാക്കി തുകയായ 85.39 കോടി രൂപ ഫണ്ടിന്റെ അപര്യാപ്തതമൂലം അനുവദിക്കാൻ സാധിച്ചില്ല.

## ശുപാർശ

## 4216-01-106-99—ഭരണവും നടത്തിപ്പും—2059 പൊതുമരാമത്ത്—എന്നതിൽ നിന്ന് എസ്റ്റാബ്ളിഷ്മെന്റ് ചാർജ്ജുകൾക്കുവേണ്ടി മാറ്റിയ വിഹിതം

സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള മൂലധന ചെലവ് വിഭാഗത്തിൽ ഗവൺമെന്റ് സർവ്വന്റ് ക്വാർട്ടേഴ്സ്, ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ഹോസ്റ്റൽ, സീനിയർ ഓഫീസർമാരുടെ പാർപ്പിട സൗകര്യങ്ങൾ എന്നീ മൂന്ന് പദ്ധതികൾക്കുവേണ്ടി വകയിരുത്തുന്ന ബഡ്ജറ്റ് തുകയ്ക്ക് ആനുപാതികമായി '2059 പൊതുമരാമത്ത് എസ്റ്റാബ്ളിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ' ഇനത്തിലുള്ള തുകയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുന്നത്. മറ്റ് ശീർഷകങ്ങളിൽ അധികമായി അനുവദിക്കുന്ന തുകകൾക്ക് ആനുപാതികമായി ഈ ശീർഷകത്തിലും തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥന പ്രകാരം 100 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

<u>ശുപാർശ</u>

4216-01-106-98(02)—<u>ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ് (16)—വൻകിട മരാമത്ത് പണികൾ</u>

സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 1,800 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 80 ലക്ഷം രൂപയെ വകകൊള്ളിച്ചിട്ടുള്ളൂ. പീരുമേട്ടിലും കണ്ണൂരിലും ജയിൽ ജീവനക്കാർക്കും പൊതുമരാമത്ത് വകുപ്പ് ജീവനക്കാരുടെയും ക്വാർട്ടേഴ്സ് തുടങ്ങി പല പണികളും പുരോഗതിയിലാണ്. എറണാകുളം ഗാന്ധിനഗറിൽ ഫയർഫോഴ്സ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ്, ഇടുക്കിയിലും തിരുവനന്തപുരത്തും മലപ്പുറം, തലശ്ശേരി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലും സർക്കാർ ജീവനക്കാർക്കുവേണ്ടി ക്വാർട്ടേഴ്സ് നിർമ്മാണം അടക്കം പുതുതായി പല പണികളും ഏറ്റെടുക്കാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ചുരുങ്ങിയത് 150 ലക്ഷം രൂപ കൂടി അധികമായി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

4216-01-106-98(03)—<u>ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ഹോസ്റ്റൽ (16)—വൻകിട മരാമത്തുകൾ</u>

ഈ വർഷം ഈ ശീർഷകത്തിൽ 45.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരുന്നത്. ഇടുക്കി ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെയും, കൽപ്പറ്റ ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെയും നിർമ്മാണം പൂർത്തിയാക്കി. പുതുതായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണ ജോലികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. മാസം തോറുമുള്ള വാടക വരവുകൊണ്ട് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവപോലും അടയ്ക്കാനാകുന്നില്ല.

പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കാനും കുടിശ്ശിക ബിൽ ക്ലിയർ ചെയ്യുന്നതിനും പുതിയ ചില ജോലികൾ ഏറ്റെടുക്കാനും ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിലേക്ക് 500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

4216-01-106-98(04)—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി
(16)—വൻകിട മരാമത്തുകൾ

സീനിയർ ഓഫീസർമാരുടെ പാർപ്പിട പദ്ധതിയിൽ പത്തനംതിട്ട ജില്ലാ കളക്ടർക്കു വേണ്ടിയുള്ള ക്വാർട്ടേഴ്സ് നിർമ്മാണം ഏതാണ്ട് പൂർത്തിയാകുന്നു. കഴിഞ്ഞ വർഷം 34.75 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്നത്. ഈ വർഷത്തേക്ക് 31.60 ലക്ഷം രൂപയാണ് വക കൊള്ളിച്ചിരിക്കുന്നത്. തിരുവനന്തപുരത്ത് മന്ത്രിമാരുടെ ക്വാർട്ടേഴ്സിനുവേണ്ടി നാലു മന്ദിരങ്ങൾ കൂടി പണിയേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ക്വാർട്ടേഴ്സ്, ചീഫ് എഞ്ചിനീയർമാർക്ക് ക്വാർട്ടേഴ്സ്, തൃപ്തി നഗറിൽ സീനിയർ ഉദ്യോഗസ്ഥർമാർക്ക് ക്വാർട്ടേഴ്സ് തുടങ്ങിയ പുതിയ ജോലികൾ പൂർത്തീകരിക്കുന്നതിന് ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ചുരുങ്ങിയത് 100 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

6216-80-195-99(04) —കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിന് വായ്പ

22-1-1983-ലെ എം.എസ്.13/83/എഡി നമ്പർ ഉത്തരവ്, 18-11-1993-ലെ എം.എസ്.116/93/കോ-ഓപ് നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചാണ് റ്റി. 732-ാം നമ്പർ സംഘത്തിന് സർക്കാരിൽ നിന്ന് വായ്പ അനുവദിച്ച് നൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 2001-02-ൽ 10 ലക്ഷം രൂപ വായ്പയായി അനുവദിച്ചു നൽകി. 2002-03-ന് ശേഷം യാതൊരു തുകയും ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സഹകരണ സംഘത്തിന് വായ്പ നൽകുന്നതിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാനായില്ല.

ശുപാർശ

6216-80-190-99 —കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

ഈ കോർപ്പറേഷൻ 10 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനത്തോടെ രൂപീകൃതമായിട്ടുള്ളതാണ്. നാളിതുവരെയുള്ള പെയ്ഡ് ക്യാപിറ്റൽ 6.03 കോടി രൂപയാണ്. കോർപ്പറേഷൻ 13 കോടി രൂപ ചെലവ് വന്ന കേരള ആംഡ് പോലീസ് 3-ാം ബറ്റാലിയന്റെ ആസ്ഥാന മന്ദിരം അടൂരിൽ നിർമ്മിച്ചു നൽകുകയും 22 കോടി രൂപ ചെലവ് വന്ന തൃശ്ശൂരിലെ കേരള പോലീസ് അക്കാഡമിയുടെ 1-ാം പാദ നിർമ്മാണ പ്രവർത്തനം തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്. 2-ാം പാദ നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

നോൺ പ്ളാൻ ഇനത്തിൽ വായ്പകളുടെ മുതലും പലിശയും തിരിച്ചടവിനും സർക്കാരിലേക്കുള്ള ഗ്യാരന്റി കമ്മീഷനുമായി 895.13 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആയതിനാൽ ഈ സാമ്പത്തിക വർഷത്തേക്ക് പ്ളാൻ ഇനത്തിൽ 862.00 ലക്ഷം രൂപയും നോൺ പ്ളാൻ ഇനത്തിൽ 753.91 ലക്ഷം രൂപയും അധികമായി അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാനായില്ല.

ശുപാർശ

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്
(17)—ചെറുകിട മരാമത്തു പണികൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ചെറുകിട മരാമത്തുകൾക്കായി ഈ ധനകാര്യവർഷം 75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ ഇതേ തുക തന്നെയാണ് വകകൊള്ളിച്ചിരുന്നത്. പല ക്വാർട്ടേഴ്സുകളുടെയും ചെറുകിട മരാമത്തു പണികൾ ചെയ്യാനുണ്ട്. അതോടൊപ്പം കരാറുകാരുടെ കുടിശ്ശിക ബില്ലുകളും നൽകണം. അതിനാൽ 2006–07 വർഷത്തേക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ ചുരുങ്ങിയത് 1 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥന വഴി 25 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ

2216-01-106-99 —ഭരണവും നടത്തിപ്പും-2059 പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾ മാറ്റിയ വിഹിതം.

2006-07 വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 71.80 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരുന്നത്. കഴിഞ്ഞ വർഷം ഈ ശീർഷകത്തിൽ 228.00 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. മറ്റു ശീർഷകങ്ങളിൽ അധികമായിവരുന്ന തുകകൾക്ക് ആനുപാതികമായി തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

രണ്ടാം ഉപധനാഭ്യർത്ഥന പ്രകാരം 336.70 ലക്ഷം രൂപ അനുവദിച്ചു.

ശുപാർശ

2216-01-106-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

(01)—സാധാരണ അറ്റകുറ്റപ്പണികൾ

(02)—പ്രത്യേക അറ്റകുറ്റപ്പണികൾ

(03)—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെ സാധാരണ അറ്റകുറ്റപ്പണികൾ (102.58 ലക്ഷം രൂപ), പ്രത്യേക അറ്റകുറ്റപ്പണികൾ (100.00 ലക്ഷം രൂപ), ഇലക്ട്രിക്കൽ മെയിന്റനൻസ് (21.07 ലക്ഷം രൂപ) തുടങ്ങിയവയ്ക്കുവേണ്ടി 2006-07 വർഷത്തെ ബഡ്ജറ്റിൽ ആകെ 223.65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 852.52 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. കാലപ്പഴക്കം കൊണ്ട് ശോച്യാവസ്ഥയിലായ ഗവൺമെന്റ് ക്വാർട്ടേഴ്സുകൾക്ക് ഗണ്യമായ അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള സംഖ്യയ്ക്കു പുറമേ ചുരുങ്ങിയത് 750 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥനവഴി 745.68 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല. എന്നാൽ രണ്ടാം ഉപധനാഭ്യർത്ഥനയിൽ 31-8-2006 വരെയുള്ള ബില്ലുകൾ ക്ളിയർ ചെയ്യുന്നതിന് 1370.17 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ശുപാർശ

2216-01-106-96-2059—പൊതുമരാമത്ത് എന്നതിൽ നിന്ന് യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കും മാറ്റിയ വിഹിതം

2059-പൊതുമരാമത്ത് എന്നതിൽ നിന്ന് മറ്റു ശീർഷകങ്ങളിലെ അടങ്കൽ തുകയ്ക്ക് ആനുപാതികമായി വകയിരുത്തുന്ന വിഹിതമാണ് ഇത്. മറ്റു ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരുന്ന അധികതുകകൾ നൽകുന്ന മുറയ്ക്ക് ആനുപാതികമായി തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥനയിൽ 20.02 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ രണ്ടാം ഉപധനാഭ്യർത്ഥനയിൽ 23.57 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ശുപാർശ

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

തിരുവനന്തപുരം നഗരത്തിലുള്ള മന്ത്രിമാരുടെ ഔദ്യോഗിക വസതികളുടെ സാധാരണ അറ്റകുറ്റപ്പണികൾ (15.57 ലക്ഷം രൂപ), പ്രത്യേക അറ്റകുറ്റപ്പണികൾ (17.30 ലക്ഷം രൂപ), ഇലക്ട്രിക്കൽ മെയിന്റനൻസ് (9.34 ലക്ഷം രൂപ) എന്നിവയ്ക്കായി 2006-07 വർഷത്തേക്ക് ആകെ 42.21 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കഴിഞ്ഞ വർഷം 149.48 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ അനുവദിച്ചിരുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ ചുരുങ്ങിയത് 120 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥനപ്രകാരം 106 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

ശുപാർശ

2216-01-106-94 —നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

നിയമസഭാ സാമാജികരുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും) സംബന്ധിച്ച പണികൾക്കായി 2006-07 വർഷത്തെ ബഡ്ജറ്റിൽ 18.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

രണ്ടാം ഉപധനാഭ്യർത്ഥന വഴി 29.1 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ശുപാർശ

2216-01-104-99 (01)— ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ-സർക്കാർ ഉദ്യോഗസ്ഥന്മാർ പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള ഭവനനിർമ്മാണ വായ്പയിൽ 3% പലിശ സബ്സിഡി അനുവദിക്കൽ (സഹകരണ സംഘം രജിസ്ട്രാർ)

ഈ പദ്ധതി അനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥന്മാർ പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഭവനനിർമ്മാണ വായ്പയുടെ മുതൽ പലിശ സഹിതം കൃത്യമായി കുടിശ്ശിക വരുത്താതെ തിരിച്ചടക്കുകയാണെങ്കിൽ സർക്കാരിൽ നിന്നും 3% വരെ പലിശ സബ്സിഡി അനുവദിച്ച് നല്കുന്നതാണ്. 1992-93 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലും 2002-03 മുതൽ ബഡ്ജറ്റിൽ ഇതിനായി യാതൊരു തുകയും വകകൊള്ളിച്ചിട്ടില്ല. അതുകൊണ്ട് സംഘങ്ങൾക്ക് കൊടുത്തുതീർക്കാനുള്ള തുക ഭീമമായ കുടിശ്ശികയായി തുടരുന്നു. 2005-06 വരെയുള്ള പലിശ സബ്സിഡി കൊടുത്ത് തീർക്കാൻ ഏകദേശം 6.69 കോടി രൂപ വേണ്ടിവരും.

11-ാം കേരള നിയമസഭയുടെ 7-ാം സബ്ജക്ട് കമ്മിറ്റി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിൽ 2004-05 വരെയുള്ള പലിശ സബ്സിഡി കൊടുത്തു തീർക്കാൻ ആവശ്യമായ തുക അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഏതാണ്ട് 10,000-ത്തോളം സർക്കാർ ജീവനക്കാർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്കായി ഈ ശീർഷകത്തിൽ, യുക്തമായ മാർഗ്ഗത്തിലൂടെ 6.69 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാനായില്ല.

ശുപാർശ

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും

ഹൗസിംഗ് കമ്മീഷണറുടെ ഓഫീസിലെ കമ്പ്യൂട്ടറിന്റെ പരിപാലനത്തിന് 40,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന സമിതിയുടെ ശുപാർശ വിഭവ ലഭ്യതയുടെ പരിമിതിമൂലം അനുവദിക്കാനായില്ല.

ശുപാർശ

2216-80-101-99 –നിർമ്മിതി കേന്ദ്രങ്ങൾ

2216-80-101-98 –നിർമ്മിതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് മാനേജ്മെന്റ്

തിരുവിതാംകൂർ, കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം. 1989-ൽ നിലവിൽ വന്നു. സംസ്ഥാനത്തെ നിർമ്മിതി കേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. നിർമ്മിതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് മാനേജ്മെന്റ് നടത്തുന്ന പദ്ധതികൾക്കായി 2216-80-101-98 ശീർഷകത്തിൽ 50 ലക്ഷം രൂപയും, അക്കൗണ്ട് ഹെഡ് 2216-80-101-99, 2216-80-101-98 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള 232 ലക്ഷം രൂപയിൽ കൂടുതലായി 182 ലക്ഷം രൂപ കൂടി അടിയന്തരമായി അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാനായില്ല.

**(ജെ) 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ രണ്ടാമത് റിപ്പോർട്ട്**

ശുപാർശ

2216-01-106-99—ഭരണവും നടത്തിപ്പും-2059-പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം

2007-08 വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 76.06 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. മറ്റ് ശീർഷകങ്ങളിൽ അധികമായി അനുവദിക്കുന്ന തുകകൾക്ക് ആനുപാതികമായി ഈ ശീർഷകത്തിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

മറ്റ് ശീർഷകങ്ങളിൽ അധികമായി അനുവദിക്കുന്ന തുകകൾക്ക് ആനുപാതികമായി ഈ ശീർഷകത്തിലും തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും വിഭവ ലഭ്യതയുടെ പരിമിതിമൂലം തുക അനുവദിക്കാനായില്ല.

ശുപാർശ

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ (17) ചെറുകിട മരാമത്തുകൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ചെറുകിട മരാമത്തുകൾക്കായി ഈ ധനകാര്യ വർഷത്തേക്ക് 78.75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പല ക്വാർട്ടേഴ്സുകളുടെയും ചെറുകിട മരാമത്തുകൾ ചെയ്യാനുണ്ട്. അതോടൊപ്പം കരാറുകാരുടെ കുടിശ്ശിക ബില്ലുകളും കൊടുത്തു തീർക്കാനുണ്ട്. അതിനാൽ 2007-08 വർഷത്തേക്ക് അനുവദിച്ച തുക അപര്യാപ്തമാണ്. 60 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

തുകയൊന്നും കൂടുതലായി അനുവദിച്ചിട്ടില്ല.

ശുപാർശ

2216-01-106-97—സംരക്ഷണവും അറ്റകുറ്റപ്പണികളും-(01)സാധാരണ അറ്റകുറ്റപ്പണികൾ (02) പ്രത്യേക അറ്റകുറ്റപ്പണികൾ (03)വൈദ്യുത സാമഗ്രികളുടെ സംരക്ഷണം.

സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെ സാധാരണ അറ്റകുറ്റപ്പണികൾ, പ്രത്യേക അറ്റകുറ്റപ്പണികൾ, ഇലക്ട്രിക്കൽ മെയിന്റനൻസ് തുടങ്ങിയവയ്ക്കു വേണ്ടി ഈ ശീർഷകത്തിൽ 3,600 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2007-08 വർഷത്തെ

ബഡ്ജറ്റിൽ ആകെ 230.27 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കാലപ്പഴക്കം കൊണ്ട് ശോചൃവസ്ഥയിലായ ഗവൺമെന്റ് ക്വാർട്ടേഴ്സുകൾക്ക് ഗണ്യമായ അറ്റകുറ്റപ്പണികൾ നടത്താനുള്ളതുകൊണ്ട് ഇപ്പോൾ അനുവദിച്ചിട്ടുള്ള സംഖ്യയ്ക്കു പുറമേ 750 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥന പ്രകാരം 356.64 ലക്ഷം രൂപ കൂടി അധികമായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനായി ഈ ശീർഷകത്തിൽ 963.96 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

മന്ത്രിമാരുടെ തിരുവനന്തപുരം നഗരത്തിലുള്ള ഔദ്യോഗിക വസതികളുടെ സാധാരണ അറ്റകുറ്റപ്പണികൾ, പ്രത്യേക അറ്റകുറ്റപ്പണികൾ, ഇലക്ട്രിക്കൽ മെയിന്റനൻസ് എന്നിവയ്ക്കായി 2007-08 വർഷത്തേക്ക് ആകെ 44.30 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും തുക മതിയാവുകയില്ല എന്നതിനാൽ ഈ ശീർഷകത്തിൽ 120 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

31-7-2007 വരെയുള്ള ബില്ലുകൾ ക്ളിയർ ചെയ്യുന്നതിന് 23-8-2007-ലെ G.O.(Rt.)6502/07/Fin നമ്പർ ഉത്തരവ് പ്രകാരം 37.68 ലക്ഷം രൂപ അനുവദിച്ചിരുന്നു.

ശുപാർശ

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

നിയമസഭാ സാമാജികരുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും) സംബന്ധിച്ചുള്ള പണികൾക്കായി 2007-08 വർഷത്തെ ബഡ്ജറ്റിൽ 19.06 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പുവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

31-7-2007 വരെയുള്ള ബില്ലുകൾ ക്ളിയർ ചെയ്യുന്നതിന് 70.78 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2216-03-104—<u>ഹൗസിംഗ് കോ-ഓപ്പറേറ്റീവുകൾക്കുള്ള സഹായം</u>

ഈ പദ്ധതിയനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥൻമാർ പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള ഭവനനിർമ്മാണ വായ്പയുടെ മുതൽ പലിശ സഹിതം കൃത്യമായി കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുകയാണെങ്കിൽ സർക്കാരിൽ നിന്നും 3% വരെ പലിശ സബ്സിഡി അനുവദിച്ച് നൽകുന്നതാണ്. 1992-93 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലും ബഡ്ജറ്റിൽ ഇതിനായി യാതൊരു തുകയും വകകൊള്ളിച്ചിട്ടില്ല. അതുകൊണ്ട് സംഘങ്ങൾക്ക് കൊടുത്തുതീർക്കാനുള്ള തുക ഭീമമായ കുടിശ്ശികയായി തുടരുന്നു. 2007-08 വരെയുള്ള പലിശ സബ്സിഡി കൊടുത്തുതീർക്കാൻ ഏകദേശം 6.99 കോടി രൂപ വേണ്ടി വരും. ആയതിനാൽ പതിനായിരത്തോളം സർക്കാർ ജീവനക്കാർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്കായി 6.99 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സാമ്പത്തിക പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചില്ല.

<u>ശുപാർശ</u>

2216-80-001-99—<u>ഹൗസിംഗ് കമ്മീഷണർ 45 പി.ഒ.എൽ.</u>

ഈ ശീർഷകത്തിൽ ഡീസൽ കാറിന്റെ ഇന്ധനത്തിനുവേണ്ടി 9,000 രൂപ അനുവദിച്ചിട്ടുണ്ട്. ഹൗസിംഗ് കമ്മീഷണർ ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് സമ്പൂർണ്ണ പാർപ്പിട നയം പ്രാവർത്തികമാക്കുന്നതിനും മുൻവർഷത്തേക്കാൾ കൂടുതൽ തുക ആവശ്യമായതിനാൽ രണ്ടു ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ രണ്ടു ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും വിഭവ ലഭ്യതയുടെ പരിമിതിമൂലം തുക അനുവദിക്കാൻ സാധിച്ചില്ല.

ശുപാർശ

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും

ഹൗസിംഗ് കമ്മീഷണറുടെ ഓഫീസിലെ കമ്പ്യൂട്ടറിന്റെ പരിപാലനത്തിന് 44,000 രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 40,000 രൂപയാണ് വകകൊള്ളിച്ചിരുന്നത്. ഈ തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്തിരുന്നു. ആയതുപോലെ നടപ്പുവർഷവും പ്രസ്തുത ശീർഷകത്തിൽ ഒരു ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

ഒരു ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക പരിമിതിമൂലം തുക അനുവദിക്കാനായില്ല.

ശുപാർശ

2216-80-001-99—നിർമ്മിതി കേന്ദ്രങ്ങൾ

2216-80-101-98—നിർമ്മിതി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹാബിറ്റാറ്റ് മാനേജ്മെന്റ്

2216-80-001-99, 2216-80-101-98 എന്നീ ശീർഷകങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 220 ലക്ഷം രൂപയ്ക്ക് പുറമേ 3 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

നിർമ്മിതി കേന്ദ്രങ്ങൾക്കായി സമിതി ശുപാർശ ചെയ്ത 3 ലക്ഷം രൂപ വിഭവ ലഭ്യതയുടെ പരിമിതിമൂലം അനുവദിക്കാൻ സാധിച്ചില്ല.

ശുപാർശ

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ദുർബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി നടപ്പിലാക്കിയപ്പോൾ ബോർഡിനുണ്ടായ കമ്മി നികത്തുവാനായി 2007-08-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തണമെന്ന് ബോർഡ് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 31.87 ലക്ഷം രൂപ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളു. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ അധികമായി 18.13 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ദുർബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സഹായ ധനമായി 2007-08 വർഷത്തിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തണമെന്ന് ബോർഡ് അഭ്യർത്ഥിച്ചിരുന്നു. ആകെ 31.87 ലക്ഷം രൂപ ഭവനനിർമ്മാണ ബോർഡിന് അനുവദിക്കാൻ സാധിച്ചിട്ടുള്ളു. സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള അധികതുകയായ 18.13 ലക്ഷം രൂപ അനുവദിക്കാൻ ഫണ്ടിന്റെ അപര്യാപ്തതമൂലം സാധിച്ചില്ല.

<u>ശുപാർശ</u>

2006-07 വരെ 40,380 ലക്ഷം രൂപ (2001-02-ൽ ROHMS-ന് വേണ്ടി ലഭിച്ച 1600 ലക്ഷം രൂപ ഉൾപ്പെടെ) മാത്രമേ ബോർഡിന് നൽകിയിട്ടുള്ളു. ടി ഇനത്തിൽ 2007-08-ലെ ബഡ്ജറ്റിൽ 11,537.98 ലക്ഷം രൂപ ഉൾക്കൊളളിച്ച് ബോർഡിന് നൽകേണ്ടതുണ്ട്. എന്നാൽ 2007-08-ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല. ആയതിനാൽ 2007-08 സാമ്പത്തിക വർഷത്തിൽ മൈത്രി സബ്സിഡി ഇനത്തിൽ ബോർഡിന് ലഭിക്കേണ്ട തുകയായ 115.38 കോടി രൂപ 2007-08-ലെ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2007-08 സാമ്പത്തിക വർഷത്തിൽ മൈത്രി സബ്സിഡി ഇനത്തിൽ ബോർഡിന് ലഭിക്കേണ്ട 115.38 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന സമിതി ശുപാർശ ഫണ്ടിന്റെ അപര്യാപ്തതമൂലം അനുവദിച്ചു നൽകുവാൻ കഴിഞ്ഞില്ല.

<u>ശുപാർശ</u>

2216-80-190-99—<u>കേരള സ്കൂൾ ടീച്ചിംഗ്-നോൺടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷനുള്ള സഹായധനം</u>

കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ ഹഡ്കോയിൽ നിന്നും 645.17 ലക്ഷം വായ്പയെടുത്ത് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് വീടു വയ്ക്കാനുള്ള വായ്പയായി നൽകിയിട്ടുണ്ട്. ഹഡ്കോയിൽ നിന്നും 9.25% മുതൽ 13.5% വരെ നിരക്കിൽ പലിശ നൽകി എടുത്ത തുക 9% പലിശ നിരക്കിലാണ് അദ്ധ്യാപകർക്ക് നൽകിയിരുന്നത്. 31-10-1985-ലെ സർക്കാർ ഉത്തരവ് എം.എസ്.213/85/പൊ.വി. നമ്പർ പ്രകാരം ഇങ്ങനെ കുറഞ്ഞ നിരക്കിൽ ഭവന വായ്പ നൽകുമ്പോൾ കോർപ്പറേഷൻ ഹഡ്കോയ്ക്ക് നൽകേണ്ടിവരുന്ന പലിശയും, കോർപ്പറേഷൻ അതിന്റെ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന പലിശയും തമ്മിലുള്ള വ്യത്യാസം സബ്സിഡി വഴി നികത്തുമെന്ന് ഉത്തരവായിരുന്നു. ഓരോ വർഷവും ഈയിനത്തിൽ പരമാവധി 36 ലക്ഷം രൂപവരെ മുൻകൂറായി അനുവദിക്കാമെന്നും ഉത്തരവിട്ടിരുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1,000 രൂപ മാത്രമാണ് (നോൺ പ്ളാൻ) സഹായധനമായി അനുവദിച്ചിട്ടുള്ളത്.

ശുപാർശ

4216-01-106-99—ഭരണവും നടത്തിപ്പും 2059—പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ളിഷ്മെന്റ് ചാർജ്ജുകൾക്കുവേണ്ടി മാറ്റിയ വിഹിതം

സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള മൂലധന ചെലവ് വിഭാഗത്തിൽ ഗവൺമെന്റ് സർവ്വന്റ്സ് ക്വാർട്ടേഴ്സ്, ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള ഹോസ്റ്റൽ, സീനിയർ ഓഫീസർമാരുടെ പാർപ്പിട സൗകര്യങ്ങൾ എന്നീ മൂന്നു പദ്ധതികൾക്ക് വേണ്ടി വകയിരുത്തുന്ന ബഡ്ജറ്റ് തുകയ്ക്ക് ആനുപാതികമായി 2059 പൊതുമരാമത്ത് എസ്റ്റാബ്ളിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ ഇനത്തിലുള്ള തുകയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുന്നത്. മറ്റു ശീർഷകങ്ങളിൽ അധികമായി അനുവദിക്കുന്ന തുകകൾക്ക് ആനുപാതികമായി ഈ ശീർഷകത്തിലും തുക അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

4216-01-106-98(02)—ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള ക്വാർട്ടേഴ്സ് (16) വൻകിടമരാമത്തുപണികൾ

സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ 800 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 100.03 ലക്ഷം രൂപയെ വകകൊള്ളിച്ചിട്ടുള്ളു. പീരുമേട്ടിലും, കണ്ണൂരിലും ജയിൽ ജീവനക്കാർക്കും പൊതുമരാമത്ത് വകുപ്പ് ജീവനക്കാരുടെയും ക്വാർട്ടേഴ്സ്, തുടങ്ങി പല പണികളും പുരോഗതിയിലാണ്. എറണാകുളം ഗാന്ധിനഗറിൽ ഫയർഫോഴ്സ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ്, ഇടുക്കിയിലും തിരുവനന്തപുരത്തും മലപ്പുറം, തലശ്ശേരി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലും സർക്കാർ ജീവനക്കാർക്ക് വേണ്ടി ക്വാർട്ടേഴ്സ് നിർമ്മാണം അടക്കം പുതുതായി പല പണികളും ഏറ്റെടുക്കാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അധികമായി ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

തുകയൊന്നും കൂടുതലായി അനുവദിച്ചിട്ടില്ല.

ശുപാർശ

4216-01-106-98(03)—ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള ഹോസ്റ്റൽ
(16) വൻകിട മരാമത്തുപണികൾ

ഈ വർഷം ഈ ശീർഷകത്തിൽ 62.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 45.50 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരുന്നത്. ഇടുക്കി ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെയും കൽപ്പറ്റ ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെയും നിർമ്മാണം പൂർത്തിയായി. പുതുതായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണ ജോലികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. മാസംതോറുമുള്ള വാടക വരവുകൊണ്ട് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവപോലും അടയ്ക്കാനാകുന്നില്ല. ആയതിനാൽ പുതിയ നിർമ്മാണപ്രവർത്തനങ്ങൾക്കും ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കാനും കുടിശ്ശിക ബിൽ ക്ലിയർ ചെയ്യുന്നതിനും പുതിയ ജോലികൾ ഏറ്റെടുക്കാനും ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ 350 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

തുകയൊന്നും കൂടുതലായി അനുവദിച്ചിട്ടില്ല.

ശുപാർശ

4216-101-106-98(04) —സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി
(16) വൻകിട മരാമത്തുപണികൾ

തിരുവനന്തപുരത്ത് മന്ത്രിമാരുടെ ക്വാർട്ടേഴ്സിനുവേണ്ടി നാലു മന്ദിരങ്ങൾ കൂടി പണിയേണ്ടതുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ക്വാർട്ടേഴ്സ്, ചീഫ് എഞ്ചിനീയർമാർക്ക് ക്വാർട്ടേഴ്സ്, തൃപ്തി നഗറിൽ സീനിയർ ഉദ്യോഗസ്ഥർമാർക്ക് ക്വാർട്ടേഴ്സ് തുടങ്ങിയ പുതിയ ജോലികൾ പൂർത്തീകരിക്കേണ്ടതുണ്ട്. മേൽപറഞ്ഞ മരാമത്തുപണികൾക്ക് ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 160 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരത്ത് 402.48 ലക്ഷം രൂപ മതിപ്പു ചിലവിൽ പുതുതായി 6 മന്ത്രി മന്ദിരങ്ങൾക്ക് ഭരണാനുമതി നൽകിയതിന്റെ നിർമ്മാണ ജോലികൾക്കായി 80.50 ലക്ഷം രൂപ 4216-01-700-88 എന്ന പുതിയ കണക്ക് ശീർഷകത്തിൽ അനുവദിച്ചിരിക്കുന്നു.

ശുപാർശ

4216-01-106-97—യന്ത്രോപകരണങ്ങൾ 2059 പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം.

മറ്റു ശീർഷകങ്ങളിലെ തുകയ്ക്ക് ആനുപാതികമായി ഈ ശീർഷകത്തിൽ ഈ വർഷത്തേക്ക് 2.88 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 2.10 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരുന്നത്. മറ്റു ശീർഷകങ്ങളിൽ ഉപധനാഭ്യർത്ഥനവഴി തുക അനുവദിക്കണമെന്ന അപേക്ഷ പരിഗണിക്കുന്നതോടൊപ്പം ഈ ശീർഷകത്തിലും ആനുപാതികമായി വർദ്ധന പരിഗണിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

മറ്റു ശീർഷകങ്ങളിൽ ഉപധനാഭ്യർത്ഥനവഴി തുക അനുവദിക്കണമെന്ന അപേക്ഷ പരിഗണിക്കുന്നതോടൊപ്പം ഈ ശീർഷകത്തിലും ആനുപാതികമായി വർദ്ധന പരിഗണിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക പരിമിതിമൂലം തുകയൊന്നും അനുവദിക്കാൻ സാധിച്ചില്ല.

ശുപാർശ

4216-01-700-93(01)—ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി (നിർമ്മാണം)

ഏറ്റുമാനൂർ ജുഡീഷ്യറി ക്വാർട്ടേഴ്സ്, ഹൈക്കോടതി ജഡ്ജിമാർക്ക് വേണ്ടിയുള്ള ക്വാട്ടേഴ്സുകളിലെ അനുബന്ധ ജോലികൾ, ഹോസ്ദുർഗ്ഗിൽ ജുഡീഷ്യറി ക്വാർട്ടേഴ്സ്, നിർമ്മാണം തുടങ്ങിയവ പൂർത്തിയായി ഏതാനും ജോലികൾ ഏറ്റെടുക്കുന്നതാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ ഇതേ തുക തന്നെയാണ് വകകൊള്ളിച്ചിരുന്നത്. ഈയിടെ ഭരണാനുമതി ലഭിച്ച ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, പരവൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് ക്വാർട്ടേഴ്സ്, ശാസ്താംകോട്ട മുൻസിഫ് ക്വാർട്ടേഴ്സ് എന്നിവയും ഭരണാനുമതി പ്രതീക്ഷിക്കുന്ന മറ്റു ചില ക്വാർട്ടേഴ്സുകളുടെ നിർമ്മാണവും പുതുതായി ഏറ്റെടുക്കാനുണ്ട്. ആയതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്കു പുറമേ 175 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപരിയായി ചെലവുകൾ ഉണ്ടാകാതിരുന്നതിനാൽ കൂടുതൽ തുകയൊന്നും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശുപാർശ

4216-01-700-93—ജുഡിഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി

(02)—എസ്റ്റാബ്ളിഷ്മെന്റ് ചാർജ്ജുകൾക്കുവേണ്ടി മാറ്റിയ വിഹിതം

(03)—യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കും വേണ്ടി മാറ്റിയ വിഹിതം

2059 പൊതുമരാമത്ത് എസ്റ്റാബ്ളിഷ്മെന്റ് ഡി.ആന്റ്.പി ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ ഇനത്തിലുള്ള തുകയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നത്. 2007–2008 വർഷത്തേക്ക് (24.72+1.72) = 26.44 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. 4216-01-700-93(01) എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കുന്ന തുകയ്ക്ക് അനുപാതികമായി ഈ ശീർഷകങ്ങളിലും തുക അനുവദിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപരിയായി ചെലവുകൾ ഉണ്ടാകാതിരുന്നതിനാൽ കൂടുതൽ തുകയൊന്നും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശുപാർശ

6216-80-195-99(04)—ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണ സംഘത്തിന് (വായ്പ)

കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിന് സർക്കാർ ഓഹരി മൂലധനമായി 100 ലക്ഷം രൂപയും വായ്പയായി 100 ലക്ഷം രൂപയും നൽകുന്നതിന് പദ്ധതി നിലവിലുണ്ട്. സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിന് 2007–08 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കലുകൾ 25 ലക്ഷം രൂപ വീതം വായ്പയും ഓഹരിയും ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സംഘം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 2007–08 സാമ്പത്തിക വർഷത്തിലെ അടങ്കൽ തുകയിൽ 4216-80-195-99(04), 6216-80-195-99(04) എന്നീ ഉപശീർഷകങ്ങളിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ടി സംഘത്തിന് വായ്പയും ഓഹരിയും അനുവദിക്കുന്നതിന് 2007–2008 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകകൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വക കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും സാമ്പത്തിക പരിമിതിമൂലം തുക അനുവദിക്കാനായില്ല.

ശുപാർശ

4216-80-195-99—ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ
(06) കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ

പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ഫെഡറേഷന്റെ ധനസ്വരൂപണ ശേഷി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഓഹരി മൂലധന അംശദാനം നൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 2007-08-ൽ 9400 ലക്ഷം രൂപ ഭവനനിർമ്മാണ വായ്പയായി നൽകാനാണ് ഫെഡറേഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. അതിനാവശ്യമായ ഫണ്ട് പ്രധാനമായും എൽ.ഐ.സി, എൻ.എച്ച്.ബി, ഹഡ്കോ, സർക്കാർ ഓഹരി എന്നീ വിധത്തിൽ സ്വരൂപിക്കാനാണ് ഫെഡറേഷൻ ഉദ്ദേശിക്കുന്നത്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ വായ്പ നിബന്ധനകൾ അനുസരിച്ച് ഫെഡറേഷന്റെ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം, കരുതൽ ധനം, കെട്ടിട ഫണ്ട് എന്നിവയുടെ പത്തിരിട്ടി തുകയിൽനിന്ന് ബാക്കി നില്പ് കടം കുറച്ചുള്ള തുക മാത്രമേ വായ്പയായി നൽകുകയുള്ളൂ. അതിനാൽ ഹൗസിംഗ് ഫെഡറേഷൻ 2007-08 സാമ്പത്തിക വർഷം 500 ലക്ഷം രൂപ സർക്കാർ ഓഹരി മൂലധനമായി അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു. 2007-08 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മേൽ ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് 500 ലക്ഷം രൂപ ആയി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാനായില്ല.

ശുപാർശ

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേനുള്ള വായ്പകൾ

ഈ കോർപ്പറേഷൻ 10 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനത്തോടെ രൂപീകൃതമായിട്ടുള്ളതാണ്. കോർപ്പറേഷന്റെ പെയ്ഡ് അപ് ക്യാപിറ്റൽ 27 ലക്ഷം രൂപയാണ്. കോർപ്പറേഷൻ 13 കോടി ചെലവുവന്ന കേരള ആംഡ് പോലീസ് 3-ാം ബറ്റാലിയന്റെ ആസ്ഥാനമന്ദിരം അടൂരിൽ നിർമ്മിച്ചുനൽകി. 24.85 കോടി രൂപ ചെലവുവരുന്ന തൃശ്ശൂരിലെ കേരള പോലീസ് അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനം തൃപ്തികരമായി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

പ്ളാൻ ഇനത്തിൽ കേരള പോലീസ് അക്കാഡമിയോട് അനുബന്ധിച്ചുള്ള ക്വാർട്ടേഴ്സുകളിലെ ശുദ്ധജല വിതരണം പാലക്കാട്ടെ KAP II ബറ്റാലിയന്റെ ബാരക്ക് നിർമ്മാണം, സായുധ പോലീസ് ബറ്റാലിയനുകളുടെയും സായുധ റിസർവ്വ് ക്യാമ്പുകളുടെയും മതിലുകളുടെ നിർമ്മാണം, തൃപ്പൂണിത്തുറ സായുധ പോലീസിന്റെ ബാരക്ക് നിർമ്മാണം, ജയിലുകളുടെ പുനരുദ്ധാരണം, നിലവിലുള്ള ക്വാർട്ടേഴ്സുകളുടെയും പോലീസ് കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണി തീർക്കൽ, മുൻവർഷത്തെ തുടർപ്പണികൾ മുതലായവയ്ക്ക് 10.92 ലക്ഷം രൂപ വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. നോൺ പ്ളാൻ ഇനത്തിൽ വായ്പകളുടെ മുതലും പലിശയും തിരിച്ചടവിനും സർക്കാരിലേക്കുള്ള ഗ്യാരന്റി കമ്മീഷനുമായി 799.77 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഈ സാമ്പത്തിക വർഷത്തേക്ക് പ്ളാൻ ഇനത്തിൽ 742 ലക്ഷം രൂപയും നോൺ പ്ളാൻ ഇനത്തിൽ 644.43 ലക്ഷം രൂപയും അധികമായി അനുവദിച്ചുനൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36, 37)

സർക്കാർ സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ പ്ളാൻ ഇനത്തിൽ 742 ലക്ഷം രൂപയും നോൺ പ്ളാൻ ഇനത്തിൽ 644.43 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക പരിമിതിമൂലം തുക അനുവദിക്കാൻ സാധിച്ചില്ല.

ശുപാർശ

6216-80-201-99—കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

(06)—മാർക്കറ്റ് ബോറോയിംഗ്

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, പബ്ലിക് ഹൗസിംഗ് സ്കീമിൽ കൊമേർഷ്യൽ കോംപ്ലക്സുകൾ, റവന്യൂ ടവറുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതികൾക്ക് എച്ച്.ഡി.എഫ്.സി, ഹഡ്കോ എന്നിവ മുഖേനയാണ് ധനം സ്വരൂപിക്കുന്നത്. പ്രോജക്ട് കോസ്റ്റിൽ 60% മുതൽ 85% വരെ മാത്രമേ വായ്പയായി സ്വരൂപിക്കാൻ കഴിയുകയുള്ളൂ. ബാക്കി വേണ്ടുന്ന തുകയ്ക്ക് സർക്കാർ നൽകുന്ന വായ്പയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. പ്രസ്തുത തുക മാർക്കറ്റ് ബോറോയിംഗ് വഴിയാണ് കണ്ടെത്തുന്നത്. ഇതിൽ ബോർഡിന്റെ വിഹിതമായി 2007-08 വർഷത്തെ ബഡ്ജറ്റിലേക്ക് 50 കോടി രൂപയുടെ പ്രപ്പോസലായിരുന്നു ബോർഡ് സമർപ്പിച്ചതെങ്കിലും 2 കോടി രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ഹഡ്കോയുമായി സംയുക്ത സംരംഭത്തിൽ തിരുവനന്തപുരത്ത് പദ്ധതി നടപ്പിലാക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരത്ത് ആക്കുളത്തും എറണാകുളത്ത് മറൈൻ ഡ്രൈവിന് സമീപവും ടൗൺഷിപ്പ്/വാണിജ്യ പദ്ധതികൾ തുടങ്ങുന്നതിനും പണം സ്വരൂപിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ 4800 ലക്ഷം രൂപകൂടി 2007-08 ബഡ്ജറ്റിൽ അധികമായി വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

തുകയൊന്നും കൂടുതലായി അനുവദിച്ചിട്ടില്ല.

**(കെ) 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ മൂന്നാമത് റിപ്പോർട്ട്**

ശുപാർശ

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

(17) ചെറുകിട മരാമത്തുപണികൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാട്ടേഴ്സുകളുടെ ചെറുകിട മരാമത്തു പണികൾക്കായി ഈ ധനകാര്യ വർഷത്തേക്ക് 80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പല ക്വാട്ടേഴ്സുകളുടേയും ചെറുകിട മരാമത്തുപണികൾ ചെയ്യാനുണ്ട്. അതോടൊപ്പം കരാറുകാരുടെ കുടിശ്ശിക ബില്ലുകളും നൽകണം. 2008–2009 വർഷത്തേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

2–ാം ഉപധനാഭ്യർത്ഥനയിൽ 74.94 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ 2–ാം ഉപധനാഭ്യർത്ഥനവഴി 25 ലക്ഷം രൂപ അധികമായി അനുവദിച്ചു.

ശുപാർശ

2216-01-106-97—സംരക്ഷണവും അറ്റകുറ്റപണികളും-(01) സാധാരണ അറ്റകുറ്റപ്പണികൾ
(02) പ്രത്യേക അറ്റകുറ്റപണികൾ
(03) വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

സർക്കാർ ജീവനക്കാർക്കുടെ ക്വാട്ടേഴ്സുകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്ക് (106 ലക്ഷം രൂപ), പ്രത്യേക അറ്റകുറ്റപണികൾക്ക് (103 ലക്ഷം രൂപ), ഇലക്ട്രിക്കൽ മെയിന്റനൻസ് (23 ലക്ഷം രൂപ) തുടങ്ങിയവയ്ക്കുവേണ്ടി 2008–2009 വർഷത്തെ ബഡ്ജറ്റിൽ ആകെ 232 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നത് 2400 ലക്ഷം രൂപയാണ്. കാലപ്പഴക്കംകൊണ്ട് ശോച്യാവസ്ഥയിലായ ഗവൺമെന്റ് ക്വാട്ടേഴ്സുകൾക്ക് ഗണ്യമായ അറ്റകുറ്റപണികൾ നടത്താനുള്ളതുകൊണ്ട് ഇപ്പോൾ അനുവദിച്ചിട്ടുള്ള സംഖ്യയ്ക്കു പുറമേ 1,800 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

2-ാം ഉപധനാഭ്യർത്ഥനവഴി 261.30 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ 2-ാം ഉപധനാഭ്യർത്ഥനപ്രകാരം 1470.90 ലക്ഷം രൂപ അധികമായി അനുവദിച്ചു.

ശുപാർശ

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപണികളും

(13) തിരുവനന്തപുരം നഗരത്തിലുള്ള മന്ത്രിമാരുടെ ഔദ്യോഗിക വസതികളുടെ സാധാരണ അറ്റകുറ്റപ്പണികൾക്ക് (16.98 ലക്ഷം രൂപ) പ്രത്യേക അറ്റകുറ്റപ്പണികൾക്ക് (19 ലക്ഷം രൂപ) ഇലക്ട്രിക്കൽ മെയിന്റനൻസ് (10 ലക്ഷം രൂപ) എന്നിവയ്ക്കായി (2008–2009) വർഷത്തേക്ക് ആകെ 45.98 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ ശീർഷകത്തിൽ 120 ലക്ഷം രൂപകൂടി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ തുകയൊന്നും അധികമായി അനുവദിച്ചിട്ടില്ല.

ശുപാർശ

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപണികളും (സിവിലും ഇലക്ട്രിക്കലും)

നിയമസഭാ സമാജികരുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും (സിവിലും ഇലക്ട്രിക്കലും) സംബന്ധിച്ചുള്ള പണികൾക്കായി 2008–2009 വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പുവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

198.98 ലക്ഷം രൂപ 2-ാം ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ 119.40 ലക്ഷം രൂപ 2-ാം ഉപധനാഭ്യർത്ഥനവഴി അനുവദിച്ചു.

ശുപാർശ

2216-02-800-98—പത്രപ്രവർത്തകർക്കുള്ള ഭവനനിർമ്മാണ പദ്ധതിയുടെ സംസ്ഥാനതല യാത്രാചെലവ്

ഈ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട സംസ്ഥാനതല സമിതിയുടെ യാത്രാചെലവുകൾക്കായി ഈ സാമ്പത്തിക വർഷം 3000 രൂപ വക യിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 22,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക വിനിയോഗിക്കാത്ത സാഹചര്യത്തിൽ അധികതുക വകയിരുത്തിയിട്ടില്ല.

ശുപാർശ

2216-80-103-99 (01)—സഹായധനം

സർക്കാർ നിർദ്ദേശ പ്രകാരം ദുർബല വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന റവന്യൂ കമ്മി നികത്തുന്നതിനായി 2008-2009 വാർഷിക ബഡ്ജറ്റിൽ 60 ലക്ഷം രൂപ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ചിരുന്നുവെങ്കിലും 35.25 ലക്ഷം രൂപ മാത്രമേ 2008-2009-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ആകയാൽ മേൽ ശീർഷകത്തിൽ ബാക്കി തുകയായ 24.75 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തതിൻ പ്രകാരം 2008-2009-ലെ ഉപധനാഭ്യർത്ഥനയിൽ 24.75 ലക്ഷം രൂപ വകയിരുത്തണമെന്ന് ഭവനനിർമ്മാണ ബോർഡ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലെ വിഹിതം ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധിക വിഹിതം ഭവന നിർമ്മാണ ബോർഡിന് അനുവദിച്ചിട്ടില്ല.

ശുപാർശ

2216-02-103-99 (09)—മൈത്രി ഭവന പദ്ധതി

മൈത്രി ഭവന പദ്ധതി നിർത്തലാക്കിയെങ്കിലും ഒന്നാം ഗഡു അനുവദിച്ചവർക്കും ബോർഡുമായി കരാറിലേർപ്പെട്ടിരുന്നവർക്കും തുടർന്നുള്ള വായ്പ നൽകാൻ തീരുമാനിച്ചിരുന്നു. മൂലധന സബ്സിഡി പൂർണ്ണമായും അതാത് വർഷത്തെ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരുന്നതുമൂലം ഉണ്ടായ ബാക്ക് ലോഗ് നികത്തുന്ന തിനാവശ്യമായ തുക ഈ സ്കീം നിർത്തലാക്കിയ 2001 മുതൽ 2007 വരെ അതാത് വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച് ബോർഡിന് നൽകിവരികയാണ്. 2001-2002 മുതൽ 2006-2007 വരെ ഈ ഇനത്തിൽ 265.30 കോടി രൂപ സർക്കാർ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

2008–2009 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10583.27 ലക്ഷം രൂപ മൈത്രി ഭവന പദ്ധതിക്ക് ഉൾക്കൊള്ളിക്കണമെന്ന് ബോർഡ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബോർഡിന് ലഭിക്കേണ്ട തുകയായ 105.83 കോടി രൂപ ബോർഡിന് നൽകുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24,25)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തതിൻപ്രകാരം 2008–2009–ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ മൈത്രി ഭവന പദ്ധതിക്കായി 105.83 കോടി രൂപ നൽകണമെന്ന് ഭവന നിർമ്മാണ ബോർഡ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2007–08 വാർഷിക പദ്ധതിയിൽ മൈത്രി ഭവന പദ്ധതികൂടി ഉൾപ്പെടുത്തിയിരുന്നെങ്കിലും സർക്കാരിൽനിന്ന് അനുമതി നേടിയിരുന്നില്ല. സർക്കാർ അനുമതിയുടെ അഭാവത്തിൽ പ്രസ്തുത ശുപാർശ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ഭവനനിർമ്മാണ ബോർഡിന് സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

2216-80-103-99 (20)—സുരക്ഷാ ഭവന പദ്ധതി

സമൂഹത്തിലെ സാമ്പത്തികമായി ഏറ്റവും ദുർബല വിഭാഗങ്ങളിൽപ്പെടുന്ന സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പാവപ്പെട്ടവർക്ക് വേണ്ടി സന്നദ്ധ സംഘടന കളുമായി ഒത്തുചേർന്ന് ബോർഡുവഴി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

2007–2008 സാമ്പത്തിക വർഷം പദ്ധതിക്കായി 1.58 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് 632 വീടുകൾക്ക് സബ്സിഡി മാത്രം നൽകുന്നതിനേ സാധിക്കുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ സന്നദ്ധ സംഘടനകളും ഈ പദ്ധതിയിൽ പങ്കാളികളാവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളതിനാൽ ഈ വർഷം 5000 വീടുകൾ നിർമ്മിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. ഇതിനുള്ള സബ്സിഡി നൽകുവാൻ ആവശ്യമായ 12.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26, 27)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തതിൻപ്രകാരം 2008–2009–ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഭവന നിർമ്മാണ ബോർഡ് സുരക്ഷാ ഭവന പദ്ധതിക്ക് സബ്സിഡിയിനത്തിൽ 12.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ശുപാർശ ഉപധനാഭ്യർത്ഥന സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമല്ലാത്തതിനാൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ഭവനനിർമ്മാണ ബോർഡിന് സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചില്ല.

ശുപാർശ

2216-80-103-99 (34)—ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണം

2008-2009 സാമ്പത്തിക വർഷം ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണത്തിനായി 5 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 14,000 വീടുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി തയ്യാറാക്കിയ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനായി 70 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 65 ലക്ഷം രൂപകൂടി അധികമായി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

ലക്ഷം വീട് ഭവനങ്ങളുടെ നവീകരണത്തിനും പുനർനിർമ്മാണത്തിനുമായി വിവിധ ഏജൻസികളും പൊതുജനങ്ങളും ധനസഹായം നൽകുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവന സ്വരൂപിക്കുന്നതിന് ഒരു പ്രത്യേക ശീർഷകം ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28, 29)

സർക്കാർ സ്വീകരിച്ച നടപടി

2008-2009-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ബഡ്ജറ്റ് വിഹിതമായ 5 കോടി രൂപയ്ക്ക് പുറമേ 65 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയത് ഉപധനാഭ്യർത്ഥന സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമല്ലാത്തതിനാൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ഭവനനിർമ്മാണ ബോർഡിന് സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

4216-01-106-98 (02)—ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ് 16-വൻകിടമരാമത്ത് പണികൾ

സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ 110.04 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. പീരുമേട്ടിലും കണ്ണൂരിലും ജയിൽ ജീവനക്കാർക്കും, പൊതുമരാമത്ത് വകുപ്പ് ജീവനക്കാർക്കുമുള്ള ക്വാർട്ടേഴ്സ് തുടങ്ങി പല പണികളും പുരോഗതിയിലാണ്. എറണാകുളം ഗാന്ധിനഗറിൽ ഫയർഫോഴ്സ് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളും ഇടുക്കി, തിരുവനന്തപുരം, മലപ്പുറം, തലശ്ശേരി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം അടക്കം പുതുതായി പല പണികളും ഏറ്റെടുക്കാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപകൂടി അധികമായി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2-ാം ഉപധനാഭ്യർത്ഥന പ്രകാരം 11/2008 വരെയുള്ള ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി 24.12 ലക്ഷം രൂപ അധികമായി അനുവദിച്ചു.

<u>ശുപാർശ</u>

4216-01-106-98 (03)— <u>ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ്</u>
<u>16-വൻകിടമരാമത്തുകൾ</u>

പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കുന്നതിനും കുടിശ്ശിക ബിൽ ക്ലിയർ ചെയ്യുന്നതിനും പുതിയ ജോലികൾ ഏറ്റെടുക്കുന്നതിനും ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ 350 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുകയൊന്നും അനുവദിച്ചില്ല.

<u>ശുപാർശ</u>

4216-01-106-98 (04)—<u>സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി</u>
<u>16-വൻകിട മരാമത്തുപണികൾ</u>

തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ക്വാർട്ടേഴ്സ്, ചീഫ് എഞ്ചിനീയർമാർക്ക് ക്വാർട്ടേഴ്സ്, തൃപ്തി നഗറിൽ സീനിയർ ഉദ്യോഗസ്ഥൻമാർക്ക് ക്വാർട്ടേഴ്സ് തുടങ്ങിയ പുതിയ ജോലികൾ പൂർത്തീകരിക്കുന്നതിന് ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാകയാൽ 160 ലക്ഷം രൂപകൂടി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2-ാം ഉപധനാഭ്യർത്ഥനവഴി 31.08 ലക്ഷം രൂപ 11/2008 വരെയുള്ള ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി അനുവദിച്ചു.

<u>ശുപാർശ</u>

4216-01-700-93 (01)—<u>ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി (നിർമ്മാണം)</u>

(i) ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, പരവൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് ക്വാർട്ടേഴ്സ്, ശാസ്താംകോട്ട മുൻസിഫ് ക്വാർട്ടേഴ്സ്, എന്നിവയും ഭരണാനുമതി പ്രതീക്ഷിക്കുന്ന പുതുതായി മറ്റു ചില ക്വാർട്ടേഴ്സുകളുടെ നിർമ്മാണം ഏറ്റെടുക്കാനുള്ളതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്കുപുറമേ 200 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-700-93 (02)—ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്കുവേണ്ടി മാറ്റിയ വിഹിതം,

(03) യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കും വേണ്ടി മാറ്റിയ വിഹിതം)

(ii) 2059 പൊതുമരാമത്ത്-എസ്റ്റാബ്ലിഷ്മെന്റ്-ഡി ആന്റ് പി ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ ഇനത്തിലുള്ള തുകയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നത്. 2008-09 വർഷത്തേക്ക് (24.71 + 1.73)= 26.44 ലക്ഷം രൂപയാണ് മേൽപ്പറഞ്ഞ ഉപശീർഷകങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 42.80 ലക്ഷം രൂപ കൂടി ഈ ശീർഷകങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ തുകയൊന്നും അധികമായി അനുവദിച്ചിട്ടില്ല.

ശുപാർശ

4216-01-700-88—മന്ത്രിമാരുടെ താമസിക്കാനുള്ള ബംഗ്ലാവുകൾ

2008-2009-ൽ ഈ ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല. മന്ത്രിമന്ദിരങ്ങളുടെ നിർമ്മാണത്തിനായി 350 ലക്ഷം രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകം 2008-09 വർഷം ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

**(എൽ) 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ നാലാമത് റിപ്പോർട്ട്**

ശുപാർശ

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് (17) ചെറുകിടമരാമത്ത് പണികൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ചെറുകിടമരാമത്ത് പണികൾക്കായി 2009-10 വർഷത്തേക്ക് 410 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 187.05 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പല ക്വാർട്ടേഴ്സുകളുടെയും ചെറുകിടമരാമത്ത് പണികൾ ചെയ്യാനുണ്ട്. മേൽപ്പറഞ്ഞ ചെലവുകൾക്ക് 2009-10 വർഷത്തേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 220 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

മന്ത്രിമാരുടെ തിരുവനന്തപുരം നഗരത്തിലുള്ള ഔദ്യോഗിക വസതികളുടെ സാധാരണ അറ്റകുറ്റപ്പണികൾ 38.89 ലക്ഷം രൂപ, പ്രത്യേക അറ്റകുറ്റപ്പണികൾ 34.03 ലക്ഷം രൂപ, ഇലക്ട്രിക്കൽ മെയിന്റനൻസ് 24.32 ലക്ഷം രൂപ എന്നിവ ഉൾപ്പെടെ 2009-10 വർഷത്തേക്കായി ആകെ 97.24 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സംരക്ഷണ പണികൾക്കുള്ള തുക അപര്യാപ്തമായതിനാൽ 140 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

നിയമസഭാ സാമാജികരുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും) സംബന്ധിച്ചുള്ള പണികൾക്കായി 2009-10 വർഷത്തേക്കു 135 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 41.74 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2009-10-ലേക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 90 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

4,57,000 രൂപ കൂടി അനുവദിച്ച് തുക 46,31,000 ആയി വർദ്ധിപ്പിച്ചു.

ശുപാർശ

4216-01-106-98—നിർമ്മാണം (02)—ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ് (16) വൻകിട മരാമത്തുപണികൾ

സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 2009-10 വർഷത്തേക്ക് ആകെ 600 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 110.03 ലക്ഷം രൂപ മാത്രമാണ് വകകൊള്ളിച്ചിട്ടുള്ളത്. പൊതുമരാമത്ത് ജീവനക്കാരുടെ ക്വാർട്ടേഴ്സ്, ഹരിഹർ നഗർ

എൻ. ജി. ഒ. ക്വാർട്ടേഴ്സ്, പാലക്കാട് എൻ. ജി. ഒ. ക്വാർട്ടേഴ്സ്, കണ്ണൂർ ഗവ. ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പുരോഗതിയിലാണ്. എറണാകുളം ഗാന്ധിനഗറിൽ ഫയർഫോഴ്സ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ്, ഇടുക്കി, ദേവികുളം, തിരുവനന്തപുരം, മലപ്പുറം, തലശ്ശേരി, എറണാകുളം, തൃശൂർ, കോഴിക്കോട്, സുൽത്താൻബത്തേരി എന്നിവിടങ്ങളിലും പുതുതായി പല പണികളും ഏറ്റെടുക്കാനുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ 200 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

22,71,000 രൂപ കൂടി അനുവദിച്ച് ബഡ്ജറ്റ് തുക 1,38,66,000 ആയി വർദ്ധിപ്പിച്ചു.

ശുപാർശ

4216-01-106-98—നിർമ്മാണം (03)—ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ഹോസ്റ്റൽ (16) വൻകിട മരാമത്തുപണികൾ

തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിൽ പുതുതായി വർക്കിംഗ് വുമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണ ജോലികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കുന്നതിന് 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

4216-01-106-98—നിർമ്മാണം (04)—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി (16) വൻകിട മരാമത്തുപണികൾ

മന്ത്രിമാർക്കായി 6 മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനം തിരുവനന്തപുരത്ത് ആരംഭിച്ചത് പൂർത്തീകരിക്കുന്നതിനും, തിരുവനന്തപുരം, ഇടുക്കി, എറണാകുളം ജില്ലാ കളക്ടർമാർക്കും, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർമാർക്കും, തൃപ്തി നഗറിൽ സീനിയർ ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സുകളുടെ പണി ആരംഭിക്കുന്നതിനും 2009-10-ൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 500 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

മറ്റു ശീർഷകങ്ങൾക്ക് ആനുപാതികമായി തുക ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും കൂടുതലായി അനുവദിച്ചിട്ടില്ല.

ശുപാർശ

4216-01-700-93(01)—ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിടപദ്ധതി (നിർമ്മാണം)

ജുഡീഷ്യൽ ഓഫീസർമാർക്ക് സൗജന്യ താമസസൗകര്യം നൽകേണ്ടതാകയാൽ ഭൂമി അക്വയർ ചെയ്ത് കൂടുതൽ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. ആലപ്പുഴ ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, പറവൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് ക്വാർട്ടേഴ്സ്, ശാസ്താംകോട്ട മുൻസിഫ് ക്വാർട്ടേഴ്സ് എന്നിവയും ഭരണാനുമതി പ്രതീക്ഷിക്കുന്ന മറ്റ് ചില ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം ഏറ്റെടുക്കാനുണ്ട്. ആയതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമേ 200 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

**ഭാഗം 2**

**I. 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിൽ ഗവൺമെന്റിൽ നിന്നും വൈകി ലഭ്യമാക്കിയിട്ടുള്ള (പ്രസ്തുത റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ യഥാക്രമം 3-11-2011-നും 24-7-2012-നും സഭയിൽ സമർപ്പിച്ചതിന് ശേഷം) മറുപടികൾ.**

**എ. 2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ട്**

ശുപാർശ

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്
(17) ചെറുകിട മരാമത്ത് പണികൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ചെറുകിട മരാമത്തു പണികൾക്കായി 2010-11 വർഷത്തേക്ക് 450 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 250 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ക്വാർട്ടേഴ്സുകളുടെ നവീകരണവും ചെറുകിട മരാമത്തുപണികളും നടപ്പാക്കാനുണ്ട്. അതോടൊപ്പം കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകേണ്ടതുണ്ട്. ഈ ചെലവുകൾക്കായി 150 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നം. 4520/ബി2/2010/ഭവനം, തീയതി 3-1-2012)

ശുപാർശ

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

നിയമസഭാ സാമാജികരുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും) സംബന്ധിച്ചുള്ള പണികൾക്കായി 175 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുള്ള സ്ഥാനത്ത് 75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

11,18,000 രൂപകൂടി അനുവദിച്ച് ബഡ്ജറ്റ് വിഹിതം 86,18,000 രൂപയായി വർദ്ധിപ്പിച്ചു.

(ഗവ. കത്ത് നം. 5395/എ3/2011/ഭവനം, തീയതി 2-12-2011)

ശുപാർശ

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും

ഹൗസിംഗ് കമ്മീഷണർ ഓഫീസിലെ കമ്പ്യൂട്ടർ പരിപാലനത്തിനും ഓഫീസ് ആധുനികവൽക്കരണത്തിനുമായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു വെങ്കിലും 53,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,47,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാനായില്ല.

(ഗവ. കത്ത് നം. 5395/എ3/2011/ഭവനം, തീയതി 2-12-2011)

ശുപാർശ

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

ഈ ശീർഷകത്തിൽ 500 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ തുടർന്ന് നടത്തികൊണ്ടു പോകുന്നതിന് 70 ലക്ഷം രൂപ കൂടി അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 70 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

70 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിക്കാനായില്ല.

(ഗവ. കത്ത് നം. 5395/എ3/2011/ഭവനം, തീയതി 2-12-2011)

ശുപാർശ

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ കേന്ദ്രത്തിൽ പരിശീലനത്തിനും ഗവേഷണത്തിനും നടത്തിപ്പിനുമായി ആവശ്യപ്പെട്ടിരുന്നത് 268 ലക്ഷം രൂപ ആയിരുന്നു വെങ്കിലും 150 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ സ്ഥാപനത്തിന് 5 ഏക്കറിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിനും, കെട്ടിടനിർമ്മാണത്തിലെ വിവിധ സാങ്കേതിക വിദ്യകൾ പഠിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും ഗവേഷണം നടത്തുന്നതിനുമായി വ്യത്യസ്ത സ്കൂളുകൾ സ്ഥാപിക്കുന്നതിന് തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 118 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചില്ല.

(ഗവ. കത്ത് നം. 5395/എ3/2011/ഭവനം, തീയതി 2-12-2011)

ശുപാർശ

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 37.35 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

37.35 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിക്കാനായില്ല.

(ഗവ. കത്ത് നം. 5395/എ3/2011/ഭവനം, തീയതി 2-12-2011)

ശുപാർശ

2216-80-800-87— പ്രവാസി ഭവന പദ്ധതി

പദ്ധതി ചെലവായ 10.05 കോടി രൂപയിൽ 8 കോടി രൂപ 2010-11-ലെ ബഡ്ജറ്റിൽ വകയിരുത്തണമെന്നാണ് അഭ്യർത്ഥിച്ചിരുന്നതെങ്കിലും 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. കോഴിക്കോട് ഈ പദ്ധതി നടപ്പാക്കുന്നതിനായി ബാക്കി തുകയായ 7 കോടി രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാനായില്ല.

(ഗവ. കത്ത് നം. 5395/എ3/2011/ഭവനം, തീയതി 2-12-2011)

ശുപാർശ

4216-01-106-98—നിർമ്മാണം

(01)—വാടകയ്ക്കുള്ള ഭവനനിർമ്മാണ പദ്ധതി

(02)—ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് (16) വൻകിട മരാമത്തുപണികൾ

സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 2010-11 വർഷത്തേക്ക് 600 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 100 ലക്ഷം രൂപ മാത്രമാണ് വകക്കൊള്ളിച്ചിട്ടുള്ളത്. പൊതുമരാമത്ത് ജീവനക്കാരുടെ ക്വാർട്ടേഴ്സ്, കണ്ണൂർ ഗവ. ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നിവ പൂർത്തിയാക്കുന്നതിനും എറണാകുളം ഗാന്ധി നഗർ ഫയർഫോഴ്സ് ജീവനക്കാർക്ക് ക്വാർട്ടേഴ്സിനും, എറണാകുളം, തൃശൂർ, കോഴിക്കോട്, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ പുതുതായി പല പണികളും ഏറ്റെടുക്കുന്നതിനും പദ്ധതിയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

70,30,000 രൂപകൂടി അനുവദിച്ച് ബഡ്ജറ്റ് വിഹിതം 1,70,30,000 രൂപയായി വർദ്ധിപ്പിച്ചു.

(ഗവ. കത്ത് നം. 4520/ബി2/2010/ഭവനം, തീയതി 3-1-2012)

ശുപാർശ

4216-01-106-98—(03) ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ (16) വൻകിട മരാമത്തുപണികൾ

എറണാകുളം തൃക്കാക്കരയിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണി പുരോഗതിയിലാണ്. മൂന്നു മാസത്തിനകം കെട്ടിട നിർമ്മാണം പൂർത്തിയാകും. ഈ ശീർഷകത്തിൽ 350 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

3,41,05,000 രൂപ അനുവദിച്ചു.

(ഗവ. കത്ത് നമ്പർ 4520/ബി2/2010/ഭവനം തീയതി 3-1-2012)

ശുപാർശ

4216-01-700-93—ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി

2010-11 വർഷത്തേക്ക് 500 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 250 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, പറവൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് ക്വാർട്ടേഴ്സ്, ശാസ്താംകോട്ട മുൻസിഫ് ക്വാർട്ടേഴ്സ് എന്നിവയുടെയും ഭരണാനുമതി പ്രതീക്ഷിക്കുന്ന മറ്റു ചില ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം ഏറ്റെടുക്കാനുണ്ട്. ജുഡീഷ്യൽ പേ കമ്മിഷൻ ഉത്തരവുപ്രകാരം ജുഡീഷ്യൽ ഓഫീസർമാർക്ക് സൗജന്യ താമസസൗകര്യം നൽകണം. അതിനാൽ ഭൂമി അക്വയർ ചെയ്ത് കൂടുതൽ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ ലഭ്യമാക്കേണ്ടിയിരിക്കുന്നു. ആയതിനാൽ വകയിരുത്തിയ തുകയ്ക്കു പുറമെ 100 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിൽ അധികമായി തുക ഒന്നും അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 4520/ബി2/2010/ഭവനം തീയതി 3-1-2012)

ശുപാർശ

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 750 ലക്ഷം രൂപയും ധനകാര്യസ്ഥാപനങ്ങളിലേക്ക് മുൻകാലങ്ങളിൽ മുതലും പലിശയും കോർപ്പറേഷന്റെ മറ്റു ഫണ്ടുകളിൽ എടുത്ത് വിനിയോഗിച്ചത് റഗുലറൈസ് ചെയ്യുന്നതിലേക്കും സർക്കാരിലേക്ക് ഗ്യാരണ്ടി കമ്മീഷൻ കൊടുക്കുന്നതിലേക്കുമായി നോൺ പ്ലാൻ ഇനത്തിൽ 2,950.40 ലക്ഷം രൂപയും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പ്ലാൻ വിഹിതമായി 600 ലക്ഷം രൂപയും നോൺ പ്ലാൻ വിഹിതമായി 193.60 ലക്ഷം രൂപയും മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ തുകകൾ തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പ്ലാൻ വിഭാഗത്തിൽ 150 ലക്ഷം രൂപയും നോൺ പ്ലാൻ വിഭാഗത്തിൽ 2,756.80 ലക്ഷം രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

പ്ലാൻ വിഭാഗത്തിൽ 150 ലക്ഷം രൂപയും നോൺ പ്ലാൻ വിഭാഗത്തിൽ 2,756.80 ലക്ഷം രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാനായില്ല.

(ഗവ. കത്ത് നമ്പർ 5395/എ3/2011/ഭവനം തീയതി 2-12-2011)

പ്രസ്തുത റിപ്പോർട്ടുകൾ 4-4-2012-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ബി. 2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 5-ാമത് റിപ്പോർട്ട്**

ശുപാർശ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷത്തിന്റെ അവശേഷിക്കുന്ന കാലയളവിൽ ചെയ്യാൻ കഴിയുന്ന പരിപാടികൾ കണക്കിലെടുത്ത് കിലയ്ക്ക് ടി സാമ്പത്തിക വർഷം അധിക തുക ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിച്ച് വ്യക്തമായ നിർദ്ദേശം സമർപ്പിക്കണമെന്ന് 9-3-2011-ൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. 2010-2011 സാമ്പത്തിക വർഷം അവസാനിക്കാറായ സമയത്തായതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ കൈക്കൊണ്ടില്ല എന്നുള്ള വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു.

(ഗവ. കത്ത് നമ്പർ 45615/എഫ്.എം.2/2010/ത.സ്വ.ഭ.വ. തീയതി 17-11-2011)

ശുപാർശ

പ്രത്യേക ഘടക പദ്ധതി, കുടുംബശ്രീ, ഭവനനിർമ്മാണം തുടങ്ങിയ പദ്ധതികളിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരാണ് നിർവ്വഹിച്ചുവരുന്നത്. ഇവർക്ക് യാത്രപ്പടി ഇനത്തിൽ രണ്ട് വർഷത്തെ കുടിശ്ശിക നൽകുവാനുണ്ട്. ഈ കുടിശ്ശിക തീർക്കുന്നതിനായി 2515-00-001-49-04(1) ശീർഷകത്തിൽ 180 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 2515-00-001-49 04(01) എന്ന ശീർഷകത്തിൽ 19,05,000 രൂപ അനുവദിച്ചിരുന്നു. പക്ഷെ തുക അപര്യാപ്തമായി രുന്നതിനാൽ 69,56,000 രൂപ അധികമായി അനുവദിക്കണമെന്ന് 2010-2011 സാമ്പത്തിക വർഷത്തെ ഫൈനൽ എസ്.ഡി.ജി. മുഖേന അഭ്യർത്ഥിച്ചിരുന്നെങ്കിലും അധിക തുക ഒന്നും തന്നെ അനുവദിച്ചുതന്നില്ല. സാമ്പത്തിക വർഷം കഴിഞ്ഞുപോയതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയിന്മേൽ നടപടി ആവശ്യമില്ലായെന്ന് അറിയിക്കുന്നു.

(ഗവ. കത്ത് നമ്പർ 2297/ഡി3/2012/ത.സ്വ.ഭ.വ. തീയതി 28-5-2012)

ശുപാർശ

പരിശീലനം നടത്തുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സ്റ്റൈപ്പന്റ് കൊടുക്കുന്നതിനായി 2515-00-003-50 (12) (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തി യിരിക്കുന്ന 15 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. ഏകദേശം 750 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നടപ്പു സാമ്പത്തിക വർഷം പരിശീലനം നൽകേണ്ട തുള്ളതിനാൽ 168.50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

2515-00-003-50 (12) സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് എന്ന ശീർഷകത്തിൽ 2010-2011 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുടർന്ന് 2,37,95,000 രൂപ അധികമായി എസ്.ഡി.ജി. മുഖേന ലഭിച്ചിരുന്നു. ആകെ ലഭ്യമായ 25,29,500 രൂപയിൽ 2,52,18,000 രൂപ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് വേണ്ടിയുള്ള പ്രീസർവ്വീസ് ട്രെയിനിംഗ് കാലയളവിൽ സ്റ്റൈപ്പന്റ് നൽകുന്നതിനായി ചെലവാക്കുകയും ശേഷിച്ച 77,000 രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 2297/ഡി3/2012/ത.സ്വ.ഭ.വ. തീയതി 28-5-2012)

ശുപാർശ

4515-00-103-99—സ്വരാജ് ഭവന്റെ നിർമ്മാണം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പലയിടങ്ങളിലായി സർക്കാർ കെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലും പ്രവർത്തിച്ചുവരുന്ന സംസ്ഥാനതല ഓഫീസുകൾ ഒരേ കെട്ടിടത്തിൽ കൊണ്ടുവരുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള സ്വരാജ് ഭവന്റെ പണി ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപ തികച്ചും അപര്യാപ്ത മായതിനാൽ പ്രസ്തുത തുക 1250 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

സ്വരാജ് ഭവൻ കെട്ടിടനിർമ്മാണത്തിന്റെ പണി തുടക്കത്തിൽ 1490 ലക്ഷം രൂപ അടങ്കലിലാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ചില അനുബന്ധ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് 1705 ലക്ഷം രൂപയ്ക്ക് റിവൈസ് ചെയ്യുകയുണ്ടായി. ടെന്റർ എക്സസ് ഉൾപ്പെടെ 1941 ലക്ഷം രൂപയായിട്ടുണ്ട്. സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്ന വകുപ്പുകളുടെ ഫണ്ടിൽ നിന്നാണ് തുടക്കത്തിൽ പാർട്ട് ബിൽ പേയ്മെന്റുകൾ നടത്തിയിരുന്നത്. 381.74 ലക്ഷം രൂപ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുകയുണ്ടായി. എന്നാൽ ഈ ഫണ്ടുകൾ ലഭ്യമാകാതെ വന്നപ്പോൾ സർക്കാർ 2010-2011-ലെ ബഡ്ജറ്റിൽ 450 ലക്ഷം രൂപ വകയിരുത്തിയിരുന്നു. തുടർന്ന് 150 ലക്ഷം രൂപ 2010-2011-ലെ സപ്ലിമെന്ററി ബജറ്റിലും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ തൊഴിലാളികളുടെ ദൗർലഭ്യം, മണൽ, മെറ്റൽ തുടങ്ങിയ നിർമ്മാണസാധനങ്ങളുടെ ദൗർലഭ്യം എന്നിവ നിമിത്തം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. ആയതിനാൽ 248.62 ലക്ഷം രൂപ മാത്രമേ ചെലവാക്കാൻ സാധിച്ചിട്ടുള്ളൂ.

തുടർന്ന് 2011-2012 സാമ്പത്തിക വർഷത്തിൽ 105 ലക്ഷം രൂപ ബജറ്റിൽ അനുവദിക്കുകയുണ്ടായി. ടി തുക കൂടാതെ പ്രവൃത്തി പൂർത്തീകരിക്കാൻ 1196 ലക്ഷം രൂപ കൂടി ആവശ്യമുണ്ടായിരുന്നു. തുടർന്ന് 300 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി. ഇങ്ങനെ 2011-2012 ബഡ്ജറ്റിൽ ലഭിച്ച 405 ലക്ഷം രൂപയിൽ 309.69 ലക്ഷം രൂപ ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു.

സ്വരാജ് ഭവൻ കെട്ടിടത്തിന്റെ സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. ഫിനിഷിംഗ് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കാൻ 896 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 300 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാൻഡിൽ 2011-2012 സാമ്പത്തിക വർഷത്തിൽ തന്നെ ബഡ്ജറ്റിൽ അനുവദിക്കണമെന്ന് ധനവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 63835/ഡിസി2/2011/ത.സ്വ.ഭ.വ. തീയതി 20-4-2012)

പ്രസ്തുത റിപ്പോർട്ടുകൾ 4-4-2012, 5-7-2012 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## സി. 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട്

ശുപാർശ

2217-80-800-73—നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ്
നഗരപ്രദേശങ്ങളിലെ നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കലും പുനരുദ്ധീകരണവും

ഖരമാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നുതന്നെ തരംതിരിച്ച് സംസ്കരിക്കുന്നതിനും, അവ ശേഖരിക്കുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനും, പൊതു സംസ്കരണ സംവിധാനം ഉണ്ടാക്കി അവിടെ സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നത്. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 5 കോർപ്പറേഷനുകൾക്ക് 5 കോടി രൂപ വീതം ആകെ 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ നഗരപ്രദേശങ്ങളിലെ നിലവിലുള്ള ഖരമാലിന്യ സംസ്കരണ പരിപാലനം പുനരുദ്ധീകരിക്കാനും പുതിയവ സ്ഥാപിക്കാനുമായി 23.15 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിൽ 20 കോടി രൂപ ശുചിത്വമിഷന് നൽകിയിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

നഗരസഭകളിലെ മാലിന്യനിക്ഷേപ സ്ഥലത്തിന്റെ പുനരുദ്ധീകരണവും സാനിറ്ററി ലാന്റ് ഫീൽ സംവിധാനത്തിന്റെ നിർമ്മാണവും

വർഷങ്ങളായി ഖരമാലിന്യങ്ങൾ നിക്ഷേപിച്ചിരിക്കുന്ന നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മാലിന്യക്കൂമ്പാരം പരിസ്ഥിതിക്ക് ഭംഗംവരാത്ത തരത്തിൽ അവിടെത്തന്നെ ശാസ്ത്രീയമായി ക്യാപ്പ് ചെയ്ത് പരിഹാരം കാണുന്നതിനും ചട്ടപ്രകാരം സംവിധാനം ഏർപ്പെടുത്താനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സാനിറ്ററി ലാന്റ് ഫീൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി 20 നഗരസഭകൾക്ക് പദ്ധതി വിഹിതത്തിന്റെ 75% അല്ലെങ്കിൽ പരമാവധി 30 ലക്ഷം രൂപ നൽകുന്നതിനായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പ്രകാരം സർക്കാർ 20 കോടി രൂപ അനുവദിച്ചിരുന്നു.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

ജില്ലാ തലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ

വീടുകളിലും സ്ഥാപനങ്ങളിലുമുള്ള സെപ്ടിക് ടാങ്കുകളിൽ നിന്നും നീക്കം ചെയ്യുന്ന ഖര-ദ്രവമാലിന്യങ്ങൾ ജലാശയങ്ങളിൽ പുറന്തള്ളാതെ ശാസ്ത്രീയമായി സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ ജില്ലകളിലും ഒരുക്കേണ്ടതുണ്ട്. മാതൃകയായി ഒരു ജില്ലയിൽ 100% സാമ്പത്തിക സഹായം നൽകി 200 ലക്ഷം രൂപ മതിപ്പ് ചെലവോടുകൂടി ഒരു മോഡൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

ജില്ലാതലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 200 ലക്ഷം രൂപ വകയിരുത്തുന്നതിന് ബഹു. സമിതി ശുപാർശ ചെയ്തിരുന്നു. ആയതിൽ 1 കോടി രൂപ 2011-2012 സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നും ലഭിച്ചത് എറണാകുളം ജില്ലയിൽ ഏളംകുളത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായി ചുമതലപ്പെടുത്തിയിട്ടുള്ള കേരള വാട്ടർ അതോറിറ്റിക്ക് 2012 മാർച്ച് മാസം തന്നെ കൈമാറിയിട്ടുണ്ട്. തുടർനടപടി കേരള വാട്ടർ അതോറിറ്റി കൈക്കൊണ്ടുവരുന്നു.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2217-80-800-72-20—മുൻസിപ്പാലിറ്റികളിലെ നഗരശുചീകരണ പ്രവർത്തനം

100% കേന്ദ്ര സഹായമുള്ള സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി 2011-2012 ബഡ്ജറ്റിൽ 2217-Urban Development 80–General 800–Other Expenditure 72 എന്ന ഹെഡ്ഡിൽ 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 120 ലക്ഷം രൂപ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത തുക മാറിയെടുക്കുന്നതിനാണ് ഈ ശീർഷകം. ബാക്കിയുള്ള 80 ലക്ഷം രൂപ ഈ വർഷം തന്നെ ലഭിക്കുമെന്നതിനാൽ 80 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ 100% കേന്ദ്ര സഹായത്തോടെ സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി 120 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നതിലേക്കായി ഹൈദ്രാബാദ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Administrative Staff College of India (ASCI) എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുകയും പ്രസ്തുത സ്ഥാപനം ആദ്യ കരട് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2515-00-001-97—ജില്ലാഭരണം

01-4—മെഡിക്കൽ റീ—ഇംബേഴ്സ്മെന്റ്

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,48,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

01-04—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ 2011-2012 വർഷത്തെ ചെലവ് ബഡ്ജറ്റ് പരിധിക്കുള്ളിൽ നിന്നിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നിരുന്നില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

04—യാത്രാ ചെലവുകൾ

1—യാത്രാബത്ത

വിവിധ ജില്ലകളിൽ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കുടിശ്ശികയുൾപ്പെടെയുള്ള തുക കൊടുക്കുന്നതിന് 21,92,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

2515-00-001-97 ജില്ലാ ഭരണം 04-1-യാത്രാബത്ത എന്ന ശീർഷകത്തിൽ 2011-2012 വർഷം 22,00,000 രൂപ (ഇരുപത്തിരണ്ട് ലക്ഷം രൂപ) അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാകുകയും പ്രസ്തുത അഡീഷണൽ ആതറൈസേഷൻ തുക 31-3-2012-ലെ ജി.ഒ.(ആർറ്റി.) 4058/2012/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം റീ-അപ്രോപ്രിയേറ്റ് ചെയ്തിട്ടുള്ളതുമാണ്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഒരു ജില്ലയ്ക്ക് പ്രതിവർഷം ഏറ്റവും കുറഞ്ഞത് 25,000 രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്കായി 3,50,000 രൂപ ചെലവാകും എന്നതിനാൽ 1,40,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

21-2—മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 2011-2012 വർഷത്തെ ചെലവ് ബഡ്ജറ്റ് പരിധിക്കുള്ളിൽ നിന്നിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നിരുന്നില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

45—പി.ഒ.എൽ.

ഇടുക്കി, വയനാട് തുടങ്ങിയ മലയോര ജില്ലകൾക്കും പാലക്കാട്, മലപ്പുറം തുടങ്ങിയ വിസ്തൃതി കൂടിയ ജില്ലകൾക്കും ഇന്ധനത്തിന് കൂടുതൽ തുക അനുവദിക്കുന്നതിനും നിലവിലുള്ള കുടിശ്ശികകൾ തീർക്കുന്നതിനുമായി ഒരു ജില്ലയ്ക്ക് ഒരു ലക്ഷം രൂപ നിരക്കിൽ ഈ ഇനത്തിൽ വകയിരുത്തേണ്ടതാണ്. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 9,54,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

45—പി.ഒ.എൽ. എന്ന ശീർഷകത്തിൽ 2011-2012 വർഷം 2,00,000 രൂപ (രണ്ട് ലക്ഷം രൂപ) അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമായിരുന്നു. പ്രസ്തുത അഡീഷണൽ ആതറൈസേഷൻ 31-3-2012-ലെ ജി.ഒ. (ആർറ്റി.) 4058/2012/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം റീ-അപ്രോപ്രിയേഷൻ നടത്തിയിട്ടുള്ളതുമാണ്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2515-00-800-13—കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ സേവന പ്രദാന പദ്ധതി പ്രകാരമുള്ള പ്രോജക്ട് മാനേജ്മെന്റും കപ്പാസിറ്റി ബിൽഡിംഗും (കെ.എൽ.ജി.എസ്.ഡി.പി.) ലോകബാങ്ക് സഹായം 2011-2012 സാമ്പത്തിക വർഷത്തേക്ക് 2100 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1,000 രൂപ മാത്രമാണ് വകകൊള്ളിച്ചത്. എന്നാൽ അഡീഷണൽ ആതറൈസേഷൻ ആയി 250 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായതിനാൽ ബാക്കി 1850 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷം അഡീഷണൽ ആതറൈസേഷൻ ആയി 250 ലക്ഷം രൂപ അനുവദിച്ചതിന് പുറമെ 644.26 ലക്ഷം രൂപ കൂടി അഡീഷണൽ ആതറൈസേഷൻ ആയി G.O.(Rt.)No. 9646/2011/Fin. dated 27-12-2011 പ്രകാരം 2515-00-800-13 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിരുന്നു.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2515-00-800-87—തദ്ദേശസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ 01-ശമ്പളം

പുതുക്കിയ ശമ്പള സ്കെയിൽ നിലവിൽവന്ന സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികമായി തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധികമായി തുക അനുവദിച്ചിരുന്നില്ലായെങ്കിലും പ്രസ്തുത ശീർഷകത്തിൽ നിന്നും 2011-2012 വർഷത്തിൽ അധികമായി ചെലവഴിക്കേണ്ടി വന്നതായ തുക സർക്കാർ ഉത്തരവ് ജി.ഒ.(ആർറ്റി.) നമ്പർ 4058/12/ഫിൻ. തീയതി 31-3-2012 പ്രകാരം റഗുലറൈസ് ചെയ്തിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

05—ഓഫീസ് ചെലവുകൾ

ഓംബുഡ്സ്മാൻ ഓഫീസിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ ബാഹുല്യം നിമിത്തം പോസ്റ്റേജ് സ്റ്റാമ്പിനും ഫോട്ടോകോപ്പി പേപ്പറിനും കൂടുതൽ തുക ആവശ്യമായി വരുന്നതിനാൽ 1 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് ജി.ഒ.(ആർറ്റി.) നമ്പർ 1778/12/ഫിൻ. തീയതി 27-2-2012 പ്രകാരം 05—ഓഫീസ് ചെലവുകൾ-04—മറ്റിനങ്ങൾ എന്ന ശീർഷകത്തിലേക്ക് 1,00,000 രൂപ ബഡ്ജറ്റ് വിഹിതത്തിനകത്ത് റീ-അപ്രോപ്രിയേഷൻ നടത്തിയിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

06—വാടക, കരം, നികുതി

ട്രിഡയുടെ സാഫല്യം കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഓംബുഡ്സ്മാൻ ഓഫീസിന്റെ വാർഷിക ചെലവുകൾക്കും വാടക കുടിശ്ശിക തീർക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് ജി.ഒ. (ആർറ്റി.) നമ്പർ 2190/12/ഫിൻ. തീയതി 14-3-2012 അനുസരിച്ച് 13,00,000 രൂപ പ്രസ്തുത ശീർഷകത്തിലേക്ക് 2011-2012 വർഷത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ജി.ഒ.(ആർറ്റി.) നമ്പർ 4058/12/ഫിൻ. തീയതി 31-3-2012 പ്രകാരം റഗുലറൈസ് ചെയ്തിട്ടുമുണ്ട്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

34—മറ്റ് ചെലവുകൾ

അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2515-00-800-80—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം—മേൽനോട്ടം

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വളരെയധികം മെഡിക്കൽ ബില്ലുകൾ പാസ്സാക്കേണ്ടതുകൊണ്ട് വിഹിതം 5 ലക്ഷം രൂപ ആയി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

50,000 രൂപ (അൻപതിനായിരം രൂപ)-യാണ് അധികമായി ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളത്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

05-3—ടെലിഫോൺ ചെലവ്

കെ.എസ്.ആർ.ഡി.ബി. (നിർത്തലാക്കിയത്) ഉപയോഗിച്ചുകൊണ്ടിരുന്ന രണ്ട് ടെലിഫോൺ ബില്ലുകൾ കെ.എസ്.ആർ.ഡി.ബി.യുടെ ഫണ്ടിൽ നിന്നാണ് ഈടാക്കിയിരുന്നത്. ഇനിയും തുക വിനിയോഗിക്കേണ്ടത് ഈ ശീർഷകത്തിൽ നിന്നായതിനാൽ തുക 1,50,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സർക്കാർ സ്വീകരിച്ച നടപടി

അധികമായി തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ചീഫ് എഞ്ചിനീയറുടെ ആഫീസിൽ അത്യാവശ്യമായി മേശകളും അലമാരകളും വാങ്ങേണ്ടതുണ്ട്. കൂടാതെ വളരെയധികം കറസ്പോണ്ടൻസ് നടത്തുന്ന സ്ഥാപനമായതിനാൽ സ്റ്റാമ്പ് ഇനത്തിലും വളരെയധികം ചെലവ് ഉള്ളതിനാൽ വിഹിതം 3 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

30,000 രൂപ അധികമായി ലഭിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

10-11-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിലേക്കായി 7.5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് ഉത്തരവായതിനാൽ അതിനുള്ള അറ്റകുറ്റപ്പണി ചെലവുംകൂടി കണക്കിലെടുത്ത് 75,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

27,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

45—പി.ഒ.എൽ.

തദ്ദേശസ്വയംഭരണ വകുപ്പ് ഓഫീസിന് ഒരു പുതിയ വാഹനം വാങ്ങാൻ അനുമതി ലഭിച്ചിട്ടുള്ളതിനാൽ ആയതിലേക്ക് ആവശ്യമായിവരുന്ന ചെലവ് കണക്കിലെടുത്ത് വിഹിതം 1.5 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

യാതൊരു തുകയും അധികമായി അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2515-00-800-81-12—സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിന്റെ ഫലപ്രദമായ നടത്തിപ്പിന് യോഗ്യരായ സർട്ടിഫിക്കറ്റ്, ഡിപ്ലോമധാരികളെ അപ്രന്റീസായി നിയമിക്കുന്നതിനും സ്റ്റൈപ്പന്റ് നൽകുന്നതിനും ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ പ്രകാരം ടി ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

യാതൊരു തുകയും പുതുതായി അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2501-06-197-48(01)—ഇന്ദിര ആവാസ് യോജന

75% കേന്ദ്രസഹായവും 25% സംസ്ഥാന വിഹിതവുമുള്ള ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്ന തുകയുടെ 60% പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്കും 40% മറ്റ് വിഭാഗക്കാർക്കും ആകെ തുകയുടെ 15% മതന്യൂനപക്ഷ വിഭാഗങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് 3% നീക്കി വയ്ക്കുന്നു. സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരും രണ്ടുസെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള പിന്നോക്കാവസ്ഥയിലുള്ളവർക്കായി 25 ചതുരശ്ര മീറ്ററിനും 40 ചതുരശ്ര മീറ്ററിനും ഇടയ്ക്ക് വിസ്തീർണ്ണമുള്ള ഭവനം നിർമ്മിക്കുന്നതിന് 2010-2011 വർഷം മുതൽ തുക 48,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രസ്തുത തുക 75,000 രൂപയായി (സംസ്ഥാന വിഹിതം ഉയർന്ന പരിധിയിലാക്കി) ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

ഇന്ദിര ആവാസ് യോജന പ്രകാരമുള്ള ഭവനനിർമ്മാണത്തിന് സംസ്ഥാന വിഹിതം ഉയർന്ന പരിധിയിലാക്കിക്കൊണ്ട് 75,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് നൽകുന്ന ധനസഹായം 75,000 രൂപയാണ്. കേന്ദ്ര, സംസ്ഥാന വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള ഐ.എ.വൈ. യൂണിറ്റ് നിരക്ക്

| | | |
|---|---|---|
| (75:25) | .. | 48,500 രൂപ |
| അധിക സംസ്ഥാന വിഹിതം | .. | 26,500 രൂപ |
| | ആകെ | 75,000 രൂപ |

അധിക സംസ്ഥാന വിഹിതമായി നൽകുന്ന 26,500 രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25 : 50 : 25 എന്ന ക്രമത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും നൽകി വരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികജാതി വർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന ഭവനനിർമ്മാണ ധനസഹായം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിവരുന്ന ഭവനനിർമ്മാണ ധനസഹായം

1,00,000 രൂപയിൽ നിന്നും 2,00,000 രൂപയായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് 1,25,000 രൂപയിൽ നിന്നും 2,50,000 രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതിനാൽ ഐ.എ.വൈ. പദ്ധതി പ്രകാരം പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ ധനസഹായ തുക യഥാക്രമം 2 ലക്ഷം രൂപയായും 2.50 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. ഈ നിർദ്ദേശം 2-1-2012-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 2/2012/ത.സ്വ.ഭ.വ. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

മേൽപ്പറഞ്ഞ വർദ്ധനവുകൾ കൊണ്ടുണ്ടാകുന്ന അധികബാദ്ധ്യതകൾ ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും നിർവ്വഹിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2505-01-800-99—ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സംസ്ഥാന വാർഷിക പ്രവൃത്തിയിൽ പ്ലാൻ (എ.എ.പി.) അനുസരിച്ച് തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനും, പദ്ധതി ആനുകൂല്യം, കാർഷിക മേഖല, ക്ഷീരമേഖല, നീർത്തടാധിഷ്ഠിത പദ്ധതികൾ എന്നിവയിലേക്ക് വ്യാപിപ്പിക്കുന്നതിനും ഈടുറ്റ സാമൂഹിക വികസന ആസ്തികൾ സൃഷ്ടിക്കുന്നതിലേക്കും അംഗീകരിച്ച ലേബർ ബഡ്ജറ്റിനേക്കാളും ചെലവുവരുന്ന സാഹചര്യത്തിൽ 30 കോടി രൂപ അപര്യാപ്തമായതിനാൽ 900 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വരുന്നില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2505-01-800-97—മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് സെൽ

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ എക്സ്പെർട്ട് കൺസൾട്ടന്റുമാരെയും ജില്ലാതലത്തിൽ റിസോഴ്സ് പേഴ്സൺമാരേയും വാർഡ്തലത്തിൽ സോഷ്യൽ ഓഡിറ്റർമാരെയും കണ്ടെത്തി പരിശീലിപ്പിക്കുന്നതിന് സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ നേതൃത്വം നൽകുന്നതിലേക്കായി ചെലവിനത്തിൽ 82,99,600 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വരുന്നില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ശുപാർശ

2515-00-800-14—ഭവനശ്രീ വായ്പ ഏറ്റെടുക്കൽ

ഭവനശ്രീ പദ്ധതി പ്രകാരം ദേശസാൽക്കൃത ബാങ്കുകൾ മുഖേന അനുവദിച്ചു നൽകിയ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കുകയും അതേസമയം ഇതേ പദ്ധതിപ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കൾ വായ്പ തിരിച്ചടവിന്റെ ബാദ്ധ്യത തുടരുകയും ചെയ്യുന്നത് നീതീകരിക്കാവുന്നതല്ല. ആയതിനാൽ, ഭവനശ്രീ പദ്ധതിപ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും അനുവദിച്ച വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കണമെന്നും ഇതിന് മതിയായ തുക നടപ്പുവർഷം ബജറ്റിൽ വകകൊള്ളിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും അനുവദിച്ച വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരികയാണ്. തീരുമാനമായിട്ടില്ല.

(ഗവ. കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

പ്രസ്തുത റിപ്പോർട്ടുകൾ 2-11-2012-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## II. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ

(i) തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ 19-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 27-6-2012-നും 16, 17 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 21-3-2013-നും സഭയിൽ സമർപ്പിച്ചു.

(ii) ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ 6, 7, 16, 17, 20 എന്നീ ഖണ്ഡികകളിലെ

ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 18-12-2012-നും 8, 9, 10, 11, 15, 21 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 14-2-2013-നും സഭയിൽ സമർപ്പിച്ചു.

(iii) തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 18-12-2012-ന് സഭയിൽ സമർപ്പിച്ചു.

**III കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച പ്രവർത്തന റിപ്പോർട്ടുകൾ**

(i) 2010-11 സാമ്പത്തികവർഷം ലഭ്യമായ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഭവനനിർമ്മാണ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (7-2-2013-ന് സഭയിൽ സമർപ്പിച്ചു).

(ii) 2011-12 സാമ്പത്തികവർഷം ലഭ്യമായ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (18-12-2012-ന് സഭയിൽ സമർപ്പിച്ചു).

## ഭാഗം 3

### I. ബില്ലുകളുടെ പരിശോധന

സമിതിയുടെ 11-6-2012, 13-12-2012, 26-3-2013 എന്നീ തീയതികളിൽ ചേർന്ന യോഗം താഴെപ്പറയുന്ന ബില്ലുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു :

(i) 2012-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ. (11-6-2012-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 12-6-2012-ന് സഭയിൽ സമർപ്പിച്ചു.)

(ii) 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ. (13-12-2012-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 14-12-2012-ന് സഭയിൽ സമർപ്പിച്ചു.)

(iii) 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ. (13-12-2012-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 14-12-2012-ന് സഭയിൽ സമർപ്പിച്ചു.)

(iv) 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ. (13-12-2012-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 14-12-2012ന് സഭയിൽ സമർപ്പിച്ചു.)

(v) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ. (26-3-2012-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 1-4-2013-ന് സഭയിൽ സമർപ്പിച്ചു.)

**II. കരട് ചട്ടങ്ങളുടെ പരിശോധന**

സമിതിയുടെ 2-11-2012 തീയതിയിലെ യോഗം താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

(i) 2012-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ.

(ii) 2008 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ.

**III. ചട്ടം 235എ പ്രകാരമുള്ള ചർച്ച**

സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് 2-11-2012, 5-12-2012 എന്നീ തീയതികളിൽ യോഗം ചേരുകയും യഥാക്രമം "നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായുള്ള നൂതന പരിപാടികൾ", "പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ" എന്നീ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2013 മേയ് 15.

## അനുബന്ധം

## 2012 ഏപ്രിൽ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IX-ന്റെ ഒരു യോഗം 2012 ഏപ്രിൽ മാസം 4-ാം തീയതി, ബുധനാഴ്ച, ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറും സമിതിയംഗം ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.-യും ഹാജരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ആർ. കെ. സിംഗ്, സെക്രട്ടറി., തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എ. അജിത്കുമാർ, സെക്രട്ടറി. ഭവനനിർമ്മാണ വകുപ്പ്
3. ശ്രീ. കെ. എസ്. ജംഗ്പാംഗി, സി. എം. ഡി., കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ
4. ശ്രീ. എസ്. ശ്രീനി, ഹൗസിംഗ് കമ്മീഷണർ/സെക്രട്ടറി., ഹൗസിംഗ് ബോർഡ്.
5. ശ്രീ. സി. ഡി. ആന്റണി, അഡീഷണൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.
6. ശ്രീ. രാജീവ് കരിയിൽ, ഡയറക്ടർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം
7. ശ്രീ. ജെയിംസ് ജേക്കബ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

സമിതി വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## ഭവന നിർമ്മാണ വകുപ്പ്

**1. 2003-04 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന—ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 3-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 15523/സബ്.സി.ഡി1/2010/ലെജി.)

ഖണ്ഡിക നമ്പർ 4, 7, 10, 11, 12, 19, 23, 26, 27, 28, 29

(ഗവ. കത്ത് നമ്പർ 3414/എ3/03/ഭവനം തീയതി 21-10-2011)

ഖണ്ഡിക നമ്പർ 15

(ഗവ. കത്ത് നമ്പർ 4825/സി1/11/ഭവനം തീയതി 9-11-2011)

ഖണ്ഡിക നമ്പർ 22, 25

(ഗവ. കത്ത് നമ്പർ 3414/എ3/03/ഭവനം തീയതി 28-11-2011)

**2. 2006-07 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന—ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 1-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 12044/സബ്.സി.ഡി1/2006/ലെജി.)

ഖണ്ഡിക നമ്പർ 8, 14, 18, 19, 21-28

(ഗവ. കത്ത് നമ്പർ 4607/എ3/10/ഭവനം തീയതി 28-9-2011)

ഖണ്ഡിക നമ്പർ 11

(ഗവ. കത്ത് നമ്പർ 4825/സി1/11/ ഭവനം തീയതി 9-11-2011)

ഖണ്ഡിക നമ്പർ 15, 16, 17, 20

(ഗവ. കത്ത് നമ്പർ 4456/ബി2/06/ഭവനം തീയതി 3-1-2012)

**3. 2007-08 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന—ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 13447/സബ്.സി.ഡി1/2007/ലെജി.)

ഖണ്ഡിക നമ്പർ 7, 10, 11, 12, 13, 15, 25, 27, 30-37

ഖണ്ഡിക നമ്പർ 14 (2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവത്കരണവും ആധുനികവത്കരണവും)

വർഷങ്ങളായി ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവത്കരണത്തിനും ആധുനികവത്കരണത്തിനുമായി മതിയായ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടും അതിനാവശ്യമായ തുക ലഭ്യമാക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ട സമിതി ഈ ആവശ്യത്തിലേക്കായി ഈ വർഷത്തെ സപ്ലിമെന്ററി ഡിമാന്റ്സിൽ ഉൾപ്പെടുത്തി തുക അനുവദിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(ഗവ. കത്ത് നമ്പർ 4555/എ3/07/ഭവനം തീയതി 16-8-2011)

ഖണ്ഡിക നമ്പർ 16, 21

(ഗവ. കത്ത് നമ്പർ 4825/സി1/11/ഭവനം തീയതി 9-11-2011)

**4. 2008-09 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന—ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 3-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 15598/സബ്.സി.ഡി1/2008/ലെജി.)

ഖണ്ഡിക നമ്പർ. 10, 11, 14, 35, 36, 37

(ഗവ. കത്ത് നമ്പർ 5538/ബി2/08/ഭവനം തീയതി 13-10-2011)

ഖണ്ഡിക നമ്പർ 15

(ഗവ. കത്ത് നമ്പർ 5538/ബി2/08/ഭവനം തീയതി 28-1-2012)

**5. 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന—ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 4-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 15507/സബ്.സി.ഡി1/2009/ലെജി.)

ഖണ്ഡിക നമ്പർ 6, 7, 8, 21, 22, 23, 24

(ഗവ. കത്ത് നമ്പർ 4073/ബി2/09/ഭവനം തീയതി 15-12-2011)

**6. 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന—ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 5-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 14989/സബ്.സി.ഡി1/2010/ലെജി.)

ഖണ്ഡിക നമ്പർ 8, 9, 10, 11,15, 21

(ഗവ. കത്ത് നമ്പർ 5395/എ3/11/ഭവനം തീയതി 2-12-2011)

ഖണ്ഡിക നമ്പർ 6, 7, 16, 17, 20

(ഗവ. കത്ത് നമ്പർ 4520/ബി2/10/ഭവനം തീയതി 3-1-2012)

## തദ്ദേശസ്വയംഭരണ വകുപ്പ്

**1. 2006-07 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന—തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 1-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 12044/സബ്.സി.ഡി1/2006/ലെജി)

ഖണ്ഡിക നമ്പർ 1

(ഗവ. കത്ത് നമ്പർ 70590/ഡിസി2/2011/തസ്വഭവ. തീയതി 23-12-2011)

**2. 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന—തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 5-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 14989/സബ്.സി.ഡി1/2010/ലെജി)

ഖണ്ഡിക നമ്പർ 15

(ഗവ. കത്ത് നമ്പർ 45615/എഫ്.എം2/2010/തസ്വഭവ. തീയതി 17-11-2011)

സമിതി യോഗം വൈകുന്നേരം 3.30-ന് പിരിഞ്ഞു.

### 18-4-2012-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2012 ഏപ്രിൽ മാസം 18-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, ബഹു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു :

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
3. ശ്രീ. ഇ. കെ. വിജയൻ
4. ശ്രീ. കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. ആർ. കെ. സിംഗ്, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. ജെ. സദാനന്ദൻ, ഡയറക്ടർ-ഇൻ-ചാർജ്ജ്, പഞ്ചായത്ത് വകുപ്പ്
4. ശ്രീ. ബി. അശോക്, ഡയറക്ടർ, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. ഈപ്പൻ വർഗ്ഗീസ്, ചീഫ് ഠൗൺ പ്ലാനർ
6. ഡോ. എം. ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ശ്രീ. എ. അജിത് കുമാർ, പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി.
8. ഡോ. ജോർജ്ജ് ചാക്കച്ചേരി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
9. ശ്രീ. ജി. അനന്തപത്മനാഭ പിള്ള, അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ്.

സമിതി 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXII (നഗരവികസനം), XXXV (പഞ്ചായത്ത്) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിച്ചു :

## ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

2217-80-800-76—അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതി

നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഈ സംസ്ഥാന പദ്ധതിയുടെ പ്രധാന ലക്ഷ്യം അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താല്പര്യവുമുള്ള നഗരപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് കുറഞ്ഞത് ഒരു വർഷത്തിൽ 100 ദിവസത്തെയെങ്കിലും തൊഴിൽ ഉറപ്പുവരുത്തി നഗരപ്രദേശങ്ങളിലെ ജീവിതസുരക്ഷ ഉറപ്പാക്കുക എന്നതാണ്. 2012-13-ൽ ഈ പദ്ധതിക്കായി 500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 45 കോടി രൂപ കൂടി പദ്ധതി നടത്തിപ്പിലേക്ക് ഈ സാമ്പത്തികവർഷം ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും 45 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2217-05-001-99—മുഖ്യ നഗര ആസൂത്രകന്റെ ആഫീസ്

ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മുഖ്യനഗരാസൂത്രകന്റെ കാര്യാലയം സ്വരാജ് ഭവനിൽ അനുവദിച്ചിട്ടുള്ള പുതിയ കെട്ടിടത്തിലേക്ക് ഈ സാമ്പത്തിക വർഷം തന്നെ മാറ്റുന്നതിനോടനുബന്ധിച്ച് പുതിയ ഫർണിച്ചർ വാങ്ങുന്നതിനും, കാര്യാലയം സജ്ജീകരിക്കുന്നതിനും, കമ്പ്യൂട്ടർ എ.എം.സി. പുതുക്കുന്നതിനും മറ്റുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-800-89—ജവഹർലാൽ നെഹ്റു ദേശീയ നഗരം പുനരുദ്ധാരണ മിഷൻ

തിരുവനന്തപുരം നഗരസഭയിൽ സ്വിവറേജ് പ്ലാന്റ് ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 50 കോടി രൂപയും മുനിസിപ്പാലിറ്റികളിലെ ശുദ്ധജല വിതരണം സുഗമമാക്കുന്നതിനായി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റിയിടുന്നതുമായി ബന്ധപ്പെട്ട റോഡ് കട്ടിംഗിനായി 4.88 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മുനിസിപ്പാലിറ്റികളിലെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുവാൻ അടിസ്ഥാന വിവരങ്ങൾ ലഭ്യമാകുന്നതിന് നടത്തേണ്ട സർവ്വേയുടെ ചെലവിലേക്കാവശ്യമായ തുകയുടെ 10% കേരള വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടതുണ്ട്. അപ്രകാരം കെട്ടിവയ്ക്കാനുള്ള തുക നൽകാത്തതുകാരണം കുടിവെള്ള പദ്ധതിക്കായുള്ള പണികൾ മുടങ്ങിക്കിടക്കുകയാണെന്ന് സമിതി മനസ്സിലാക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈയിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനാവശ്യമായ തുക അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-01-800-99—തലസ്ഥാന നഗരവികസന പദ്ധതി

34—മറ്റു ചെലവുകൾ

തലസ്ഥാന നഗരവികസനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്ന തലസ്ഥാന മേഖല വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി '2217-01-800-99-34 മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 1167 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. അതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രകാരം നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളായ നഗര റോഡുകളുടെ വികസനം തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി, തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചക്കലിൽ പുതിയ ബസ് ടെർമിനൽ നിർമ്മിക്കലും എന്നിവയുടെ നടത്തിപ്പിലേക്ക് 50 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നഗര റോഡുകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിലും പല റോഡുകളും വികസിപ്പിച്ചിട്ടില്ല എന്നും 2005-ലെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ പ്രവൃത്തി നടത്തുവാൻ ആരും മുന്നോട്ട് വരാത്തതാണ് ഇതിനുള്ള കാരണമെന്നും 2005-ലെ നിരക്കിനേക്കാളും ചെലവ് വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ടെൻഡർ എക്സസ് ഇനത്തിൽ 164 കോടി രൂപ കുടിശ്ശിക നിലനിൽക്കുന്നുയെന്നും സമിതി വിലയിരുത്തി. അതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യത്തിലേക്കായി അടിയന്തരമായി 500 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-03-191-74—ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി

2012-13 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം അംഗീകരിച്ച വിവിധ പദ്ധതികൾക്ക് ആവശ്യമായി വരുന്ന തുക, അധിക ദർഘാസ് തുക (Tender Excess), പുതുക്കിയ പദ്ധതി തുക, വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള ആനുകൂല്യം എന്നീ ഇനത്തിലും (DPR Preparation cost), ഇതുവരെയും ആരംഭിക്കാത്ത പദ്ധതികൾക്ക് പകരം പദ്ധതികൾ എന്നിവയ്ക്കുമായി 17320 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 12921 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത് എന്ന് കണ്ടെത്തിയ സമിതി പ്രസ്തുത ആവശ്യങ്ങളിലേക്ക് ഈ സാമ്പത്തിക വർഷം 4399 ലക്ഷം രൂപ കൂടി വകയിരുത്തണ മെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-05-191-86—(കോർപ്പറേഷൻ)
2217-05-192-82—(മുനിസിപ്പാലിറ്റി)
} സുവർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന (എസ്സ്. ജെ. എസ്സ്. ആർ. വൈ.) (75% കേന്ദ്രസഹായം)

നഗരത്തിലെ തൊഴിലില്ലാത്തവരും ഭാഗികമായി തൊഴിലുള്ളവരുമായ പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെയും വേതനം നല്കാവുന്ന തൊഴിലവസരങ്ങളിലൂടെയും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സുവർണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്സ്. ജെ. എസ്സ്. ആർ. വൈ.) യുടെ ലക്ഷ്യം. 2012-13 ബജറ്റിൽ 1500 ലക്ഷം രൂപ കേന്ദ്ര വിഹിതവും 500 ലക്ഷം രൂപ സംസ്ഥാന വിഹിതവും അടക്കം ആകെ 2000 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. 2012-13 വർഷത്തിൽ 1500 വ്യക്തിഗത സംരംഭങ്ങളും 900 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കാൻ ലക്ഷ്യമിടുന്നതു കൂടാതെ 5500 പേർക്ക് വിദഗ്ദ്ധ പരിശീലനം കൂടി നല്കാനും ഉദ്ദേശിക്കുന്നു. ആയതിനാൽ 2012-2013 സാമ്പത്തിക വർഷത്തേക്ക് കൂടുതലായി 500 ലക്ഷം രൂപ കേന്ദ്ര വിഹിതവും 166.67 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായി മൊത്തം 666.67 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-191-80—(കോർപ്പറേഷൻ)
2217-05-192-81—(മുനിസിപ്പാലിറ്റി)
} സംയോജിത പാർപ്പിട-ചേരി വികസന പരിപാടി (ഐ. എച്ച്. എസ്. ഡി. പി.) (80:10:10)

ദരിദ്ര കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ചേരിപ്രദേശങ്ങളിലും ഏറ്റവും കുറഞ്ഞത് 15 കുടുംബങ്ങളെങ്കിലും അടുത്തടുത്തായി താമസിക്കുന്ന ക്ലസ്റ്ററുകളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. ജവഹർലാൽ നെഹ്റു നഗര നവീകരണ പരിപാടി നടപ്പിലാക്കുന്ന കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും തൃപ്പൂണിത്തുറ, കളമശ്ശേരി ഒഴികെയുള്ള എല്ലാ നഗരസഭകളും ഈ പദ്ധതിയുടെ കീഴിൽ വരുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 80% കേന്ദ്രവിഹിതവും ശേഷിക്കുന്ന 20% സംസ്ഥാന വിഹിതവും നഗരസഭാ വിഹിതവും ഗുണഭോക്തൃ വിഹിതവുമാണ്. 2012-13 ബഡ്ജറ്റിൽ ഈ ശീർഷകങ്ങളിലായി ആകെ 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ നടപ്പു

വർഷത്തിൽ തന്നെ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ കൂടുതലായി 3249 ലക്ഷം രൂപ കൂടി ഈ പദ്ധതിക്കായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-800-83—നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (ബി.എസ്.യു.പി.)

മഹാനഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഈ പദ്ധതി തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര വിഹിതമായി 4980.50 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 488.50 ലക്ഷം രൂപയും വകുപ്പ് ആവശ്യപ്പെട്ടിരുന്നതിൽ ബഡ്ജറ്റ് വിഹിതമായി ഈ സാമ്പത്തിക വർഷം 5728 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ തന്നെ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ 6777 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-70—രാജീവ് ആവാസ് യോജന (50% കേന്ദ്രാവിഷ്കൃതം)

'ചേരിരഹിത ഇന്ത്യ' എന്ന ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാരുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് ഇത്. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളേയും കണ്ണൂർ നഗരസഭയേയും ചേരിരഹിത നഗരങ്ങളായി വികസിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ഈ പദ്ധതി നടത്തിപ്പിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

തിരുവനന്തപുരം നഗരസഭയുടെ പൈലറ്റ് പദ്ധതിക്കായി 7186 ലക്ഷം രൂപയുടെ പദ്ധതി വിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും ഇതിൻപ്രകാരം 1032 വീടുകളുടെ നിർമ്മാണത്തിനായി 5223 ലക്ഷം രൂപയും സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 1890 ലക്ഷം രൂപയും വരുന്ന പദ്ധതിഅടങ്കലോടുകൂടിയ വിശദപദ്ധതി റിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി. ഈ പദ്ധതിയുടെ നടപ്പു വർഷത്തെ വിഹിതം 1389.01 ലക്ഷം രൂപ ആണെന്നും ബാക്കി 4 കോർപ്പറേഷനുകളിലും കണ്ണൂർ നഗരസഭയിലും പൈലറ്റ് പ്രോജക്ട് നടത്തേണ്ടതുണ്ടെന്നും ആയതിലേക്ക് 10000 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു എന്നും സമിതി മനസ്സിലാക്കുന്നു. ഈ തുകയുടെ 30% നടപ്പുവർഷം തന്നെ ചെലവാകുന്നതാണെന്നും അഞ്ച് കോർപ്പറേഷനുകളിൽ സ്ലം ഫ്രീ സിറ്റി പ്ലാനിൽ ജി.ഐ.എസ്. മാപ്പിംഗ് നടപ്പു വർഷം പൂർത്തീകരിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. ആയതിലേക്ക് 20315.40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-71—നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം

പുതിയ നഗരസഭകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കാൻ 2012-13 വർഷത്തിൽ 8 കോടി രൂപ ആവശ്യമായതിനാൽ പ്രസ്തുത തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മലബാർ സിമന്റ്സുമായി ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ച പ്ലാസ്റ്റിക് റീസൈക്കിളിംഗ്/ ഷ്രെഡിംഗ് യൂണിറ്റ് പ്രാവർത്തികമാക്കുന്നതിന് തുടക്കമെന്ന നിലയിൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

തുടർന്ന് പഞ്ചായത്തുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXV-ൽ ഉൾപ്പെടുന്ന കണക്കിനങ്ങൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ശുപാർശകൾ/ നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു :

2515-00-800-13—കേരളത്തിലെ പ്രാദേശിക സർക്കാരും സേവന വിദാന പദ്ധതി പ്രകാരമുള്ള പ്രോജക്ട് മാനേജുമെന്റും കപ്പാസിറ്റി ബിൽഡിംഗും (കെ.എൽ.ജി.എസ്.ഡി.പി.)

കേരളത്തിലെ തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഈ പ്രോജക്ടിന്റെ വിവിധ ഘടകങ്ങൾക്ക് 2011-12 വർഷം 140 കോടി രൂപയാണ് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി വിഭജിച്ച് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തിലെ യു.എസ്. ഡോളറിന്റെ വിനിമയ നിരക്കിലെ വർദ്ധനവും 2011-12-ൽ കുറവ് തുക അനുവദിച്ചത് പ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈയിനത്തിൽ 32.61 കോടി രൂപ അധികമായി ലഭിക്കുന്നതാണ്.

2012-13 വർഷത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് ശീർഷകമായ 3604-00-200-94-ൽ പ്രസ്തുത അധിക തുകയായ 32.61 കോടി രൂപ ഉൾപ്പെടാത്തതിനാൽ ഇനിവരുന്ന സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ ഈ തുക കൂടി ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-86 എന്ന ശീർഷകത്തിൽ ത്രിതല പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം, വിവരസാങ്കേതികവിദ്യ എന്ന പദ്ധതിയിലുള്ളത് ഇൻഫർമേഷൻ കേരള മിഷനുള്ള (ഐ.കെ.എം.) ഫണ്ടിംഗാണെന്നും കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളേയും സാറ്റലൈറ്റ് ബേയിസ്ഡ് മാപ്പിംഗിനുവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും അതിനായി 19 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 4.5 കോടി രൂപ മാത്രമാണ് ഇയർ മാർക്ക് ചെയ്തിരിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. എല്ലാ പഞ്ചായത്തുകളിലും 9 കമ്പ്യൂട്ടർ വീതം നൽകിയിട്ടുണ്ടെന്നും അവയിൽ മിക്ക പഞ്ചായത്തിലും അക്കൗണ്ടിംഗ് സോഫ്റ്റ്‍വെയർ ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

90.99 ശതമാനം ഓൺലൈനായ സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്വെയർ നടന്നുകഴിഞ്ഞാൽ ജനനം, മരണം, വിവാഹം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ 24 മണിക്കൂറിനകം ഇഷ്യൂ ചെയ്യാൻ കഴിയുമെന്നും ഇപ്പോൾ 1075-ഓളം സ്ഥലങ്ങളിൽ കണക്ടിവിറ്റി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അടുത്ത ഒരു മാസത്തിനുള്ളിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കണക്ടിവിറ്റി അഷർ ചെയ്യാനുള്ള ഒരു പദ്ധതി ബി.എസ്.എൻ.എൽ.-മായി ചേർന്ന് ആസൂത്രണം ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ജനന-മരണ സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുന്ന സംവിധാനം ഇപ്പോൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്നും മിക്കവാറും എല്ലാ ആശുപത്രികളിലും കിയോസ്ക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ഒരു കുഞ്ഞ് ജനിച്ച ഉടൻതന്നെ കിയോസ്ക്കുവഴി ഡീറ്റെയിൽസ് കിട്ടിക്കഴിഞ്ഞാൽ അത് കറക്ട് ചെയ്ത് 24 മണിക്കൂറിനകം ജനന സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാൻ സാധിക്കുമെന്നും ഇതിനു പുറമേ മൊബൈലിൽ അലെർട്ട് കൊടുക്കുന്ന പുതിയൊരു സംവിധാനവും ഉൾപ്പെടുന്ന ഡബിൾ എൻട്രി സിസ്റ്റം എല്ലാ പഞ്ചായത്തുകളിലും വരുന്നുണ്ടെന്നും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

പുതിയ ഒരു സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്ത് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തുകഴിഞ്ഞാൽ നേരത്തെ 2 മാസംവരെ കാലതാമസമുണ്ടായിരുന്ന വിവാഹ രജിസ്ട്രേഷൻ 15 മിനിട്ടുകൊണ്ട് വിവാഹ സർട്ടിഫിക്കറ്റ് കൊടുക്കുവാനുള്ള സംവിധാനമുണ്ടാകുമെന്നും, മൂന്ന് കോർപ്പറേഷനുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലും രണ്ട് ഗ്രാമപഞ്ചായത്തുകളിലും പ്രോപ്പർട്ടി ടാക്സ് ഓൺലൈനായി ക്രെഡിറ്റ് കാർഡ് വച്ച് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും, പഴയ ഡേറ്റാ എൻട്രി നടത്തുന്നതോടുകൂടി മിക്കവാറും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഒരു വർഷത്തിനകം ഇ-പേയ്മെന്റ് തുടങ്ങാൻ കഴിയുമെന്നും, 1970 മുതലുള്ള ജനന-മരണ സർട്ടിഫിക്കറ്റുകൾ ഒരു വർഷത്തിനകം ഓൺലൈനാക്കി കൊണ്ടുവരാൻ കഴിയുമെന്നും, ഇതിനെല്ലാം ആവശ്യമായ തുക അനുവദിച്ചെങ്കിൽ മാത്രമേ പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2515-00-800-98—<u>പഞ്ചായത്തുകളിൽ ശ്മശാനങ്ങൾ തുറക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായധനം</u>

ശ്മശാന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് നിലവിൽ അനുവദിക്കുന്ന 10 ലക്ഷം രൂപ വളരെ അപര്യാപ്തമാണ്. ഒന്നോ രണ്ടോ ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ശ്മശാനങ്ങളിൽ ശവം സംസ്കരിച്ച് ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയായതായി സമിതി മനസ്സിലാക്കി. ഗ്യാസ് കൊണ്ടോ വൈദ്യുതി കൊണ്ടോ പ്രവർത്തിക്കുന്ന ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനായി വളരെയധികം ചെലവ് വരുമെന്നതിനാൽ ഇതിനായി ഓരോ ഗ്രാമപഞ്ചായത്തിനും അനുവദിക്കുന്ന തുക 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-92—തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കശാപ്പുശാലകൾ സ്ഥാപിക്കൽ

മോഡേണൈസ്ഡ് കശാപ്പുശാലകൾ നിർമ്മിക്കുന്നതിന് ചുരുങ്ങിയത് 50 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണെന്നും അതിനായി അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപ അപര്യാപ്തമാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ മോഡേണൈസ്ഡ് കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കുള്ള നിലവിലുള്ള വിഹിതം 20 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-94—റെയിൽവേ ലെവൽ ക്രോസിംഗുകളുടെ സംരക്ഷണം—സഹായധനം

ഗ്രാമീണ മേഖലയിൽ റയിൽവേ ലെവൽ ക്രോസിംഗുകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായി ഗ്രാമപഞ്ചായത്ത് ചെലവിടുന്ന തുകയുടെ പകുതി ഗ്രാന്റായി നൽകുന്നതിനായുള്ള തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 2012-13 വർഷം ബഡ്ജറ്റ് വിഹിതമായി നൽകിയിരിക്കുന്ന 2,90,000 രൂപ തീരെ അപര്യാപ്തമാണ്. കൂടാതെ പ്രസ്തുത ഇനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ റെയിൽവേയ്ക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ളതിനാൽ ഈ ഇനത്തിൽ 2.5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-98—പഞ്ചായത്തുരാജ് ജേർണലിന്റെ പ്രസിദ്ധീകരണം

ഈ ശീർഷകത്തിൽ 2011-12 വർഷത്തെ വിഹിതമായി 11,05,000 രൂപയാണ് വകകൊള്ളിച്ചിരുന്നത്. പഞ്ചായത്ത് രാജ് മാസികയുടെ ഘടനയിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനായി പ്രസ്തുത ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് സമിതിയുടെ 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. എന്നാൽ 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ തന്നെ 1,49,000 രൂപ കുറവ് വരുത്തികൊണ്ടാണ് 2012-13 വർഷത്തേക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷം അനുവദിച്ച തുകയേക്കാൾ (11,05,000 രൂപ) കുറയാത്ത ഒരു തുക അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-87—തദ്ദേശ ഗവൺമെന്റുകൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ
06—വാടക, കരം, നികുതി

ഓംബുഡ്സ്മാൻ ഓഫീസിന്റെ കെട്ടിട വാടകയിനത്തിൽ 2012-13 സാമ്പത്തിക വർഷം 10,01,568 രൂപ ആവശ്യമായി വരുന്നു. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 1,50,000 രൂപ കഴിച്ച് ബാക്കിവരുന്ന 8,51,568 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പൊതു ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ

(1) വനിതാ വിശ്രമ ശുചിത്വ സമുച്ചയം.—സംസ്ഥാനത്തെ റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, വിനോദകേന്ദ്രങ്ങൾ, ആരാധനാകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് സൗകര്യപ്രദമായ രീതിയിൽ വനിതാ വിശ്രമ ശുചിത്വ സമുച്ചയം 5 നഗര സഭകളിൽ കൂടി നിർമ്മിക്കുന്നതിനായി 2012-13 വർഷത്തിൽ 37.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് രാത്രികാലങ്ങളിലും ഉപയോഗിക്കുവാൻ കഴിയുന്നവിധം സൗകര്യപ്രദവും, സുരക്ഷിതവുമായ സ്ഥലം കോംപ്ലക്സ് നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കണ്ടെത്തേണ്ടതാണ്. 15 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ് ആയി നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ 50% സാമ്പത്തിക സഹായമായ 7.5 ലക്ഷം രൂപ നഗരസഭയ്ക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ആകയാൽ മേൽ തുക അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ. സമിതി തീരുമാനിച്ചു.

(2) വഴിയോര ശുചിത്വ സമുച്ചയം.—നഗരസഭകളിലെ പ്രധാന റോഡുകളോട് ചേർന്ന് ടോയ്‍ലറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി 50 വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്നും 4 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കിയതിൽ 50% സംസ്ഥാന വിഹിതമായിരിക്കും എന്നും ബാക്കിതുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്നും മനസ്സിലാക്കിയ സമിതി മേൽതുക നടപ്പുവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

(3) ശുചിത്വ മിഷനും ജില്ലാ ശുചിത്വ മിഷനും ശക്തിപ്പെടുത്തുന്നതിലേക്കായി 76 താൽക്കാലിക തസ്തിക സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കി. പ്രസ്തുത ചെലവിനത്തിൽ 4.75 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

2515-00-102-61—പുനഃസംഘടിപ്പിക്കപ്പെട്ട കേന്ദ്രഗ്രാമീണ ശുചീകരണ പരിപാടി

സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി പ്രകാരം സംസ്ഥാന വിഹിതത്തിന്റെ പ്രോജക്ട് അടങ്കൽ 5544.08 ലക്ഷം രൂപയാണെന്നും നാളിതുവരെ 4765.53 ലക്ഷം രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ടെന്നും ഇനി 778.55 ലക്ഷം രൂപ ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുകയുണ്ടായി. കൂടാതെ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ കേന്ദ്ര സർക്കാർ ഉടൻ പുറപ്പെടുവിക്കുമെന്ന് അറിയിച്ചിട്ടുള്ളത് കൂടാതെ സംസ്ഥാനത്തിന്റെ 14 ജില്ലകളുടേയും നിലവിലുള്ള പ്രോജക്ട് പുതുക്കി സമർപ്പിക്കുവാനും അനുവാദം നൽകിയിട്ടുണ്ട്. അപ്രകാരം പ്രോജക്ട് പുതുക്കുമ്പോൾ ആകെ 10000 ലക്ഷം രൂപയുടെ അടങ്കൽ വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുള്ളതായും ഈ തുകയുടെ 32% തുകയായ 3200 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വരുന്ന 5 വർഷത്തേക്ക് ആവശ്യമുള്ളതായും അതിന്റെ അടിസ്ഥാനത്തിൽ അതായത് 2012-13 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള പ്രോജക്ട് പൂർത്തീകരിക്കുവാൻ സംസ്ഥാന വിഹിതമായ 778.35 ലക്ഷം രൂപയ്ക്കുപരിയായി 640 ലക്ഷം രൂപ കൂടി ആവശ്യമായി വരുന്നതാണെന്നും സമിതിക്ക് ബോധ്യമായി. അതിൻപ്രകാരം പ്രസ്തുത തുക അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2012 ഏപ്രിൽ 25-ാം തീയതി ചേരുവാനിരുന്ന യോഗം 2012 മേയ് മാസം 2-ാം തീയതിയിലേക്ക് മാറ്റിവയ്ക്കുവാൻ സമിതി തീരുമാനിച്ചു

വൈകുന്നേരം 3.30-ന് സമിതിയോഗം പിരിഞ്ഞു.

## 2-5-2012-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2012 മേയ് മാസം 2-ാം തീയതി ബുധനാഴ്ച, ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു :

1. ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.
2. ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.
3. ശ്രീ. വി. ശിവൻകുട്ടി, എം. എൽ. എ.
4. ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം. എൽ. എ.
5. ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.
6. ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
3. ശ്രീ. എം. നന്ദകുമാർ, കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ്
4. ശ്രീ. കെ. എസ്. ജംഗ് പാംഗി, സി. എം. ഡി, കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
5. ശ്രീ. എസ്. ശ്രീനി, ഹൗസിംഗ് കമ്മീഷണർ/എക്സ്-ഒഫീഷ്യോ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
6. ശ്രീ. രാജീവ് കരിയിൽ, ഡയറക്ടർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം
7. ശ്രീ. പി. പി. ബാലൻ, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

8. ശ്രീമതി ആനിയമ്മ ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീമതി എസ്. ജമുന, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
10. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനിക് വെൽഫയർ ഡിപ്പാർട്ട്മെന്റ്
11. ശ്രീ. പി. കെ. തോമസ്, ഡയറക്ടർ, കുടുംബശ്രീ
12. ശ്രീ. കെ. ദിവാകരൻ, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
13. ശ്രീ. എ. ഷാജഹാൻ, മനേജിംഗ് ഡയറക്ടർ, കെ. സി. റ്റി & എൻ. ടി. എസ്. ഡബ്ല്യൂ. സി.
14. ഡോ. ജോർജ്ജ് ചക്കച്ചേരി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

സമിതി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXXV (പഞ്ചായത്ത്), XXXVI (സാമൂഹ്യ വികസനം), XXI (ഭവനനിർമ്മാണം) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ സർക്കാർ നൽകാൻ തീരുമാനിക്കുകയും ചെയ്തു :

## ധനാഭ്യർത്ഥന നമ്പർ—XXXVI—സാമൂഹ്യ വികസനം

2501-06-197-48-(01)—<u>ഇന്ദിര ആവാസ് യോജന—ജനറൽ</u> (25% സംസ്ഥാന വിഹിതം)

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീടു നിർമ്മിച്ചുനൽകുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 75:25 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക വഹിക്കുന്നത്. നിലവിൽ ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് യഥാക്രമം 2 ലക്ഷം രൂപയും 2.5 ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി നൽകുന്ന തുക വീടൊന്നിന് 75,000 രൂപയായി വർദ്ധിപ്പിക്കണമെന്നും ഇതുമൂലമുണ്ടാകുന്ന അധികബാദ്ധ്യതയ്ക്കുള്ള തുക കൂടി സംസ്ഥാന ബജറ്റിൽ വകയിരുത്തേണ്ടതാണെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഈ പദ്ധതി പ്രകാരം 2012-13 സാമ്പത്തികവർഷം 35540 വീടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്കു പുറമെ 375 കോടി രൂപ കൂടി നടപ്പുവർഷം വകയിരുത്തണമെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-53—സംയോജിത തരിശുഭൂമി വികസന പരിപാടി/ഹരിയാലി-
(8.35% സംസ്ഥാന വിഹിതം)

ഹരിയാലി, ഐ.ഡബ്ള്യൂ.എം.പി. ഒന്നാംഘട്ടം, രണ്ടാം ഘട്ടം, മൂന്നാംഘട്ടം എന്നിവയ്ക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതം നൽകുന്നതിന് 8.87 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-197-36—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഓഫീസ് കെട്ടിടം

01- കെട്ടിട നിർമ്മാണം

ഇപ്പോൾ സ്ഥലം ലഭ്യമായിട്ടുള്ള 4 ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ശരാശരി 150 ലക്ഷം രൂപ വീതം 600.00 ലക്ഷം രൂപ വേണ്ടിവരുമെന്ന് സമിതി കണക്കാക്കുകയുമുണ്ടായി. ആയതിനാൽ ഇതിലേക്കായി 400 ലക്ഷം രൂപ കൂടി അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിടങ്ങൾ യൂണിഫോം പാറ്റേണിൽ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നൽകാനും സമിതി തീരുമാനിച്ചു.

അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഹാഡ്സ്)

അഹാഡ്സ് പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിച്ച് ആവശ്യമായ വിഹിതം വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-003-47—എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

34—മറ്റു ചെലവുകൾ

ഗ്രാമവികസന വകുപ്പിനു കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളായ (ഇ.റ്റി.സി.) മണ്ണുത്തി, കൊട്ടാരക്കര, തളിപ്പറമ്പ് എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ നടത്തുന്നതിനും നിലവിലുള്ള പരിശീലന സൗകര്യം വർദ്ധിപ്പിക്കുന്നതിനും, ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-103-99-04—സ്വരാജ് ഭവൻ സജ്ജീകരിക്കൽ

സ്വരാജ് ഭവന്റെ നിർമ്മാണം 80% പൂർത്തീകരിക്കപ്പെട്ടതായി മനസ്സിലാക്കിയ സമിതി സ്വരാജ് ഭവനിലേക്ക് മാറ്റി സ്ഥാപിക്കുന്ന ഓഫീസുകൾ നടപ്പുവർഷം തന്നെ ഷിഫ്റ്റ് ചെയ്യത്തക്ക തരത്തിൽ അടിയന്തിരമായി ഈ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും ഓഫീസുകൾ സജ്ജീകരിക്കുന്നതിനുമായി നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ 7 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-800-48—കുടുംബശ്രീ

ഭരണ നിർവ്വഹണം, സി.ഡി.എസ്. ആഡിറ്റ് എന്നിവ ഉൾപ്പെടുന്ന സംഘടനാ പ്രവർത്തനത്തിനും, ആശ്രയ, ബഡ്സ്, കുട്ടികളുടെ കായിക-ആരോഗ്യ പരിപാടി ഉൾക്കൊള്ളുന്ന സാമൂഹ്യ വികസന പരിപാടികൾക്കും മൈക്രോ ഫിനാൻസ്, യുവശ്രീ, സമഗ്ര എന്നിവ നടപ്പാക്കുന്ന പ്രാദേശിക വികസന പദ്ധതിക്കും വേണ്ടി ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതികൾ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ വകുപ്പ് ആവശ്യപ്പെട്ട 120 കോടി രൂപയിൽ അനുവദിച്ച 84.17 കോടി രൂപ കിഴിച്ച് ബാക്കി 35.83 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-800-14—ഭവനശ്രീ വായ്പ ഏറ്റെടുക്കൽ

2010-11 സാമ്പത്തികവർഷം ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്ത ഇനത്തിൽ 30-6-2010 വരെയുള്ള കുടിശ്ശിക തുകയായ 24.74 കോടി രൂപയും, ഒന്നാം തിരിച്ചടവ് തവണയായ 26.26 കോടി രൂപയും ഉൾപ്പെടെ ആകെ 50.999 കോടി രൂപ 14 ബാങ്കുകൾക്ക് നല്കിയിട്ടുണ്ട്. രണ്ടാം ഗഡുവായി 26.39 കോടി രൂപ 2012 ഫെബ്രുവരി മാസം ബാങ്കുകൾക്ക് നല്കിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ മൂന്നാം ഗഡു നൽകുന്നതിലേക്കായി 26.39 കോടി രൂപ വേണ്ടിവരും എന്ന് സമിതി വിലയിരുത്തുകയും നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ച വിഹിതത്തിനു പുറമേ 139 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

**മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.)**

എൻ. എൽ. ആർ. എം. ഉപപദ്ധതിയായ മഹിളാ കിസാൻ ശാക്തീകരണ പരിയോജനയിൽ ഇതുവരെയായി 46688 സംഘ ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്ത് കൃഷി ആരംഭിച്ചു കഴിഞ്ഞതായും പദ്ധതിയുടെ ഭാഗമായി മാസ്റ്റർ കർഷകരെ കണ്ടെത്തുന്നതിലേക്ക് പഞ്ചായത്ത് (691), ക്ലസ്റ്റർ (3), സംസ്ഥാന (1) തലങ്ങളിൽ ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 5488 മാസ്റ്റർ കർഷകരെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുന്നതിന് ആർ.പി.-മാരെ സജ്ജരാക്കുന്നതിന് ആർ.പി.-മാർക്ക് പരിശീലനം നൽകിയതായും സമിതി മനസ്സിലാക്കി. എം.കെ.എസ്.പി.-യുടെ ആകെ അടങ്കൽ തുക 79.90 കോടി രൂപയാണ്. ഇതിന്റെ 45.20% തുകയായ 36.14 കോടി രൂപ കേന്ദ്ര സർക്കാരിന്റെ എം.കെ.എസ്. പദ്ധതി മുഖേന ലഭ്യമാകുന്നു. 1.20 കോടി രൂപ തൊഴിലുറപ്പ് പദ്ധതി മുഖേനയും 14.70 കോടി രൂപ എൻ.ആർ.എൽ.എം. മുഖേനയും ലഭ്യമാകുന്നു. ബാക്കി 35% ആയ 27.90 കോടി രൂപ കുടുംബശ്രീക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും വകകൊള്ളിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-98—പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള സംസ്ഥാന ധനസഹായം

ഗ്രാമങ്ങളിലെ ഒറ്റപ്പെട്ടുകിടക്കുന്ന ആവാസകേന്ദ്രങ്ങളെ എല്ലാകാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകൾ നിർമ്മിച്ച് പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ഈ പദ്ധതി 100% കേന്ദ്ര സർക്കാരിന്റെ ധനസഹായമുള്ളതാണ്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ച അടങ്കൽ തുകയിൽ നിന്നും അധികരിച്ച തുക വഹിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. ഈ പദ്ധതിയിലെ പ്രവൃത്തികൾ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കുവാൻ കഴിയാത്തത് എസ്റ്റിമേറ്റ് തുകയും സാധനസാമഗ്രികളുടെ കമ്പോള വിലനിലവാരവും തമ്മിലുള്ള അന്തരമാണ്. സർക്കാർ ഉത്തരവ് നമ്പർ (കൈ.) 293/2011/ത.സ്വ.ഭ.വ. തീയതി 23-2-2012 പ്രകാരം 2011-ലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ 303 പ്രവർത്തികൾ പുതുക്കി ടെണ്ടർ ചെയ്യുവാൻ അനുമതി നൽകിയിരുന്നു. ഈ ഇനത്തിൽ 90 കോടി രൂപ സംസ്ഥാന ബാധ്യതയാണ്. ഈ ഇനത്തിൽ 35 കോടി രൂപ 2012-13 സാമ്പത്തികവർഷത്തിൽ വകയിരുത്തേണ്ട താണെന്ന് സമിതി വിലയിരുത്തി.

കൂടാതെ സർക്കാർ ഉത്തരവ് നമ്പർ (കൈ.) 75/12/ത.സ്വ.ഭ.വ. തീയതി 23-3-2012 പ്രകാരം ഈ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡ മനുസരിച്ച് ടെണ്ടർ പ്രീമിയം അനുവദിച്ച് അവാർഡ് ചെയ്യുന്നതിനും, ഇതിനാവശ്യമായ അധികതുക സംസ്ഥാന ബഡ്ജറ്റിൽനിന്നും വഹിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ ഇനത്തിൽ അധികമായി ആവശ്യമായിവരുന്ന 19 കോടി രൂപയും മുൻവർഷങ്ങളിലെ പ്രവൃത്തികൾക്ക് ടെണ്ടർ പ്രീമിയം അനുവദിച്ച ഇനത്തിലും നിർമ്മാണ സാമഗ്രികളുടെ വിലവ്യത്യാസം നൽകുന്ന ഇനത്തിലും 10 കോടി രൂപയും വകയിരുത്തേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കി. അതുപോലെ പദ്ധതി നടത്തിപ്പിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി, ടെലിഫോൺ, വാട്ടർ അതോറിറ്റി എന്നിവയുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഈ ഇനത്തിൽ 4 കോടി രൂപ വകയിരുത്തേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി. ഇതിനു പുറമേ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലുള്ള പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുകയും കരാറുകാരുടെ അല്ലാത്ത കാരണത്താൽ തടസ്സപ്പെട്ട് കിടക്കുന്ന 57 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി പണിതീർക്കുന്നതിന് അധികമായി വേണ്ടിവരുന്ന 32 കോടി രൂപയും സംസ്ഥാന ബജറ്റിൽ വകയിരുത്തേണ്ടതുണ്ടെന്നു സമിതിയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടു.

മേൽ വിവരിച്ചിട്ടുള്ള എല്ലാ ഇനങ്ങളിലുമായി ആകെ 100 കോടി രൂപ ആവശ്യ മായി വരുമെന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന ബജറ്റ്വിഹിതം കിഴിച്ച് ബാക്കിവരുന്ന 53.65 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ—XXXV—പഞ്ചായത്ത്

### 2515-00-196-39—ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തുനടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

ജില്ലാ പഞ്ചായത്തുകളിൽ XI മുതൽ XVI വരെ ട്രാൻഷെകളിൽ മൊത്തം 164 പ്രോജക്ടുകൾ ഈ പദ്ധതിപ്രകാരം അനുവദിച്ചതിൽ 66 പ്രോജക്ടുകൾ റദ്ദു ചെയ്യേണ്ടി വന്നതായും കൂടാതെ 8 പ്രോജക്ടുകൾ ഇനിയും ആരംഭിച്ചിട്ടില്ല എന്നും ശേഷിക്കുന്നതിൽ 37 പ്രോജക്ടുകൾ പൂർത്തിയാക്കി എന്നും 53 പ്രോജക്ടുകളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു എന്ന് 2012-13 സാമ്പത്തികവർഷം ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 49.49 കോടി രൂപയുടെ റോഡ് വികസനത്തിനുള്ള സ്പെഷ്യൽ പാക്കേജിന് അംഗീകാരം നൽകുകയുണ്ടായി എന്നും ഈ പദ്ധതിയുടെ പ്രവർത്തനത്തിനായി 800.00 ലക്ഷം രൂപയുടെ അധിക ധനവിനിയോഗം പ്രതീക്ഷിക്കുന്നു എന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തികവർഷം 850.00 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### 2515-00-197-39—ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആർ.ഐ.ഡി.എഫ്. XI മുതൽ XVI വരെയുള്ള ട്രാൻഷെകളിലായി 198 പ്രോജക്ടുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 56 പ്രോജക്ടുകൾ പൂർത്തിയാക്കുകയും 54 പ്രോജക്ടുകൾ നിലവിൽ നടപ്പാക്കി വരുന്നുമുണ്ട്. 20 പ്രോജക്ടുകൾ റദ്ദു ചെയ്തിട്ടുണ്ട്. കുറഞ്ഞത് 1000 ലക്ഷം രൂപയെങ്കിലും 2012-13 വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായമായി നൽകേണ്ടിവരുമെന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ 4 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### 2515-00-198-37—നബാർഡ് സഹായത്തോടെ ഉള്ള ഗ്രാമവികസന പദ്ധതി—വില്ലേജ് ഡെവലപ്മെന്റ് പ്ലാൻ

2009-10 വർഷത്തിലെ ആർ.ഐ.ഡി.എഫ്. XV-ൽ ഉൾപ്പെടുത്തി നബാർഡ് ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പൈലറ്റ് പദ്ധതിയാണ് ഗ്രാമവികസന പദ്ധതി (വി.ഡി.പി.). ഈ പദ്ധതി പ്രകാരം 700.80 ലക്ഷം രൂപ അടങ്കൽ വരുന്ന 52 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയുണ്ടായി. ഇതിന്റെ നബാർഡ് വിഹിതം 569.87 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ നല്ല പുരോഗതി കൈവരിക്കുന്ന വർഷമാണ് 2012-13. ഈ സാമ്പത്തികവർഷം നബാർഡ് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി 300.00 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-003-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ജനാധിപത്യ അധികാര വികേന്ദ്രീകരണ-പ്രാദേശിക ഭരണ പരിശീലന സ്ഥാപനമെന്ന നിലയിൽ പ്രശസ്തിയാർജ്ജിച്ച കിലയിൽ പ്രാദേശിക ഭരണത്തിലും ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിലും ആഴമേറിയ പഠനങ്ങളും കോഴ്സുകളും പുതിയ സാഹചര്യത്തിന്റെ ആവശ്യകതയായി ഉയർന്നുവന്നതിനാൽ കിലയെ കല്പിത സർവ്വകലാശാലയായി ഉയർത്തുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം തേടിയിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന വിഹിതത്തിനു പുറമേ 10 കോടി രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ—XXI—ഭവന നിർമ്മാണം

4216-01-106-96—നഗര പ്രദേശങ്ങളിലെ ദുർബലവിഭാഗങ്ങൾക്കുള്ള നവീന ഭവന പദ്ധതി

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരപ്രദേശങ്ങളിൽ നിന്നും വളരെ ദൂരത്തിൽ താമസിക്കുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്ക് നൽകുന്ന ഈ പദ്ധതി കോഴിക്കോട്, കുട്ടനെല്ലൂർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായി 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-80-190-97—കേരള സംസ്ഥാന ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ—നിക്ഷേപം

പൊതുമേഖലയിൽ സ്ഥാപിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഫിനാൻസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനമൂലധനമായി 10 കോടി രൂപയുടെ നിക്ഷേപ ആസ്തി ഉണ്ടെങ്കിൽ മാത്രമേ നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അംഗീകാരം ലഭിക്കുകയുള്ളൂ എന്നും നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അംഗീകാരത്തോടുകൂടി മാത്രമേ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ സ്ഥാപനത്തിന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിക്കുകയുള്ളൂ എന്നും വിലയിരുത്തിയ സമിതി സ്ഥാപനത്തിന്റെ അംഗീകാരത്തിനും പ്രവർത്തനാരംഭത്തിനുമായി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ 2012-13 വർഷത്തിൽ പ്രവർത്തനമൂലധനത്തിനായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-103-99 (34)—ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണം

ലക്ഷംവീട് പദ്ധതിപ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണത്തിനായി 2011-12 സാമ്പത്തികവർഷത്തിൽ അനുവദിച്ചിരുന്ന 6 കോടി രൂപയിൽ 4 കോടി രൂപ മാത്രമേ ബോർഡിന് ലഭ്യമായിട്ടുള്ളൂ എന്നും Special Fund ഇനത്തിൽ 2 കോടി രൂപ സർക്കാരിൽനിന്നും ലഭിക്കുവാനുണ്ട് എന്നും 2012-13 സാമ്പത്തികവർഷത്തിൽ ടോക്കൺ പ്രൊവിഷനായാണ് 1 ലക്ഷം രൂപ അനുവദിച്ചത് എന്നും വിലയിരുത്തിയ സമിതി സർക്കാരിൽനിന്നും ലഭിക്കേണ്ട തുകയായ 4 കോടി രൂപ (2011-12-ലെ ബജറ്റിലുള്ള 2 കോടി രൂപ + Special Fund ഇനത്തിലുള്ള 2 കോടി രൂപ)-യ്ക്ക് പുറമെ അധികമായി 10 കോടി രൂപ കൂടി നടപ്പുസാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

6216-80-190-98—സാഫല്യം ഭവന പദ്ധതി (പാർപ്പിടാവകാശ പദ്ധതി—ഭവനരഹിതരായ ആളുകൾക്കുള്ള ഭവന പദ്ധതി

ഭൂഭവനരഹിതരായ EWS വിഭാഗക്കാർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചുനൽകുന്നതിന് 1 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി വിതരണം ചെയ്യുന്നതിനായി സർക്കാർ ബജറ്റിലൂടെ തുക അനുവദിക്കുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിലൂടെ 1008 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി 10.08 കോടി രൂപ ബജറ്റ് വിഹിതം ആവശ്യമായിരുന്നുവെങ്കിലും 1 കോടി രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഈ സാമ്പത്തികവർഷത്തിൽ പദ്ധതിക്കായി 25 കോടി രൂപ ആവശ്യപ്പെട്ട സ്ഥാനത്ത് 17 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ പദ്ധതിക്കായി 8 കോടി രൂപ അധികമായി അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

6216-80-201-99—കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

06-മാർക്കറ്റ് ബോറോയിംഗ്

ബോർഡിന് വിവിധ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് പ്രവർത്തനമൂലധനം ആവശ്യമാണ്. മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്ന് മൂലധനം സ്വരൂപിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയുടെ അഭാവത്തിൽ ഇപ്പോൾ ബോർഡിന് കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ബോർഡിന് പ്രവർത്തനമൂലധനമായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6216-80-201-98—സർക്കാർ ഉദ്യോഗസ്ഥകൾക്കുള്ള ഹോസ്റ്റൽ (75% കേന്ദ്രവിഹിതം)

2012-13 സാമ്പത്തികവർഷത്തിൽ കട്ടപ്പന, മുട്ടം (Addl. Block) തിരുവനന്തപുരം/ കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്ര സഹായത്തോടു കൂടിയുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പിലാക്കുന്നതിനായി 3.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിക്കാത്ത ഡിമാന്റുകൾ

സാന്ത്വനം വാടകവീട് പദ്ധതി

കാൻസർ പോലുള്ള മാരകരോഗങ്ങൾക്ക് അടിമപ്പെട്ട് മെഡിക്കൽ കോളേജുകളിൽ ചികിത്സക്കു വിധേയരാകുന്ന സമൂഹത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ട രോഗികൾക്ക് മിതമായ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകൾക്കു സമീപമുള്ള സർക്കാർ ഭൂമികളിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് വാടകയ്ക്കു നൽകുന്നതിനുള്ള നൂതന പദ്ധതിക്കായി 2012-13 സാമ്പത്തികവർഷത്തെ സർക്കാർ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. നടപ്പു സാമ്പത്തികവർഷത്തിൽ സാന്ത്വനം വാടകവീട് പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

റവന്യൂ ടവർ പദ്ധതി

ഹരിപ്പാട്, കട്ടപ്പന, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ബോർഡ്‌വഴി റവന്യൂ ടവറുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മൈത്രീ—എഴുതിത്തള്ളിയ ബാദ്ധ്യത (316.04 കോടി)

മൈത്രീ പദ്ധതിയുടെ ബാദ്ധ്യത അവസാനിപ്പിക്കുന്നതിലേക്ക് 316.04 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഹഡ്‌കോ ബാദ്ധ്യത—സെറ്റിൽമെന്റ് (207.5 കോടി)

2012-13 വർഷത്തെ ബഡ്ജറ്റിൽ ഈ ഇനത്തിൽ 50 കോടി രൂപ മാത്രമാണ് വകകൊള്ളിച്ചിട്ടുള്ളതെന്നും ഇത് തികച്ചും അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി 120 കോടി രൂപ കൂടി അധികമായി വകകൊള്ളിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-103-99—

35- ലക്ഷംവീട് ബമ്പർ ലോട്ടറി—തനത് വരുമാനം

എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിക്ക് ലക്ഷംവീട് ബമ്പർ ലോട്ടറിയിൽ നിന്നുള്ള 6.16 കോടി രൂപ നടപ്പു സാമ്പത്തികവർഷത്തിലും അനുവദിച്ചുനൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-800-85—കോഴിക്കോട് ജില്ലയിലെ ബംഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫ്ളാറ്റ് നിർമ്മാണം

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ 333 കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിക്കായി 38 കോടി രൂപ ചെലവുവരുന്ന പദ്ധതി ബോർഡ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി 218 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി 15 കോടി രൂപ 2011-12 സാമ്പത്തികവർഷത്തെ സർക്കാർ ബജറ്റിൽ വകയിരുത്തുകയും ഇതിൽ 8 കോടി രൂപ അനുവദിക്കുകയും

ചെയ്തിട്ടുണ്ട്. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ കൂടി ലഭ്യമാകേണ്ടതുണ്ട്. ഈ പദ്ധതിയുടെ രണ്ടാംഘട്ടമായി 115 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി 23 കോടി രൂപ നടപ്പു സാമ്പത്തികവർഷത്തേക്ക് ബോർഡ് ആവശ്യപ്പെട്ടുവെങ്കിലും 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ നടപ്പുവർഷം തന്നെ 8 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-101-99—<u>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം</u>

പുതിയ പദ്ധതികൾക്കുവേണ്ടിയും നീക്കിയിരിപ്പ് തുക തീരെ അപര്യാപ്തമായ പദ്ധതികൾക്കുവേണ്ടിയും 340 ലക്ഷം രൂപയും പുതിയ നോൺ-പ്ലാൻ ഹെഡ് അനുവദിച്ച് അതിൽ 100 ലക്ഷം രൂപ കെസ്നിക്കിന് വിഹിതമായി നൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി പഞ്ചായത്തിൽ മണൽ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

6216-80-190-99—<u>കേരള പോലീസ് ഹൗസിംഗ് കൺസ്ട്രഷൻ കോർപ്പറേഷനുള്ള വായ്പകൾ</u>

പദ്ധതി ഇനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പദ്ധതിയേതര ഇനങ്ങളിലെ ഫണ്ട് റഗുലറൈസേഷനും മറ്റും ചെലവുകൾക്കും അനുവദിച്ച തുക തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്ലാൻ ഇനത്തിൽ 5,440 ലക്ഷം രൂപ നോൺ-പ്ലാൻ ഇനത്തിൽ 2,432.13 ലക്ഷം രൂപയും പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. കൂടാതെ പദ്ധതിവിഹിതമായി 6,340 ലക്ഷം രൂപയും മുൻകാലങ്ങളിൽ എടുത്ത വായ്പ മുതലും പലിശയും കോർപ്പറേഷന്റെ മറ്റു ഫണ്ടുകളിൽ നിന്നും എടുത്ത് തിരിച്ചടച്ചത് റെഗുലറൈസ് ചെയ്യുന്നതിലേക്കും സർക്കാരിന്റെ ഗ്യാരന്റി കമ്മീഷൻ ഒടുക്കിയ ഇനത്തിലുമായി പദ്ധതിയേതര വിഹിതമായി 2,667.13 ലക്ഷം രൂപയും നടപ്പുവർഷം വകയിരുത്തണമെന്ന് ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

2216-86-103-99—<u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>

നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

02—<u>വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം</u>

പത്രപ്രവർത്തകർക്ക് ഭവനനിർമ്മാണ സബ്സിഡിയായി നിർമ്മാണചെലവിന്റെ 25% തുക 50,000 രൂപയിൽ നിജപ്പെടുത്തി നൽകിവരുന്നതായും നിലവിൽ 18 അപേക്ഷകൾ നടപടിയിലിരിക്കുന്നതായും സമിതി മനസ്സിലാക്കി. ഇത് ഒരു തുടർ പദ്ധതി ആയതിനാൽ 2012-13 വർഷത്തേക്ക് 25 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 18 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പിരിഞ്ഞു.

## 2012 മേയ് 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2012 മേയ് മാസം 9-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ VB കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. പി. റ്റി. എ. റഹീം
3. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
4. ശ്രീ. കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

സമിതി 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് സമിതി 28-6-2011 മുതൽ 31-3-2012 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3 മണിക്ക് പിരിഞ്ഞു.

## 2012 ജൂൺ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2012 ജൂൺ മാസം 11-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് നിയമസഭാ കോംപ്ലക്സിലെ VD കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും

ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രിയുമായ ശ്രീ. കെ. എം. മാണിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. പി. റ്റി. എ. റഹീം
2. ശ്രീ. ഇ. കെ. വിജയൻ
3. ശ്രീ. കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
2. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. ജെയിംസ് ജേക്കബ്, സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
4. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

സമിതി 2012-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

(i) In section 36A, proposed to be inserted by clause 2, both in the marginal heading and operative part after the words "or improvement" the words " or development " shall be inserted.

(ii) In the Explanation to section 36A proposed to be inserted by clause 2, for the words "procured through a transparent and open procurement system" the words "selected through a transparent and open process" shall be substituted.

ശ്രീ. ഇ. കെ. വിജയൻ, ശ്രീ. പി.റ്റി.എ. റഹീം എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 4.15-ന് പിരിഞ്ഞു.

## 5-7-2012-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IX ന്റെ ഒരു യോഗം 2012 ജൂലൈ മാസം 5-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4.40-ന് നിയമസഭാ കോംപ്ലക്സിലെ VA കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു :

1. ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.
2. ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.
3. ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.
4. ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ടി. കെ. മനോജ് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
3. ശ്രീ. ജെയിംസ് ജേക്കബ്, സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
4. ശ്രീ. രാജീവ് കരിയിൽ, ഡയറക്ടർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം
5. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്
6. ശ്രീ. കെ. ദിവാകരൻ, അഡീഷണൽ രജിസ്ട്രാർ, ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
7. ശ്രീ. കെ. വി. മാത്യു, സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്) പൊതുമരാമത്ത് വകുപ്പ്.

സമിതി താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## ഭവന നിർമ്മാണ വകുപ്പ്

1. **2003-04 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 3-ാമത് റിപ്പോർട്ട്**

    (ഫയൽ നമ്പർ. 15523/സബ്.സി.ഡി1/2010/ലെജി.)

    ഖണ്ഡിക നമ്പർ 5, 6, 8,9, 20, 21, 24

    (കത്ത് നമ്പർ 5226/ബി2/2005/ഭവനം, തീയതി 28-3-2012)

2. **2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2-ാമത് റിപ്പോർട്ട്**

    (ഫയൽ നമ്പർ 13447/സബ്.സി.ഡി1/2007/ലെജി.)

    ഖണ്ഡിക നമ്പർ 8, 9, 28, 29, 38

    (കത്ത് നമ്പർ 5268/ബി2/2011/ഭവനം, തീയതി 4-4-2012)

3. **2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 1-ാമത് റിപ്പോർട്ട്**

    (ഫയൽ നമ്പർ 4932/സബ്.സി.ഡി1/2011/ലെജി.)

    ഖണ്ഡിക നമ്പർ 2, 3, 13, 14, 18, 19, 20, 22, 23, 26, 32

    (കത്ത് നമ്പർ 530/ബി.2/2012/ഭവനം, തീയതി 2-7-2012)

    ഖണ്ഡിക നമ്പർ 15, 30, 31, 34

    (കത്ത് നമ്പർ 546/സി1/2012/ഭവനം, തീയതി 3-7-2012)

    ഖണ്ഡിക നമ്പർ 1, 4, 5, 6, 7, 8, 9, 10, 11, 12, 16, 17, 21, 24, 25, 27, 28, 29, 33, 35, 36, 37.

    (കത്ത് നമ്പർ 525/എ3/2012/ഭവനം, തീയതി 3-7-2012)

## തദ്ദേശസ്വയംഭരണ വകുപ്പ്

1. **2006-07 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 1-ാമത് റിപ്പോർട്ട്**

    (ഫയൽ നമ്പർ 12044/സബ്.സി.ഡി1/2006/ലെജി.

    ഖണ്ഡിക നമ്പർ 2

    (കത്ത് നമ്പർ 67072/സി.ഡി 1/10/തസ്വഭവ. തീയതി 30-3-2012.

2. **2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 5-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 14989/സബ്.സി.ഡി1/2010/ലെജി),

ഖണ്ഡിക നമ്പർ 19

(കത്ത് നമ്പർ 63835/ ഡി.സി.2/2011/ത.സ്വ.ഭ.വ. തീയതി 20-4-2012)

ഖണ്ഡിക നമ്പർ 16, 17

(കത്ത് നമ്പർ 2297/ഡി3/2012/ത.സ്വ.ഭ.വ. തീയതി 28-5-2012)

യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി പരിശോധിച്ചവേളയിൽ വകുപ്പിനെ പ്രതിനിധീകരിച്ച് ആരും തന്നെ ഹാജരായിരുന്നില്ല. അതിനുശേഷം യോഗത്തിൽ എത്തിച്ചേരുകയുണ്ടായ ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിയോട് ഇതു സംബന്ധിച്ച വിശദീകരണം സമിതി ആവശ്യപ്പെടുകയും ആയത് നൽകാമെന്ന് സെക്രട്ടറി മറുപടിയും നൽകുകയും ചെയ്തു.

2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാ മത് റിപ്പോർട്ടിൽ തദ്ദേശസ്വയംഭരണവുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 38 മുതൽ 93 വരെയുള്ള ശുപാർശകളിന്മേൽ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത റിപ്പോർട്ടുകൾ എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു.

## 19-7-2012-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2012 ജൂലൈ മാസം 19-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5.15-ന് നിയമസഭാ കോംപ്ലക്സിലെ IV A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുമായ ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു :

1. ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.
2. ശ്രീ. പി. റ്റി. എ. റഹീം, എം.എൽ.എ.
3. ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ.
4. ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.
5. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ടി. കെ. മനോജ് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എം. നന്ദകുമാർ, കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ്
3. ശ്രീമതി എസ്. ജമുന, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. കെ. സി. ജോസഫ്, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്.

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലെ ശുപാർശകളിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനത്തോടെ അംഗീകരിക്കുകയും ചെയ്തു.

(1) <u>ഖണ്ഡിക നം 38 മുതൽ 50 വരെ, 55, 56, 57, 58, 63, 64, 65, 66, 68, 80, 81, 82, 83, 87,</u> 88, 89, 90, 92, 93

(കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ., തീയതി 12-7-2012)

ചർച്ച ചെയ്ത് അംഗീകരിച്ചു.

(2) <u>ഖണ്ഡിക നം. 93</u>

രണ്ട് ബ്ലോക്കിന് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നുള്ളത് ഇപ്പോൾ ഒരു ബ്ലോക്കിന് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന നിലയിൽ വിന്യസിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഓരോ ബ്ലോക്കിനും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ കൂടി ആവശ്യമുണ്ടെന്ന് വിലയിരുത്തുകയും ഇത്തരത്തിൽ ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും ചെയ്തു.

5-7-2012-ലെ സമിതി യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ ഹാജരാകാത്തതിനുള്ള കാരണം സമിതി ആരായുകയും വകുപ്പുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കുന്നതിലുള്ള സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാലാണ് വകുപ്പിനെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ ഹാജരാകാതിരുന്നതെന്നും ആയതിനുള്ള ക്ഷമാപണം രേഖാമൂലം സമിതിയെ അറിയിക്കുന്നതോടൊപ്പം മേലിൽ ഇത്തരം പ്രവണത ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുകയും ഇക്കാര്യത്തിൽ തുടർനടപടി ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് സമിതി 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അന്നേ ദിവസം സമിതി പരിഗണിച്ച മേൽസൂചിപ്പിച്ച നടപടി സ്റ്റേറ്റുമെന്റുകളിലെ വിവരങ്ങൾ കൂടി പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ ആയത് അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 5.45-ന് പിരിഞ്ഞു.

## 2-11-2012-ലെ യോഗനടപടികളുടെ റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2012 നവംബർ മാസം 2-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ.സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി. റ്റി. എ. റഹീം
2. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി,
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. റ്റി. ജെ. മാത്യു, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എം. നന്ദകുമാർ, കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ്
3. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ഡോ. ജോർജ് ചക്കച്ചേരി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
5. ശ്രീ. എസ്. ഗോപാലകൃഷ്ണൻ, ഹൗസിംഗ് കമ്മീഷണർ& എക്സ്-ഒഫീഷ്യോ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
6. ശ്രീ. റ്റി. എം. ജവഹർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീമതി എസ്. ജമുന, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
8. ശ്രീ. ഹാരിസൺ സേവ്യർ, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്

9. ശ്രീ. ജെയിംസ് ജേക്കബ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

10. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്) പൊതുമരാമത്ത് വകുപ്പ്

11. ശ്രീ. സി. രാധാകൃഷ്ണക്കുറുപ്പ്, ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡിപ്പാർട്ടുമെന്റ്

12. ശ്രീ. കെ. വി. മാത്യു, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്

13. ശ്രീ. കെ. ശ്രീജിത്ത്, ഫിനാൻസ് മനേജർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

14. ശ്രീമതി പി. ഷേർളി, അണ്ടർ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.

സർക്കാരിൽ നിന്നും സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കിയ കരട് ചട്ടങ്ങളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റുമെന്റുകളും സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തു. കൂടാതെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ അനുസരിച്ച് "നഗരങ്ങളിലെ മാലിന്യ സംസ്ക്കരണത്തിനായുള്ള നൂതന പരിപാടികൾ" എന്ന വിഷയത്തിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## I. താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ചുവടെ ചേർത്ത ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

1. 2012-ലെ കേരള മുൻസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ

(ഫയൽ നമ്പർ 4315/സബ്.സി.ഡി1/2012/ലെജി)

(ഗവൺമെന്റ് കത്ത് നമ്പർ 12857/ആർ.ഡി2/2011/ത.സ്വ.ഭ.വ. തീയതി 13-8-2012)

ഇതേ വിഷയത്തിൽ '2005-ലെ കേരള മുൻസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ എന്ന പേരിൽ കരട് ചട്ടം സമിതിയുടെ പരിഗണനയ്ക്ക് നേരത്തെ ലഭ്യമാക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തതാണെന്നും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനം ലഭ്യമാക്കാത്തതിനാൽ ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വരവെയാണ് ഈ വിഷയത്തിൽ 2012 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ എന്ന പേരിൽ പുതിയ കരട് ചട്ടം സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കിയിരിക്കുന്നതെന്നും വിലയിരുത്തിയ സമിതി ഇപ്രകാരം പുതിയ ചട്ടമുണ്ടാക്കാനുള്ള സാഹചര്യമെന്താണെന്ന് ആരായുകയുണ്ടായി. 2005-ൽ സമിതി അംഗീകരിച്ച കരട് ചട്ടം സംബന്ധിച്ചുള്ള ഫയൽ കണ്ടെത്താൻ കഴിയാത്തതു കൊണ്ടാണ് നിലവിൽ ആവശ്യമുള്ള മോഡിഫിക്കേഷനുകൾ കൂടി വരുത്തി പുതിയ കരട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.'

**പ്രസ്തുത കരട് ചട്ടത്തിലെ,—**

(i) ചട്ടം 3(2)-ൽ '(1)-ാം ചട്ടം പ്രകാരം' എന്നതിന് പകരം '(1)-ാം ഉപചട്ടപ്രകാരം' എന്ന് മാറ്റം വരുത്തണമെന്നും

(ii) ചട്ടം 8(1)-ന് ശേഷം ചേർത്തിട്ടുള്ള 'കുറിപ്പ്' താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യണമെന്നും ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

"കുറിപ്പ്:—ഈ ചട്ടത്തിന്റെ ആവശ്യത്തിന് കുടുംബം എന്നതിൽ ഒരാളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മകൻ, മകൾ, അവരുടെ മക്കൾ, സഹോദരൻ, സഹോദരി, പിതാവ്, മാതാവ് എന്നിവരും ഉൾപ്പെടുന്നതാണ്."

2. 2008-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ

(ഫയൽ നമ്പർ 16610/സബ്.സി.ഡി1/2009/ലെജി)

(ഗവൺമെന്റ് കത്ത് നമ്പർ 20152/ആർ.ഡി2/2009/ത.സ്വ.ഭ.വ. തീയതി 22-7-2009 & 26-9-2012)

**പ്രസ്തുത കരട് ചട്ടത്തിലെ,—**

(i) ചട്ടം 1 ലെ Short title and Commencement-ൽ ചേർത്തിരിക്കുന്ന വർഷം '2008' എന്നത് '2012' എന്നും

(ii) ഭേദഗതി ചട്ടത്തിലെ ചട്ടം 2 പ്രകാരം മൂലചട്ടത്തിന്റെ ചട്ടം 23-ൽ പുതിയതായി കൂട്ടിച്ചേർക്കുന്ന ഉപചട്ടം (4a) ലെ "Any land development or redevelopment........." എന്നത് "Any development or redevelopment of land......" എന്നും ഭേദഗതി വരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ താഴെപ്പറയുന്ന വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

## ഭവനനിർമ്മാണ വകുപ്പ്

2008-2009 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII-ന്റെ മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ. 15598/സബ്.സി.ഡി1/2008/ലെജി)

ഖണ്ഡിക നമ്പർ 24, 25, 26, 27, 28, 29

(ഗവൺമെന്റ് കത്ത് നമ്പർ 5547/സി1/2008/ഭവനം, തീയതി 19-9-2012)

ഖണ്ഡിക നമ്പർ 21

(ഗവൺമെന്റ് കത്ത് നമ്പർ 5547/സി1/2008/ഭവനം, തീയതി 22-10-2012)

ഖണ്ഡിക നമ്പർ 13, 39, 40

(ഗവൺമെന്റ് കത്ത് നമ്പർ 4880/ബി2/2012/ഭവനം, തീയതി 25-10-2012)

## തദ്ദേശസ്വയംഭരണ വകുപ്പ്

1. 2007-2008 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I ന്റെ രണ്ടാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 13447/സബ്.സി.ഡി1/2007/ലെജി.)

   ഖണ്ഡിക നമ്പർ 70 മുതൽ 88 വരെ

   (ഗവൺമെന്റ് കത്ത് നമ്പർ 45972/എഫ്.എം2/2007/ത.സ്വ.ഭ.വ. തീയതി 7-9-2012. & 25-10-2012)

2. 2008-2009 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IX-ന്റെ മൂന്നാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 15598/സബ്.സി.ഡി1/2008/ലെജി)

   ഖണ്ഡിക നമ്പർ 1, 2, 3, 4, 5, 6, 7, 19

   (ഗവൺമെന്റ് കത്ത് നമ്പർ 49890/എഫ്.എം2/2008/ത.സ്വ.ഭ.വ. തീയതി 6-9-2012.)

3. 2009-2010 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IX-ന്റെ നാലാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 15507/സബ്.സി.ഡി1/2009/ലെജി)

   ഖണ്ഡിക നമ്പർ 2, 3

   (ഗവൺമെന്റ് കത്ത് നമ്പർ 45217/എഫ്.എം2/2009/ത.സ്വ.ഭ.വ. തീയതി 16-8-2012.)

4. 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IX-ന്റെ ഒന്നാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 4932/സബ്.സി.ഡി.1/2011/ലെജി)

   ഖണ്ഡിക നമ്പർ 51 മുതൽ 54 വരെ, 59 മുതൽ 62 വരെ, 67, 69 മുതൽ 79 വരെ, 84 മുതൽ 86 വരെ, 91.

   (ഗവൺമെന്റ് കത്ത് നമ്പർ 56332/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 4-10-2012)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൽ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്ത ഖണ്ഡികകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത നടപടി സ്റ്റേറ്റുമെന്റുകൾ 2012 ഡിസംബർ മാസം 5-ാം തീയതി ചേരുന്ന സമിതി യോഗത്തിൽ പരിഗണിക്കുന്നതാകയാൽ നടപടി റിപ്പോർട്ടുകൾ നിയമസഭാ സെക്രട്ടേറിയറ്റിന് പ്രസ്തുത തീയതിയ്ക്ക് മുൻപായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

**III. സമിതി അംഗീകരിച്ചതും സാധൂകരണം നൽകിയതുമായ ചട്ടങ്ങളിന്മേൽ ആവശ്യപ്പെട്ട തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കാതെയുള്ള താഴെപ്പറയുന്ന വിഷയങ്ങളും സമിതി പരിഗണനയ്ക്കെടുത്തു.**

1. 1998-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) ചട്ടങ്ങളുടെ കരട് ചട്ടം

(ഫയൽ നം. 7775/സബ്.സി.ഡി1/98/ലെജി)

2. 2001-ലെ കേരള മുൻസിപ്പൽ കോമൺ സർവ്വീസ് (എഞ്ചിനീയറിംഗ് ആന്റ് ടൗൺ പ്ലാനിംഗ് സർവ്വീസ്) സ്പെഷ്യൽ റൂൾസ്- കരട് തിരുത്തൽ വിജ്ഞാപനം

(ഫയൽ നം. 8435/സബ്.സി.ഡി1/07/ലെജി)

3. 2009-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി കരട് ചട്ടങ്ങൾ

(ഫയൽ നം. 14827/സബ്.സി.ഡി1/09/ലെജി)

4. 2010-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) കരട് ചട്ടങ്ങൾ

(ഫയൽ നം. 11321/സബ്.സി.ഡി1/2011/ലെജി)

5. 2011-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി കരട് ചട്ടം

(ഫയൽ നം. 2549/സബ്.സി.ഡി1/2011/ലെജി)

6. 2011-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി കരട് ചട്ടങ്ങൾ

(ഫയൽ നം. 3478/സബ്.സി.ഡി1/2011/ലെജി)

7. 2007-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ. ഒ. നം. 120/2010)

(ഫയൽ നം. 8965/സബ്.സി.ഡി1/2007/ലെജി)

8. 2011-ലെ കേരള മുൻസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപരങ്ങൾക്കും മറ്റ് വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ

(ഫയൽ നം. 12210/സബ്.സി.ഡി1/2008/ലെജി)

9. 2012-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ

(ഫയൽ നം. 3480/സബ്.സി.ഡി1/2011/ലെജി)

10. 2005-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ. ഒ. നം. 738/2005)

(ഫയൽ നം. 13914/സബ്.സി.ഡി1/2005/ലെജി)

11. 2006-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ. ഒ. നം. 182/2006)

(ഫയൽ നം. 9382/സബ്.സി.ഡി1/2006/ലെജി)

പ്രസ്തുത വിഷയങ്ങളിന്മേൽ സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്തതിന്റെ കാരണം തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിയോട് സമിതി ആരായുകയും ഇതു സംബന്ധിച്ച വ്യക്തമായ മറുപടി നൽകാത്തതിനാൽ പ്രസ്തുത റിപ്പോർട്ടുകൾ സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

## IV. ചട്ടം 235 A പ്രകാരമുള്ള ചർച്ച

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ അനുസരിച്ച് "നഗരങ്ങളിലെ മാലിന്യസംസ്ക്കരണത്തിനായുള്ള നൂതന പരിപാടികൾ" എന്ന വിഷയത്തിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. സംസ്ഥാനത്തെ മാലിന്യസംസ്ക്കരണ പ്രശ്നങ്ങളും പരിഹാരത്തിനായുള്ള നൂതന രീതിയിലുള്ള വിവിധ പരിപാടികളെ സംബന്ധിച്ചും ഒരു വീഡിയോ പ്രദർശനത്തിലൂടെ ശുചിത്വമിഷൻ ഡയറക്ടർ വിശദീകരിച്ചു.

സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ ഏതാണ്ട് പകുതിയോളം വീടുകളിൽ നിന്നാണെന്നാണ് കണക്കാക്കുന്നത്. 65 നഗര സഭകൾ ഉള്ളതിൽ 34 നഗരസഭകളിലും 978 ഗ്രാമ പഞ്ചായത്തുകൾ ഉള്ളതിൽ 300 എണ്ണത്തിലും പൂർണ്ണമോ ഭാഗികമോ ആയ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളാണുള്ളത്. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് കൊണ്ട് മൂന്ന് രീതിയിലുള്ള സമീപനമാണ് ഖരമാലിന്യ സംസ്ക്കരണ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ രൂപകല്പന ചെയത് പ്രോത്സാഹനം നൽകിവരുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയും അവയെക്കുറിച്ച് വിശദമാക്കുകയും ചെയ്തു.

**1. ഉറവിട മാലിന്യ സംസ്ക്കരണം.**—ഇതിനായി കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് (പൈപ്പ്, മണ്ണിര, പോട്ട്, ബക്കറ്റ്, ബയോബിൻ തുടങ്ങിയവ) 90 ശതമാനം സബ്സിഡിയും (ശുചിത്വ മിഷൻ 75%, തദ്ദേശസ്വയംഭരണ സ്ഥാപനം 15%, ബാക്കി 10% ഉപഭോക്താവ്) ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% സബ്സിഡിയും (ശുചിത്വ മിഷൻ 50%, തദ്ദേശസ്വയംഭരണ സ്ഥാപനം 25%, ഗുണഭോക്താവ് 25%) നൽകിവരുന്നു. ഫ്ളാറ്റ് സമുച്ചയങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഫ്ളാറ്റ് ഒന്നിന് 500 രൂപ നിരക്കിലും സ്ഥാപനങ്ങൾക്ക് സംസ്ക്കരണ സംവിധാനം സ്ഥാപിക്കാനുള്ള തുകയുടെ 50 ശതമാനമോ ഒരു ലക്ഷം രൂപയോ നൽകിവരുന്നു.

**2. നിലവിലുള്ള നഗരസഭകളിലേയും പഞ്ചായത്തുകളിലേയും പരമ്പരാഗത പ്ലാന്റുകളുടെ നവീകരണവും ശേഷി വർദ്ധിപ്പിക്കലും പുതിയവയുടെ നിർമ്മാണവും**

ശേഷി വർദ്ധിപ്പിക്കലും നവീകരണത്തിനുമായി (പ്ലാന്റുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, പ്ലാന്റിന്റെ വശങ്ങളിൽ നെറ്റ് സ്ഥാപിക്കുക, മലിനജലം സംസ്കരിക്കുക, ദുർഗന്ധം ഒഴിവാക്കുന്നതിന് നടപടി എടുക്കുക, സാനിട്ടറി ലാന്റ് ഫിൽ നിർമ്മിക്കുക) 100% തുകയാണ് ശുചിത്വ മിഷൻവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്നത്.

**3. നവീന പ്ലാന്റുകളുടെ നിർമ്മാണം.**—ദുർഗന്ധമോ മലിനജലമോ ഉണ്ടാക്കാത്തവയും മാലിന്യം കൂട്ടി ഇടേണ്ട ആവശ്യം ഇല്ലാത്തവയും വ്യവസായ ശാലകൾ പോലെ പ്രവർത്തിപ്പിക്കാവുന്നവയും പരിസ്ഥിതി സൗഹൃദവുമായ ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പബ്ളിക് പ്രൈവറ്റ് പാർട്ണർഷിപ്പ് വ്യവസ്ഥയിൽ പ്രധാനപ്പെട്ട നഗരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് സ്ഥാപിക്കാനുള്ള നടപടികൾ സർക്കാർ എടുത്തു വരുന്നുവെന്നും ആയതിനുവേണ്ടി സർക്കാർ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് തെർമൽ ടെക്നോളജികൾ (പ്രൈറോളിസിസ്സ്, ഗ്യാസിഫിക്കേഷൻ, ഇൻസിനറേഷൻ) പരിഷ്കരിച്ച ബയോമീതനേഷൻ, ഒന്നിലധികം ടെക്നോളജികൾ ഉപയോഗിച്ചുള്ള ഇന്റർഗ്രേറ്റഡ് സംവിധാനം എന്നിവയാണ് അനുയോജ്യമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കാനാണ് ശ്രമിക്കുന്നതെന്നും തിരുവനന്തപുരത്ത് ചാലയിൽ 35 ടൺ പ്രതിദിന സംസ്ക്കരണ ശേഷിയുള്ള ഗ്യാസിഫിക്കേഷൻ ടെക്നോളജിക്ക് മുൻതൂക്കം നൽകിയുള്ള ഇന്റഗ്രേറ്റഡ് പ്ലാന്റ് 2013 മാർച്ച് മാസത്തോടെ പ്രവർത്തനക്ഷമമാകുമെന്നും അറിയിച്ചു. എറണാകുളത്തെ ബ്രഹ്മപുരത്തും (300 ടൺ പ്രതിദിന സംസ്ക്കരണ ശേഷി) കോഴിക്കോട്ടെ ഞെളിയൻപറമ്പിലും (150 ടൺ പ്രതിദിന സംസ്ക്കരണ ശേഷി) കണ്ണൂരിലെ ചേലോറയിലും (50 ടൺ പ്രതിദിന സംസ്ക്കരണ ശേഷി) തൃശൂരിലെ ലാലൂരിലും (150 ടൺ പ്രതിദിന സംസ്ക്കരണ ശേഷി) കോട്ടയത്തെ വടവാതൂരിലും (50 ടൺ പ്രതിദിന സംസ്ക്കരണ ശേഷി) ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. 2013 ഡിസംബറോടെ മേൽപ്പറഞ്ഞ പ്ലാന്റുകൾ എല്ലായിടങ്ങളിലും പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നതായും സമിതിയെ അറിയിച്ചു.

ആധുനിക പ്ലാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ട്രാൻസാക്ഷൻ അഡ്വൈസറുടെ സഹായത്തോടെ നോഡൽ ഏജൻസിയായ ശുചിത്വ മിഷനാണ് എടുത്തുവരുന്നത് എന്നും ഉറവിട മാലിന്യ സംസ്ക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനും നിലവിലുള്ള പ്ലാന്റുകളുടെ നവീകരണത്തിനും മറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് ശുചിത്വ മിഷൻ അംഗീകരിച്ച 86 സർവ്വീസ് പ്രൊവൈഡർമാരും 3 അക്രഡിറ്റഡ് ഏജൻസികളും നിലവിലുണ്ട് എന്നും മാലിന്യ സംസ്കരണത്തിനുള്ള വിവിധ സാമ്പത്തിക സഹായത്തിന് പുറമേ സാങ്കേതിക സഹായവും ശുചിത്വ മിഷൻവഴിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നത് എന്നും തിരുവനന്തപുരത്തെ വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്തിനാൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി തരണം ചെയ്യുവാൻ അനവധി പരിപാടികൾ സർക്കാർ ശുചിത്വ മിഷൻവഴി നടപ്പാക്കി വരുന്നുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

സംസ്ഥാനത്താകെയുള്ള പ്രവർത്തനങ്ങൾക്കായി 3 സാങ്കേതിക വിദഗ്ദ്ധർ മാത്രമാണ് ശുചിത്വ മിഷനുള്ളതെന്നും ജില്ലകളിൽ പൂർണ്ണസമയ കോർഡിനേറ്റർമാർ ഇല്ലാത്തതും പരിമിതമായ ഉദ്യോഗസ്ഥരെ വച്ചുകൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് വളരെ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത സാഹചര്യത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ട് ശുചിത്വ മിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 2012 ഡിസംബർ മാസം 5-ാം തീയതി ചേരുന്നതിന് തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

## 5-12-2012-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2012 ഡിസംബർ മാസം 5-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു :

1. ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.
2. ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. ടി. ജെ. മാത്യു, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ശ്രീ. എം. നന്ദകുമാർ, കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ്.
4. ശ്രീമതി ടിങ്കു ബിസ്വാൾ, ഡയറക്ടർ, അർബൻ അഫയേഴ്സ്.
5. ശ്രീമതി എസ്. ലളിതാംബിക, ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്.
6. ശ്രീ. പി. പി. ബാലൻ, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.
7. ശ്രീ. ഈപ്പൻ വർഗ്ഗീസ്, ചീഫ് ടൗൺ പ്ലാനർ.
8. ശ്രീ. പി. ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
9. ശ്രീമതി കെ. ബി. വത്സലകുമാരി, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
10. ഡോ. ജോർജ് ചക്കച്ചേരി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
11. ഡോ. എം. സൈനുദ്ദീൻ, എക്സിക്യൂട്ടീവ് ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ.
12. ശ്രീ. എസ്. ഗോപാലകൃഷ്ണൻ, സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.

13. ശ്രീ. ഹാരിസൺ സേവിയർ, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.

14. ശ്രീ. എ. മോഹനകുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ് കമ്മീഷണറേറ്റ്.

15. ശ്രീ. എസ്. രാമചന്ദ്രൻ, ജോയിന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്.

16. ശ്രീമതി എം. വൽസമ്മ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.

17. ഡോ. വി. പി. സുകുമാരൻ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ, കേരള ലോക്കൽ ഗവണ്മെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് 'പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ' എന്ന വിഷയത്തിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. കൂടാതെ സമിതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും സമിതി അംഗീകാരം നൽകിയ ചട്ടങ്ങളിന്മേൽ നാളിതുവരെ ഗസറ്റ് വിജ്ഞാപനം ലഭ്യമാക്കാത്തവയെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

**I. ചട്ടം 235എ പ്രകാരമുള്ള ചർച്ച**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് 'പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ' എന്ന വിഷയത്തിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രകാരം നഗരകാര്യം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ വകുപ്പുകൾ 2012-13 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും വരുംവർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദീകരിച്ചു.

## നഗരകാര്യ വകുപ്പ്

(1) ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ നഗരനവീകരണ പരിപാടി (ജെ.എൻ.എൻ.യു.ആർ.എം.)—കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ നഗരനവീകരണ പരിപാടിക്ക് (ജെ.എൻ.എൻ.യു.ആർ.എം.) 374.67 കോടി രൂപ, ചെറുകിട പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പരിപാടിക്ക് (യു.ഐ.ഡി.എസ്.എസ്.എം.ടി.) 129.21 കോടി രൂപ, കേരള നഗരവികസന പ്രോജക്ടിന് 273 കോടി രൂപ എന്നിങ്ങനെയാണ് 2012-13 സാമ്പത്തികവർഷത്തേക്ക് തുക വകയിരുത്തിയിരിക്കുന്നതെന്നും കേരള സുസ്ഥിര നഗരവികസന ദൗത്യം (കെ.എസ്.യു.ഡി.പി.) മുഖേനയാണ് ഈ പദ്ധതികൾ

നടപ്പിലാക്കുന്നതെന്നും നഗരകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

നഗരത്തിലെ സാഹചര്യങ്ങളോട് യോജിക്കാത്ത രീതിയിലുള്ള സ്വീവേജ് സിസ്റ്റം പോലുള്ള പദ്ധതികൾ പല പ്രധാന പ്രോജക്ടുകളിലും വിഭാവനം ചെയ്തിട്ടുണ്ടെന്നും അതിനാൽ അവ ഒരിടത്തും നടപ്പാക്കുന്നില്ലെന്നും കേരളത്തിൽ വളരെ പ്രമാദമായ ഒരു പ്രശ്നമാണ് പുഴകളുടെ മലിനീകരണമെന്നും അറിയിച്ച സമിതിഅംഗം, തിരൂർപ്പുഴ മലിനമാകുന്നത് കാരണം മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന സ്ഥിതിവിശേഷം ചൂണ്ടിക്കാണിച്ചുകൊണ്ട് അത്തരം അവസ്ഥ തടയുന്നതിനായി ഏതെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ എന്ന് ആരാഞ്ഞു.

കെ.എസ്.യു.ഡി.പി. നാല് വർഷം മുമ്പ് സ്വീവേജ് സിസ്റ്റവുമായി ബന്ധപ്പെട്ട പ്രോജക്ട് ഏറ്റെടുത്ത് ഡി.പി.ആർ. അപ്രൂവൽ കിട്ടിയതാണെന്നും ഒരിക്കൽ അനുമതി ലഭിച്ചാൽ പ്രോജക്ടുകൾ മാറ്റാൻ കഴിയുകയില്ലെന്നും ചിലയിടങ്ങളിൽ പദ്ധതികൾ നടപ്പാക്കാൻ കഴിയുകയില്ലെന്ന് ബോധ്യപ്പെട്ടതുകൊണ്ട് അവ മാറ്റാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. കൂടാതെ തിരുവനന്തപുരത്തും എറണാകുളത്തും ഏതാണ്ട് 500 കോടിയോളം രൂപ സ്വീവേജ് സിസ്റ്റത്തിനായി ചെലവഴിക്കുന്നുണ്ടെന്നും കെ.എസ്.യു.ഡി.പി. മുഖേന നടപ്പാക്കുന്ന മേൽ പരാമർശിച്ച മൂന്ന് പ്രോജക്ടുകളിലും കൂടിയുള്ള 2,500 കോടിയോളം രൂപയിൽ പകുതിയിലധികവും കുടിവെള്ളത്തിനും ഡ്രെയിനേജിനും സ്വീവേജിനുമൊക്കെയാണ് വകയിരുത്തിയിട്ടുള്ളതെന്നും ആദ്ദേഹം അഭിപ്രായപ്പെട്ടു.

(2) <u>നഗരകാര്യ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം.</u>—നഗരകാര്യ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറും ആക്സസറീസും പർച്ചേസ് ചെയ്യുന്നതിനുവേണ്ടി 50 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ടെന്നും ഫെബ്രുവരി മാസത്തോടുകൂടി മുഴുവൻ തുകയും ചെലവാക്കാൻ സാധിക്കുമെന്നും നിലവിലുള്ള ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും മാറ്റേണ്ടതായിട്ടുണ്ടെന്നും ഓഫീസുകൾ സ്വരാജ് ഭവനിലേക്ക് മാറ്റംചെയ്യുമ്പോൾ അതിന്റെ കേബിളിംഗിനു വേണ്ടിയുള്ള ചെലവും ഇതിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(3) <u>നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും.</u>—പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും കില മുഖാന്തിരമാണ് ട്രെയിനിംഗ് നടത്തുന്നതെന്നും ട്രെയിനിംഗിന് അയയ്ക്കാനുള്ള ആളുകളുടെ വിശദാംശം തയ്യാറാക്കി ഡിസംബർ മാസം അവസാനത്തോടുകൂടി ട്രെയിനിംഗിന് അയയ്ക്കാൻ സാധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(4) <u>അടിസ്ഥാന സൗകര്യ വികസന സെൽ.</u>—നഗരകാര്യ വകുപ്പിലെയും മുനിസിപ്പൽ കോമൺ സർവ്വീസിലെയും ഓഫീസേഴ്സിനുള്ള ട്രെയിനിംഗ് ഐ.എം.ജി. മുഖാന്തിരം നൽകുന്നതിനുവേണ്ടി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക മുഴുവനും കാര്യക്ഷമമായി ചെലവഴിക്കാൻ സാധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(5) <u>നഗരകാര്യ വകുപ്പിലെ പ്രോജക്ടുകളുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള സെല്ലുകളുടെ രൂപീകരണം.</u>—പ്രസ്തുത പദ്ധതി പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി.) അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നതെന്നും നാളിതുവരെ 5 ലക്ഷം രൂപ ചെലവായിട്ടുണ്ടെന്നും 2011-ൽ ബഹു. വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സെമിനാറിന്റെ അടിസ്ഥാനത്തിൽ അർബൻ ഡെവലപ്മെന്റ് പ്രോജക്ടുകൾ പി.പി.പി. ആയി തയ്യാറാക്കുന്നതിന് കൺസൾട്ടൻസികളെ നിയമിക്കുന്നതിനുള്ള അവസാനവട്ട ചർച്ചകൾ നടന്നു കൊണ്ടിരിക്കുകയുമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിൽ നഗരങ്ങളിൽ ആരംഭിച്ച പദ്ധതികളുടെ നടപടിക്രമങ്ങൾ എങ്ങനെയാണെന്നും, പി.പി.പി. വ്യവസ്ഥയിൽ തിരൂർ മുനിസിപ്പാലിറ്റിയിൽ ആസൂത്രണം ചെയ്ത 163 കോടി രൂപയുടെ പദ്ധതികളുടെ തുടർനടപടികൾ എന്തൊക്കെയാണെന്നും സമിതിയംഗം ആരാഞ്ഞു.

പ്രസ്തുത പദ്ധതികളെല്ലാം നഗരകാര്യ വകുപ്പാണ് പരിശോധന നടത്തി അംഗീകാരം നൽകുന്നതെന്നും അതാത് മുനിസിപ്പാലിറ്റികൾതന്നെ ടെൻഡർ വിളിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി കൗൺസിൽ അംഗീകരിച്ച് വകുപ്പിലേക്ക് അയയ്ക്കുമ്പോഴാണ് അംഗീകാരം കൊടുക്കുന്നതെന്നും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

(6) <u>അറവുശാലകളുടെ പരിഷ്കരണം.</u>—അറവുശാലകളുടെ ആധുനികവൽകരണത്തിനായി 1,500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും 17 നഗരസഭകൾ പദ്ധതി നടപ്പിലാക്കാൻ മുന്നോട്ടു വന്നിട്ടുണ്ടെന്നും, അവിടത്തെ എഞ്ചിനീയർമാർക്ക് ട്രെയിനിംഗ് നൽകുന്നതിന് ശുചിത്വമിഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. അറവുശാലയുടെ ഒരു യൂണിറ്റിന് നേരത്തെ ഒരു കോടി രൂപയായിരുന്നു എങ്കിലും എസ്.ഒ.ആർ. വ്യത്യാസം വന്നതിന്റെ അടിസ്ഥാനത്തിൽ നിലവിലിത് 1.2 കോടി രൂപയാണെന്നും ഇക്കാര്യത്തിൽ സ്റ്റാൻഡേർഡൈസ്ഡ് ഡിസൈൻ ആവശ്യമാണെന്നും ശുചിത്വമിഷനാണ് ഇത് നടപ്പാക്കുന്നതെന്നും ഇതിനായി ശുചിത്വമിഷന് മുഴുവൻ തുകയും വകയിരുത്തി നൽകുകയാണ് ചെയ്യുന്നതെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥൻ മറുപടി നൽകി.

ജനങ്ങളുടെ എതിർപ്പുകാരണം അറവുശാലകൾ തുടങ്ങാൻ സാധിക്കുന്നില്ലെന്നും അതിനാൽ ഫണ്ടുകൾ ലാപ്സായിപ്പോകുന്ന സ്ഥിതിവിശേഷമാണെന്നും അറവുശാലകൾക്ക് ഒരു സ്റ്റാൻഡേർഡൈസേഷൻ നൽകിയിട്ടുള്ളതിനാൽ അവ പാലിക്കാനുള്ള വിമുഖത കാരണം ഈ സംരംഭം വിജയിപ്പിക്കാൻ കഴിയുന്നില്ലെന്നും പഴയരീതിയിലുള്ള അറവുശാലകളാണ് ഇപ്പോഴും നടത്തിക്കൊണ്ടുപോകുന്നതെന്നും പഞ്ചായത്ത് വകുപ്പുമന്ത്രി സമിതിയിൽ അറിയിച്ചു. വ്യക്തികൾക്ക് സബ്സിഡി കൊടുത്തുകൊണ്ട് ഇത് പ്രോത്സാഹിപ്പിക്കാവുന്നതല്ലേ എന്ന സമിതിയംഗത്തിന്റെ അഭിപ്രായത്തിന്, ഒരു പഞ്ചായത്തിൽ ഒരു സ്ലോട്ടർ ഹൗസ് മാത്രമാണ് അനുവദിക്കുന്നതെന്നതിനാൽ ഒരു വ്യക്തിയെ ഇതിനായി തിരഞ്ഞെടുക്കുവാൻ കഴിയില്ലെന്നും വകുപ്പുമന്ത്രി മറുപടി നൽകി. അറവുശാലകൾ ആധുനികവത്കരിക്കുന്നതിന് കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണെന്നും അല്ലാത്തപക്ഷം അവ പ്രായോഗികമല്ലെന്നും ആധുനിക അറവുശാലകൾ തുടങ്ങാനുള്ള അനുമതി ലഭിച്ചതിൻപ്രകാരം ചില പഞ്ചായത്തുകൾ 50 സെന്റ് സ്ഥലവുമായി മുന്നോട്ട് വന്നിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. അറവുശാലകൾ തുടങ്ങാൻ വെറ്റിനറി സർജന്റെ സർട്ടിഫിക്കറ്റ് ആവശ്യമാണെന്നും പുതിയ ഒരു സമ്പ്രദായത്തിലേക്ക് മാറുന്നതിനോടുള്ള വിമുഖത കാരണം, ആധുനിക അറവുശാലകൾ തുടങ്ങുന്നതിന് ജനപിന്തുണ കുറവാണെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു.

(7) <u>അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതി.</u>—അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി ഈ സാമ്പത്തികവർഷം മുതൽ നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം ചെയ്യണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നതെന്നതിനാൽ ജില്ലാതലത്തിൽ എം.ജി.എൻ.ആർ.ഇ.എസ്-ന്റെ അതേ മോഡലിൽ തന്നെയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതിയുടെയും മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിരിക്കുന്നതെന്നും അതുകൊണ്ട് ജില്ലാ കളക്ടർമാർ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരോട് ജില്ലാതലത്തിലുള്ള നഗരസഭാ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് നൽകാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നിന്നുമാത്രമാണ് റിപ്പോർട്ട് ലഭിച്ചതെന്നും ജില്ലകളിൽ നിന്നും റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ഫണ്ട് റിലീസ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും 45 കോടി രൂപ അധികമായി അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ടെന്നും മുഴുവൻതുകയും ഈ വർഷം ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു. എന്നാൽ 5 കോടി രൂപ മാത്രമാണ് ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നതെന്നും ഓരോ മുനിസിപ്പാലിറ്റികളിൽ നിന്നും പദ്ധതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 50 കോടി രൂപയെങ്കിലും ഇല്ലാതെ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയില്ലെന്നും അതിനാലാണ് പദ്ധതി വൈകുന്നതെന്നും ധനകാര്യവകുപ്പ് ഇക്കാര്യത്തിൽ പ്രതികരിച്ചിട്ടില്ലെന്നും നഗരകാര്യ വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

(8) തലസ്ഥാന നഗരവികസന പദ്ധതി.—ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നാല് പ്രോജക്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരള സുസ്ഥിര നഗരവികസന പദ്ധതിയാണെന്നും എ.ഡി.ബി.-യുടെ ധനസഹായത്തോടുകൂടിയുള്ള ഈ പദ്ധതി കേരളത്തിലെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായും പദ്ധതി ചെലവിന്റെ 70 ശതമാനം എ.ഡി.ബി.-യും 19 ശതമാനം കേരള ഗവൺമെന്റും ബാക്കി 11 ശതമാനം മുനിസിപ്പൽ കോർപ്പറേഷനുമാണ് ചെലവാക്കുന്നതെന്നും കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതിയിൽ ശുദ്ധജലവിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, സ്വീവേജ് പദ്ധതി, റോഡുകളുടെ വികസനം തുടങ്ങിയവയ്ക്കായി ഈവർഷം 273 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും, പദ്ധതിയിൻകീഴിൽ ഇതുവരെ 364 കോടി രൂപ ചെലവായിട്ടുണ്ടെന്നും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. 2012 വരെയായിരുന്നു പദ്ധതി കാലയളവെങ്കിലും പ്രതീക്ഷിച്ച രീതിയിൽ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ സോളിഡ്‌വേസ്റ്റ് മാനേജ്മെന്റ്, സ്വീവേജ് തുടങ്ങിയ ഓൺ ഗോയിംഗ് പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള കാലയളവ് 2014 ജൂൺ മാസം വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള അനുവാദം എ.ഡി.ബി.-യിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ജനങ്ങളുടെ എതിർപ്പുകാരണം പദ്ധതികളുടെ 50 ശതമാനം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നും 2014 ഡിസംബർ 14-ന് മുൻപ് പദ്ധതികൾ പൂർത്തീകരിക്കുവാൻ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

എന്നാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ടിന്റെ ലഭ്യതക്കുറവ് നിലവിലുണ്ടെന്നും ഇത്തരത്തിലുള്ള പദ്ധതികളൊന്നുംതന്നെ കേരളത്തിലെ ഇപ്പോഴത്തെ സാഹചര്യത്തിന് യോജിച്ചതല്ല എന്ന സ്ഥിതിവിശേഷമാണ് കണ്ടുവരുന്നതെന്നും കേന്ദ്രത്തിന്റെ ധനസഹായത്തോടുകൂടി ആരംഭിക്കുന്ന പദ്ധതികളിൽ കാലതാമസം ഉണ്ടാകുമ്പോൾ സംസ്ഥാന ഗവൺമെന്റ് കൂടുതൽപണം ചെലവഴിക്കേണ്ടതായി വരുന്നു എന്നും ബന്ധപ്പെട്ട വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

(9) കേരള നഗരവികസന പ്രോജക്ട്.—കേരളത്തിലെ എല്ലാ നഗരങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് മുന്നോട്ടുപോകുന്നതെന്നും, 2009-10-ൽ ഏകദേശം 32 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ആരംഭം കുറിച്ചതിൽ 25-ഓളം എണ്ണം വകുപ്പുതലത്തിൽ തയ്യാറാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള 7 എണ്ണം 2012 ഡിസംബർ മാസം അവസാനത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും ചീഫ് ടൗൺ പ്ലാനർ സമിതിയെ അറിയിച്ചു. കൂടാതെ 17-5-2012-ലെ സർക്കാർ ഉത്തരവുപ്രകാരം ബാക്കി 29 നഗരസഭകൾക്കുകൂടി എല്ലാ സെക്ടറുകളെയും ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞെന്നും അവ 12 മുതൽ 18 മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും ഇന്റഗ്രേറ്റഡ് ഡിസ്ട്രിക് പ്ലാനുകൾ തയ്യാറാക്കുന്നുണ്ടെന്നും അവയിൽ കൊല്ലം, തൃശൂർ, പാലക്കാട്, ഇടുക്കി എന്നിവയ്ക്കുള്ളത് തയ്യാറായിട്ടുണ്ടെന്നും

ആലപ്പുഴ, വയനാട് ജില്ലകളുടേതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണെന്നും വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു.

അടുത്ത 20 വർഷത്തിനുശേഷം ഒരു ടൗൺ എങ്ങനെയായിരിക്കണം എന്നതു മുൻകൂട്ടിക്കണ്ടുകൊണ്ടാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നതെന്നും വീടുകൾ, റോഡുകൾ, സ്കൂളുകൾ, ഹോസ്പിറ്റൽ, ഇൻഡസ്ട്രിയൽ ഏരിയ തുടങ്ങിയവ എവിടെ വേണം എന്നുള്ളതെല്ലാം കൃത്യമായി പറഞ്ഞിട്ടുണ്ടെന്നും മാസ്റ്റർപ്ലാൻ തയ്യാറാക്കി യതിനുശേഷം മുനിസിപ്പാലിറ്റികൾക്ക് അയച്ചുകൊടുക്കുകയും, അവരുടേതായ ഒരു പഠനം നടത്തിയതിനുശേഷം മോഡിഫിക്കേഷൻ ആവശ്യമെങ്കിൽ ആയത് ഉൾപ്പെടുത്തിയ ശേഷമാണ് പ്ലാൻ തയ്യാറാക്കുന്നതെന്നും ബന്ധപ്പെട്ട വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

**ശുചിത്വ മിഷൻ**

ഖരമാലിന്യങ്ങൾ കൂടുതലും ഉണ്ടാകുന്നത് നഗരങ്ങളിലാണെന്നതിനാൽ നഗരങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായുള്ള നിലവിലുള്ള സ്കീമുകളെ കുറിച്ചും സമിതി ആരാഞ്ഞു.

നഗരങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നു ണ്ടെന്നും ഇതിനായുള്ള പണം ശുചിത്വമിഷന്റെ ഫണ്ടിൽ ഉണ്ടെന്നും ഈ സാമ്പത്തിക വർഷം 34 ആശുപത്രികളിൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ബെഡിന്റെ അടിസ്ഥാനത്തിൽ ഫണ്ട് നൽകുന്നുണ്ടെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

ഇപ്പോൾ സെപ്റ്റേജ് പ്ലാന്റ് എവിടെയും സ്ഥാപിക്കാൻ കഴിയുന്നില്ലെന്നും പ്ലാന്റ് സ്ഥാപിക്കാൻ നഗരസഭ തയ്യാറായാൽ ഗവൺമെന്റ് ഇതിനുവേണ്ടിയുള്ള എല്ലാ സഹായങ്ങളും നൽകുമെന്നും ഇതിനായി ശുചിത്വമിഷനിൽ ഫണ്ട് ലഭ്യമാണെന്നും ബന്ധപ്പെട്ട വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

## പഞ്ചായത്ത് വകുപ്പ്

പൊതുശ്മശാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ശ്മശാനങ്ങൾ തുറക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഓരോ പഞ്ചായത്തിനും 10 ലക്ഷം രൂപ വീതം നൽകുമെന്നും 51 പഞ്ചായത്തുകളിൽ നിന്നുള്ള അപേക്ഷകൾ ശുപാർശ ചെയ്ത് ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടെന്നും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കശാപ്പുശാലകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഓഫീസ് നവീകരണത്തിനും കമ്പ്യൂട്ടർ സ്ഥാപിക്കുന്ന തിനുമായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവുമെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

**ഇൻഫർമേഷൻ കേരള മിഷൻ**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറൈസേഷനുവേണ്ടി 4.5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും ഈവർഷം അവസാനത്തോടുകൂടി കമ്പ്യൂട്ടറൈസേഷൻ ഏകദേശം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഓൺലൈനായി ജനന-മരണ, മാര്യേജ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടെന്നും ആയത് ആധികാരിക രേഖയായി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്നും രജിസ്ട്രേഷൻ ചെയ്തശേഷം 15 മിനിട്ടുകൊണ്ട് മാര്യേജ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ഒരു പ്രോജക്ട് ഇ-ഫയലിംഗ് സംവിധാനത്തോടുകൂടി തയ്യാറാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കൂടാതെ ഈവർഷത്തെ പ്രധാനനേട്ടം പ്ലാൻ പ്രിപ്പറേഷനു വേണ്ടിയുള്ള 'സുലേഖ' സോഫ്റ്റ്‌വെയറാണെന്നും ഏതൊരു തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ എണ്ണം, അതിന്റെ അപ്രൂവൽ, മോണിറ്ററിംഗ്, എക്സ്പെൻഡിച്ചർ തുടങ്ങിയവ ഇതിലൂടെ നടത്താമെന്നും; എല്ലാ നഗരസഭകളെയും യോജിപ്പിച്ച് 'സാംഖ്യ' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടെന്നും; ഓൺലൈനായി ബിൽഡിംഗ് പെർമിറ്റിനുവേണ്ടി അപേക്ഷിക്കാനും അതിന്റെ സ്റ്റാറ്റസ് അറിയാനും ഉതകുന്ന ഒരു പുതിയ സോഫ്റ്റ്‌വെയർ 60 മുനിസിപ്പാലിറ്റികളിലും നടപ്പാക്കിയിട്ടുണ്ടെന്നും; പ്ലാൻ പ്രോജക്ട്സും വർക്ക് പ്രോജക്ട്സും കമ്പ്യൂട്ടറൈസ് ചെയ്യാൻ വേണ്ടിയുള്ള സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്ത് എല്ലാ ലോക്കൽ ബോഡീസിലും വിന്യസിച്ചിട്ടുണ്ടെന്നും എല്ലാവർക്കും ട്രെയിനിംഗ് കൊടുത്ത് അടുത്തവർഷം മുതൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

**ചീഫ് എഞ്ചിനീയർ ഓഫീസ്, തദ്ദേശസ്വയംഭരണ വകുപ്പ്**

സ്വരാജ് ഭവന്റെ നിർമ്മാണത്തിന് 19.42 കോടി രൂപയായിരുന്നു എസ്റ്റിമേറ്റ് നിശ്ചയിച്ചിരുന്നതെന്നും സിവിൽ വർക്കിനായി 10.66 കോടി രൂപ ചെലവ് വന്നിട്ടുണ്ടെന്നും ഈവർഷത്തെ നീക്കിയിരുപ്പായ 2 കോടി രൂപയ്ക്കു പുറമേ ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കുന്നതിനായി 7.28 കോടി രൂപ ആവശ്യമുണ്ടെന്നും ഇലക്ട്രിക്കൽ വർക്കുകൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കൂടാതെ പല വകുപ്പുകളിൽ നിന്നുള്ള എഞ്ചിനീയേഴ്സിനെ കൂട്ടിയാണ് 2008-ൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകൃതമായതെന്നും, പല വകുപ്പുകളിൽ നിന്നുള്ള ആളുകളാണ് ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കുന്നത് എന്നതിനാൽ ഒരു മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കണമെന്ന പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന് 50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത ശുപാർശ അംഗീകരിക്കണമെന്നും; വകുപ്പിലെ ടെണ്ടറുകൾ ഇ-ടെണ്ടർ മുഖാന്തിരം നടത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും ഓഫീസ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിന് കൊടുത്തിട്ടുണ്ടെന്നും ആയതിന് 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും പ്രസ്തുത വർക്ക് ഐ.കെ.എം.-നെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

അധികാരവികേന്ദ്രീകരണവും പ്രാദേശിക ഭരണനിർവ്വഹണവുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പരമാവധി ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വളരെയധികം പ്രവർത്തനങ്ങൾ കില നടപ്പാക്കിയിട്ടുള്ളതായി കില ഡയറക്ടർ സമിതിയെ അറിയിച്ചു. ജനപ്രതിനിധികളുടെ നേതൃപരമായ ശേഷിയും കഴിവുകളും വികസിപ്പിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം എം.എൽ.എ.മാർക്കായി ഒരു എഫിഷ്യൻസി ഡെവലപ്മെന്റ് പ്രോഗ്രാം നടത്തുകയും 30-ഓളം എം.എൽ.എ.മാർക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു. കിലയെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന്മേൽ സർക്കാർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും; പ്രാദേശികമായിട്ടുള്ള വിഷയങ്ങളിൽ കൂടുതൽ പ്രാഗൽഭ്യമുള്ള ആൾക്കാരെ സൃഷ്ടിക്കുന്നതിനായി ചില കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഡബിൾ എൻട്രി ട്രെയിനിംഗാണ് മറ്റൊരു പ്രധാന പരിശീലന പരിപാടിയെന്നും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഒരു പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാര്യം മറ്റു പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്-ടു-പഞ്ചായത്ത് എന്ന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും അധികാരവികേന്ദ്രീകരണം സംബന്ധിച്ച കേരള മാതൃക പഠിക്കുന്നതിനായി ശ്രീലങ്ക, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, ഭൂട്ടാൻ തുടങ്ങിയ അനേകം വിദേശ രാജ്യങ്ങളിൽ നിന്നും ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ഇവിടേയ്ക്ക് വരുന്നതിനാൽ ഒരു സ്ഥിരസംവിധാനം എന്ന നിലയിൽ റിസർച്ച് കോഴ്സുകളും മറ്റ് പഠനങ്ങളും നടത്തുന്നതിനായി പ്രത്യേകമായി സൗത്ത് ഏഷ്യ സ്കൂൾ ഓഫ് ലോക്കൽ ഗവൺമെന്റ്സ് എന്ന സ്കൂളിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ; 12-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് ഊരുകൂട്ടങ്ങളിലെ മൂപ്പന്മാർക്ക് പരിശീലനം നൽകുകയുണ്ടായെന്നും; മത്സ്യ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പ്രത്യേക പരിശീലന പരിപാടി നടത്തിയിട്ടുണ്ടെന്നും ; കേന്ദ്ര ഗവൺമെന്റിന്റെ സ്കീം അനുസരിച്ച് ഒരു ബാക്ക്‌വേഡ് റീജിയൺ ഡെവലപ്മെന്റ് പ്ലാൻ ആരംഭിക്കുകയും പാലക്കാട്, വയനാട് ജില്ലകളിൽ നടപ്പിലാക്കുകയും ചെയ്യുന്നുവെന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിശദവിവരം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ലഘു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ; ബഹു. മുഖ്യമന്ത്രിയുടെ ഗ്രാമയാത്രയുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലന പരിപാടി നടത്തുകയും ഗ്രാമസഭകൾ, കുട്ടികളുടെ ഗ്രാമസഭ, യുവജനങ്ങളുടെ ഗ്രാമസഭ എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിപുലമായ പരിശീലന പരിപാടി ഗ്രാമയാത്ര നടത്തുന്ന നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുകയുണ്ടായെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

**കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി.)**

സർവ്വീസ് ഡെലിവറി മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പ്രോജക്ടിൽ പെർഫോമൻസ് ഗ്രാന്റ്, കപ്പാസിറ്റി ബിൽഡിംഗ്, സ്റ്റേറ്റ് മോണിറ്ററിംഗ് ഓഫ് ദി ലോക്കൽ ബോഡീസ്, പ്രോജക്ട് മാനേജ്മെന്റ് എന്നീ നാല് ഘടകങ്ങളാണുള്ളതെന്നും അതിൽ പ്രധാനപ്പെട്ട ഘടകമായ പെർഫോമൻസ് ഗ്രാന്റിൽ മുനിസിപ്പാലിറ്റികൾക്ക് 36.95 കോടി രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് 247.30 കോടി രൂപയും കാര്യശേഷി വികസനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സംസ്ഥാന സർക്കാർ തലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്താനും പ്രോജക്ട് മാനേജ്മെന്റിനുമായി 24.8 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളതെന്നും, ഇത്തരം പ്രോജക്ടുകളെ കുറിച്ചുള്ള അവെയർനസ് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കുറവായതുകൊണ്ട് പഞ്ചായത്ത്, മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥർക്ക് ഇൻഫർമേഷൻ, എഡ്യുക്കേഷൻ, കമ്മ്യൂണിക്കേഷൻ എന്നീ വിഷയങ്ങളിൽ കെ.എൽ.ജി.എസ്.ഡി.പി.യിൽ നിന്ന് നേരിട്ട് ട്രെയിനിംഗ് നൽകുകയുണ്ടായെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

## ഗ്രാമവികസന വകുപ്പ്

ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതം 10 ശതമാനമാണെന്നും; 1550 കോടി രൂപയുടെ ഈ പദ്ധതിയിൽ 718 കോടി രൂപ ചെലവാക്കിക്കഴിഞ്ഞെന്നും അത് ഇന്ത്യയിൽ തന്നെ റെക്കോഡ് എക്സ്പെൻഡിച്ചറാണെന്നും; തൊഴിലുറപ്പ് പദ്ധതിക്കുള്ള വേതനം 164 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചു.

(1) ഇന്ദിരാ ആവാസ് യോജന (25% സംസ്ഥാന വിഹിതം).—ഈ വർഷത്തെ ലക്ഷ്യം 59260 വീടുകളാണെന്നും അതിലേക്കാവശ്യമായ സംസ്ഥാന വിഹിതത്തിന്റെ ആദ്യ ഗഡുവായ 80 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും 1200 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിൽ 290 കോടിയോളം രൂപ കേന്ദ്രത്തിൽ നിന്നു ലഭിക്കുമെന്നും ബാക്കിയുള്ളത് പ്ലാൻ ഫണ്ടിൽ നിന്നും (ബ്ലോക്കുകൾ 50 ശതമാനം, ഗ്രാമപഞ്ചായത്ത് 25 ശതമാനം, ജില്ലാപഞ്ചായത്ത് 25 ശതമാനം) സ്റ്റേറ്റ് ഷെയറിൽ നിന്നും സമാഹരിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(2) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന.—ഈ പദ്ധതി പ്രകാരം 720 കിലോമീറ്ററോളം നീളമുള്ള റോഡുകൾ നിലവിലുള്ള റോഡ് നെറ്റ്‌വർക്കിൽ നിന്ന് ചെയ്യാനുള്ള ഡി.പി.ആർ. തയ്യാറാക്കി ഒരാഴ്ചയ്ക്കകം നാഷണൽ റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസിക്ക് അയച്ചുകൊടുക്കുമെന്നും അവിടെ നിന്നുള്ള അപ്രൂവൽ ലഭിച്ചു കഴിഞ്ഞാലുടനെ പണി തുടങ്ങാൻ സാധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(3) സംയോജിത നീർത്തട മാനേജ്മെന്റ് പരിപാടി.—2009-10, 2010-11 ഘട്ടത്തിലുള്ള പരിപാടികളുടെ ഡി.പി.ആർ. തയ്യാറാക്കി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും അതിന്റെ എൻട്രി പോയിന്റ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുണ്ടെന്നും വർക്കുകളുടെയെല്ലാം മൊത്തം ചെലവും മാനേജ് ചെയ്യുന്ന ഒരു സംവിധാനത്തിലേക്കാണ് അപ്‌ലോഡ് ചെയ്യുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(4) പിന്നോക്കമേഖലാ സഹായനിധി.—വികസനത്തിൽ പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളുടെ വികസനത്തിനായി 100 ശതമാനം അധിക കേന്ദ്ര സഹായമുള്ള ഈ പദ്ധതിക്ക് 175 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(5) പട്ടുനൂൽ കൃഷി വികസന പദ്ധതി.—സെറിഫെഡിന്റെ കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രസ്തുത പദ്ധതി, സെറിഫെഡ് വൈൻഡ്അപ് ചെയ്തപ്പോൾ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുകവഴി അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാരെ മാത്രം റൂറൽ ഡെവലപ്മെന്റിന് തരികയും പട്ടുനൂൽ കൃഷിയുമായി ബന്ധപ്പെട്ട ജോലിയിൽ പ്രവർത്തനപരിചയമുള്ളവരെ പഞ്ചായത്തിൽ ക്ലാർക്കുമാരാക്കുകയും ചെയ്തതിനാൽ പദ്ധതി പ്രവർത്തനപന്ഥാവിൽ കൊണ്ടുവരാനുള്ള പ്രായോഗിക തടസ്സങ്ങളുണ്ടായെന്നും ; പദ്ധതി തയ്യാറാക്കാനുള്ള സന്നദ്ധത അറിയിച്ച 42 ബ്ലോക്കുകളിൽ ഇത് നടപ്പാക്കുമെന്നും ; കാറ്റലിക് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങി കുറേയധികം കാര്യങ്ങൾ ചേർന്നതാണ് ഈ പദ്ധതിയെന്നും, സെൻട്രൽ സിൽക്ക് ബോർഡ് എല്ലാവിധ സഹായങ്ങളും നൽകാമെന്ന് പറഞ്ഞിട്ടുണ്ടെന്നും അത് ബ്ലോക്കുകൾവഴി നടപ്പിലാക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(6) ഗ്രാമീണ ഉൽപ്പന്നങ്ങളുടെ സംസ്ഥാനതല വിപണന കേന്ദ്രത്തിനുള്ള സഹായം.—സംസ്ഥാനതലത്തിൽ ഗ്രാമീണ ഉത്പന്നങ്ങളുടെ വിപണന കേന്ദ്രമായി പ്രവർത്തിക്കുന്ന 'കേരംസ്' എന്ന സ്ഥാപനം പൂട്ടിപോകാതെ ഒരു മാർക്കറ്റിംഗ് സെന്ററായി മാറ്റുന്നതിനുള്ള ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

(7) സ്വർണ്ണ ജയന്തി ഗ്രാമസ്റോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.).—എസ്.ജി.എസ്.വൈ.യ്ക്ക് കുറേയധികം സ്പിൽ ഓവർ ലയബിലിറ്റിയുണ്ടെന്നും അത് തീർപ്പാക്കുന്നതിനുള്ള ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ; മാർക്കറ്റിംഗ്, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് എന്നിവയ്ക്കെല്ലാംകൂടി 10 കോടി രൂപ അധിക സഹായധനം സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ; സ്വയം സഹായ സംഘങ്ങൾക്ക് അവരുടെ പ്രവർത്തന മൂലധന ഫണ്ട് ഒരു പരിധിവരെ കൊടുത്തിട്ടുണ്ടെങ്കിലും ബാക്കി തുക കൂടി കൊടുത്താൽ മാത്രമേ അവയ്ക്ക് പ്രവർത്തനക്ഷമത കൈവരിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ അതിന്റെ ജില്ല തിരിച്ചുള്ള കണക്കെടുത്ത് പ്ലാനിംഗ് ബോർഡിന് കൈമാറിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

**കുടുംബശ്രീ മിഷൻ**

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പ്രധാനമായും നാല് വിധത്തിലാണെന്നും അവ

1. സംഘടന ശാക്തീകരണം
2. സാമ്പത്തിക ശാക്തീകരണം
3. സാമൂഹ്യമായ ശാക്തീകരണം
4. സ്ത്രീ ശാക്തീകരണം

എന്നിവയാണെന്നും അറിയിച്ചുകൊണ്ട് അവ ഓരോന്നിനെക്കുറിച്ചും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിശദീകരിച്ചു.

സംഘടനാ ശാക്തീകരണത്തിൽ പലതരത്തിലുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാനതലം മുതൽ അയൽക്കൂട്ടം വരെ പ്രവർത്തിക്കുന്നവർക്കുള്ള ട്രെയിനിംഗ് ഇതിൽ ഉൾപ്പെടുമെന്നും സാമ്പത്തിക ശാക്തീകരണത്തിൽ ലൈവ്‌ലിഹുഡ് ഇന്റർവെൻഷൻ, ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് എന്നിവ ഉൾപ്പെടുന്ന മൈക്രോ ഫൈനാൻസിംഗാണ് ഉദ്ദേശിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

സാമൂഹ്യ ശാക്തീകരണത്തിൽ ഏറ്റവും പാവപ്പെട്ടവരായ ആളുകൾക്കു വേണ്ടിയുള്ള 'ആശ്രയ' എന്ന പദ്ധതിയും അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ കുട്ടികൾക്കുവേണ്ടിയുള്ള 'ബാലസഭ' എന്ന പദ്ധതിയും മാനസിക വൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള 'ബഡ്സ്' എന്ന പദ്ധതിയും ട്രൈബൽ മേഖലയിൽ ട്രൈബൽ സ്പെഷ്യൽ പ്രോജക്ടുകളും സമഗ്ര ആരോഗ്യ പദ്ധതിയും നടപ്പിലാക്കുന്നുണ്ടെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. സ്ത്രീ ശാക്തീകരണത്തിനു വേണ്ടിയുള്ള ജെൻഡർ സെൽഫ് ലേണിംഗുമായി ബന്ധപ്പെട്ട് ഒരു പുസ്തകയാത്ര നടത്തിയതിൽ അയൽക്കൂട്ടങ്ങളിലെ രണ്ട് ലക്ഷത്തിൽപ്പരം സ്ത്രീകളുടെ അനുഭവസമ്പത്ത് രേഖപ്പെടുത്തിയിട്ടുണ്ടെന്നും അതിലെ പ്രധാനപ്പെട്ട അനുഭവങ്ങൾ ക്രോഡീകരിച്ച് 1072-ഓളം പുസ്തകങ്ങൾ ഇറക്കിയിട്ടുണ്ടെന്നും അതിന്റെ വിശ്ലേഷണമാണ് നടക്കാൻ പോകുന്നതെന്നും ; 'നിർഭയ' എന്ന പരിപാടിയിൽ സ്ത്രീകൾ എങ്ങനെ നിർഭയരായി ജീവിക്കണമെന്നുള്ളത് സംബന്ധിച്ച് വ്യത്യസ്ത മേഖലകളിലുള്ള ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ നടത്താറുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കുടുംബശ്രീക്ക് ഒരു ആസ്ഥാന മന്ദിരം ആവശ്യമായിട്ടുണ്ടെന്നും അതിലുപരി ഒരു പരിശീലന കേന്ദ്രം ഉണ്ടാക്കുകയാണെങ്കിൽ കേന്ദ്ര സർക്കാർ 75 ലക്ഷം രൂപ അനുവദിക്കുമെന്നതിനാൽ അതിന്റെ സംസ്ഥാന സർക്കാർ വിഹിതം കൂടി ലഭിക്കുകയാണെങ്കിൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും ആയതിനാൽ സംസ്ഥാന വിഹിതം ലഭിക്കുന്നതിന് വിഷയനിർണ്ണയസമിതി ശുപാർശ ചെയ്യണമെന്ന് സമിതിയോട് അഭ്യർത്ഥിക്കുകയും ; 6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന റസിഡൻഷ്യൽ ട്രെയിനിംഗിനു വേണ്ടിയുള്ള ഈ പ്രോജക്ടിൽ ഉൽപ്പന്നങ്ങൾ

സ്ഥിരമായി പ്രദർശിപ്പിക്കുന്നതിനും, വിതരണ കേന്ദ്രമായി പ്രവർത്തിക്കുന്നതിനും, ഇതിന് നേതൃത്വം നൽകുന്ന വ്യക്തികൾക്ക് ഒരു ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനും താമസസൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും കൂടിയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും, ഇതിനായി റവന്യൂ വകുപ്പിൽ നിന്നും 50 സെന്റ് സ്ഥലം കിട്ടുമെന്ന പ്രതീക്ഷയിലാണെന്നും ; എസ്.സി./എസ്.റ്റി. മേഖലകൾ, ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങൾ, കടലോര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കുടുംബശ്രീ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ അവരെക്കൂടി ഉൾപ്പെടുത്തി മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നതെന്നും; കൂടാതെ ആറുമാസം പ്രവർത്തിച്ചുകഴിഞ്ഞ അയൽക്കൂട്ടങ്ങളെ ബാങ്കുമായി ബന്ധപ്പെടുത്തി ലോൺ കൊടുക്കുന്ന സംവിധാനം 39 ശതമാനം അയൽക്കൂട്ടങ്ങൾക്ക് മാത്രമേ ആയിട്ടുള്ളൂ എന്നും ആയതിനാൽ 100 ശതമാനം ബാങ്ക് ലിങ്കേജ് വരുത്താനുള്ള ശ്രമമാണ് നടത്തുന്നതെന്നും ; ഡിസംബർ 10-ാം തീയതി എം.ഐ.എസ്. ലോഞ്ച് ചെയ്യുന്നതിനായുള്ള നടപടികളും നടന്നുകൊണ്ടിരിക്കുന്നതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയും ചെയ്തു.

ഇതോടുകൂടി "പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ" എന്ന വിഷയം സംബന്ധിച്ച ചർച്ച സമിതി അവസാനിപ്പിച്ചു.

**II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

(1) 2001-02 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 14471/സബ്.സി.ഡി1/2001/ലെജി)

ഖണ്ഡിക നമ്പർ 3

(ഗവൺമെന്റ് കത്ത് നമ്പർ 59174/എഫ്.എം2/2011/ത.സ്വ.ഭ.വ. തീയതി 30-11-2012)

(2) 2004-05 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 9169/സബ്.സി.ഡി1/2004/ലെജി)

ഖണ്ഡിക നമ്പർ 3

(ഗവൺമെന്റ് കത്ത് നമ്പർ 12419/ഡി.സി2/2012/ത.സ്വ.ഭ.വ. തീയതി 25-10-2012)

(3) 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 13447/സബ്.സി.ഡി1/2007/ലെജി)

ഖണ്ഡിക നമ്പർ 89, 90, 91, 92

(ഗവൺമെന്റ് കത്ത് നമ്പർ 45972/എഫ്.എം2/2007/ത.സ്വ.ഭ.വ. തീയതി 26-11-2012)

(4) 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15598/സബ്.സി.ഡി1/2008/ലെജി)

ഖണ്ഡിക നമ്പർ 20, 21, 22, 23, 24

(ഗവൺമെന്റ് കത്ത് നമ്പർ 49890/എഫ്.എം2/2008/ത.സ്വ.ഭ.വ. തീയതി 26-11-2012)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൽ ഭവനനിർമ്മാണ വകുപ്പിൽ നിന്നും നാളിതുവരെ ലഭ്യമാക്കാതെയുള്ള മറുപടികൾ അടിയന്തിരമായി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമിതി നിർദ്ദേശം നൽകി.

**III. സമിതി അംഗീകാരം നൽകിയ താഴെപ്പറയുന്ന കരട് ചട്ടങ്ങളിന്മേൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ചും, ചട്ടങ്ങളിന്മേൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങളിൽ കണ്ടെത്തിയ പിശകുകൾ സംബന്ധിച്ചും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി. പ്രസ്തുത തെളിവെടുപ്പിന്റെയും ഇതു സംബന്ധിച്ച് വകുപ്പിൽ നിന്നും 30-11-2012 തീയതിയിലെ കത്തിനോടൊപ്പം ലഭ്യമാക്കിയ വിശദീകരണം/മറുപടിയുടെയും അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു :**

(1) 1998-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) കരട് ചട്ടങ്ങൾ

(ഫയൽ നമ്പർ 7775/സബ്.സി.ഡി1/1998/ലെജി)

പ്രസ്തുത കരട് ചട്ടത്തിന്മേലുള്ള എസ്.ആർ.ഒ. വിജ്ഞാപനം ലഭ്യമാക്കാത്തത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ വിശദീകരണത്തിൽ, പ്രസ്തുത വിഷയത്തിലുള്ള ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും 1998, 1999 വർഷങ്ങളിലെ എം.എസ്. രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കരട് ചട്ടത്തിന്മേൽ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചതായി കാണുന്നില്ലെന്നും വിഷയനിർണ്ണയസമിതി അംഗീകാരം നൽകിയിട്ടുള്ള ഭേദഗതി നിർദ്ദേശം 1970-ലെ കേരള ജനനമരണ രജിസ്ട്രേഷൻ ചട്ടത്തിനാണെന്നും എന്നാൽ 1970-ലെ ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് പുതിയ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും 6-1-2000 തീയതിയിലെ 150/2000

നമ്പരായി പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനത്തിൽ ജനന-മരണ രജിസ്റ്ററുകൾ നശിപ്പിക്കുവാൻ പാടില്ലെന്നും എക്കാലവും സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെന്നും ഈ സാഹചര്യത്തിൽ സമിതി അംഗീകാരം നൽകിയിട്ടുള്ള 1998-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിക്കാനുള്ള സാധ്യത വിരളമാണെന്നും ഈ വിവരങ്ങൾ യഥാസമയം വിഷയനിർണ്ണയസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയാതെപോയെന്നും അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ മേൽ വിശദീകരണം സമിതി അംഗീകരിക്കുകയും ഇതു സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു.

(2) 2001-ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് (എഞ്ചിനീയറിംഗ് ആന്റ് ടൗൺ പ്ലാനിംഗ് സർവ്വീസ്) സ്പെഷ്യൽ റൂൾസ്—കരട് തിരുത്തൽ വിജ്ഞാപനം.

(ഫയൽ നമ്പർ 8435/സബ്.സി.ഡി1/2007/ലെജി)

ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ വിശദീകരണം അംഗീകരിക്കാവുന്നതല്ലെന്നും ആയതിനാൽ മേൽതിരുത്തൽ വിജ്ഞാപനത്തിന്മേൽ പുറപ്പെടുവിച്ച ഗസറ്റ് നോട്ടിഫിക്കേഷൻ അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കുന്നതിന് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

(3) 2005-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ)—കരട് ചട്ടങ്ങൾ

(ഫയൽ നമ്പർ 10303/സബ്.സി.ഡി1/2005/ലെജി)

2005-ൽ സമിതി അംഗീകാരം നൽകിയ കരട് ചട്ടം സംബന്ധിച്ച ഫയലോ മറ്റ് വിവരങ്ങളോ കണ്ടെത്താനാകാത്തതിനാലാണ് എസ്.ആർ.ഒ വിജ്ഞാപനം ലഭ്യമാക്കാത്തതെന്നും ഈ വിഷയത്തിന്മേൽ ഇപ്പോൾ പുതിയ കരട് ചട്ടം തയ്യാറാക്കി വിഷയനിർണ്ണയസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ വിശദീകരണം സമിതി അംഗീകരിക്കുകയും ഇത് സംബന്ധിച്ച് 2012-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ എന്ന പേരിൽ വകുപ്പ് ലഭ്യമാക്കിയ പുതിയ കരട് ചട്ടത്തിന് 2-11-2012-ൽ ചേർന്ന സമിതി യോഗം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ ഫയലിലെ നടപടികൾ അവസാനിപ്പിക്കുവാനും സമിതി തീരുമാനിച്ചു.

(4) 2009-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി കരട് ചട്ടങ്ങൾ

(ഫയൽ നമ്പർ 14827/സബ്.സി.ഡി1/2009/ലെജി)

ഇതു സംബന്ധിച്ച ചട്ടങ്ങൾ പ്രസിദ്ധീകരണത്തിനായി പ്രസ്സിൽ അയച്ചു കൊടുത്തെങ്കിലും പകർപ്പ് ലഭ്യമായിട്ടില്ലെന്ന് വകുപ്പ് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പുകൾ

അടിയന്തിരമായി അച്ചടിപ്പിച്ച് ആയത് സമിതിയുടെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകാൻ സമിതി തീരുമാനിച്ചു.

(5) 2010-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)—കരട് ചട്ടങ്ങൾ

(ഫയൽ നമ്പർ 11321/സബ്.സി.ഡി1/2011/ലെജി)

പ്രസ്തുത ചട്ടത്തിന്മേൽ പുറപ്പെടുവിച്ച ഗസറ്റ് നോട്ടിഫിക്കേഷന്റെ പകർപ്പുകൾ നിയമസഭാ സെക്രട്ടേറിയറ്റിന് ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെന്നുള്ള സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

(6) 2011-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി കരട് ചട്ടങ്ങൾ

(ഫയൽ നമ്പർ 2549/സബ്.സി.ഡി1/2011/ലെജി)

(7) 2011-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി കരട് ചട്ടങ്ങൾ

(ഫയൽ നമ്പർ 3478/സബ്.സി.ഡി1/2011/ലെജി)

മേൽ സൂചിപ്പിച്ച ചട്ടങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങളുടെ പകർപ്പുകൾ ഇതിനകം ലഭ്യമായിട്ടുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെടുകയും, ഇതു സംബന്ധിച്ച് വകുപ്പ് സെക്രട്ടറി നൽകിയ മറുപടി സമിതി അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(8) 2007-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 120/2010)

(ഫയൽ നമ്പർ 8965/സബ്.സി.ഡി1/2007/ലെജി)

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനത്തിൽ കണ്ടെത്തിയ പിശക് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ വിശദീകരണം സമിതി അംഗീകരിക്കുകയും പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(9) 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ—(SRO. No. 84/2011)

(ഫയൽ നമ്പർ 12210/സബ്.സി.ഡി1/2008/ലെജി)

പ്രസ്തുത ചട്ടത്തിൽ (S.R.O. No. 84/2011), കരട് വിജ്ഞാപനത്തിൽ നിന്നും വിഭിന്നമായി കണ്ടെത്തിയ പിശകുകൾക്ക് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം തേടുകയും അതനുസരിച്ച് തിരുത്തൽ വിജ്ഞാപനം തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത് അടിയന്തരമായി പുറപ്പെടുവിച്ച് വിശദീകരണം സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്നും അറിയിച്ചുകൊണ്ടുള്ള സെക്രട്ടറിയുടെ വിശദീകരണം സമിതി പരിഗണിക്കുകയും പ്രസ്തുത വിശദീകരണവും തിരുത്തൽ വിജ്ഞാപനത്തിന്റെ പകർപ്പുകളും അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുന്നതിന് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(10) 2012-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ—(S.R.O. No. 277/12),

(ഫയൽ നമ്പർ 3480/സബ്.സി.ഡി1/2011/ലെജി)

പ്രസ്തുത ചട്ടത്തിൽ (S.R.O. No. 277/2012) സമിതി കണ്ടെത്തിയ പിശകുകൾക്ക് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ പകർപ്പുകൾ ലഭ്യമാക്കിക്കൊണ്ട് വകുപ്പ് സെക്രട്ടറി നൽകിയ മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(11) 2005-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 738/2005)

(ഫയൽ നമ്പർ 13914/സബ്.സി.ഡി1/2005/ലെജി)

(12) 2006-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 182/2006)

(ഫയൽ നമ്പർ 9382/സബ്.സി.ഡി1/2006/ലെജി)

18-1-2006-ലെ സമിതിയോഗം ഭേദഗതിയോടെ അംഗീകാരം നൽകിയ 2005-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടത്തിൽ സമിതി നിർദ്ദേശിച്ച ഭേദഗതി ഉൾപ്പെടുത്തി പുറപ്പെടുവിച്ച വിജ്ഞാപനം ലഭ്യമാക്കാത്തത് സംബന്ധിച്ചും, 12-3-2007-ൽ ചേർന്ന സമിതിയോഗം അംഗീകാരം നൽകിയ 2006-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങളിൽ കടന്നു കൂടിയ ക്ലറിക്കൽ മിസ്റ്റേക്ക് തിരുത്തി അക്കാര്യം സംബന്ധിച്ചുള്ള വിശദീകരണവും സമിതിക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നതിന്മേലും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും 30-11-2012 തീയതിയിലെ കത്തുപ്രകാരം ലഭിച്ച വിശദീകരണം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫയലുകളിലെ നടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

സമിതിയോഗം വൈകുന്നേരം 4.15-ന് പിരിഞ്ഞു.

## 2012 ഡിസംബർ 13-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2012 ഡിസംബർ മാസം 13-ാം തീയതി വ്യാഴാഴ്ച, സഭാസമ്മേളനശേഷം വൈകുന്നേരം 4.20 മണിക്ക് നിയമസഭാ കോംപ്ലക്സിലെ III-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, ബഹു. പഞ്ചായത്തും

സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. സി. മമ്മൂട്ടി
2. ,, പി. റ്റി. എ. റഹീം
3. ,, വി. ശിവൻകുട്ടി
4. ,, ശ്രീ. പി. ശ്രീരാമകൃഷ്ണൻ
5. ,, ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2012-ലെ കേരള പഞ്ചായത്ത് രാജ് (ദേദഗതി) ബിൽ, 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കുറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും അതത് ബില്ലുകളുടെ ചുവടെ ചേർത്തിട്ടുള്ള ഭേദഗതിനിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു.

**1. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ**

ഖണ്ഡം 3

3-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 334 എ വകുപ്പിൽ,

(i) (1) -ാം ഉപവകുപ്പിന്റെ പ്രാരംഭ വാചകത്തിൽ "മൂന്ന് നിലകളിൽ കൂടുതലുള്ള വീടുകൾ" എന്നീ വാക്കുകൾക്ക് പകരം "ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 600 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ" എന്നീ വാക്കുകൾ ചേർക്കണമെന്നും

(ii) (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ "മുനിസിപ്പാലിറ്റി മുഖേന ഉറപ്പ് വരുത്തുന്നതിനായി" എന്നു തുടങ്ങി "മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടതും" എന്ന് അവസാനിക്കുന്നതുവരെയുള്ള വാക്കുകൾക്ക് പകരം "മുനിസിപ്പാലിറ്റി മുഖേനയോ സർക്കാർ അംഗീകാരമുള്ള മാലിന്യ സംസ്കരണ ഏജൻസികൾ മുഖേനയോ ഉറപ്പുവരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവയ്ക്കനുസൃതമായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് അങ്ങനെയുള്ള രീതിയിൽ നൽകേണ്ടതും" എന്നീ വാക്കുകൾ ചേർക്കണമെന്നും

(iii) (1)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡത്തിൽ, രണ്ടാമത്തെ വരിയിലെ "സംസ്ക്കരിക്കേണ്ടതും" എന്ന വാക്കിനു ശേഷം "അപ്രകാരം ശാസ്ത്രീയമായി സംസ്ക്കരിക്കാൻ കഴിയാത്തപക്ഷം മലിനജലം ശാസ്ത്രീയമായി സംസ്ക്കരിക്കുന്ന സർക്കാർ അംഗീകൃത ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും" എന്നീ വാക്കുകൾ ചേർക്കണമെന്നും ;

(iv) (4)-ാം ഉപവകുപ്പിലെ "ഇരുന്നൂറ്റി അൻപത്" എന്ന വാക്കുകൾക്കു പകരം "ആയിരം" എന്ന വാക്ക് ചേർക്കണമെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2. 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ**

പ്രസ്തുത ബിൽ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

**3. 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ**

ഖണ്ഡം 2

2-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിലെ 2-ാം വകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (iv എ) ഖണ്ഡത്തിലെ "രാഷ്ട്രീയ കക്ഷിയുടെ ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി" എന്നീ വാക്കുകൾക്കു പകരം "രാഷ്ട്രീയ കക്ഷിയുടേതായ ചിഹ്നം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് അതതു കാലങ്ങളിൽ രാഷ്ട്രീയ കക്ഷി അധികാരപ്പെടുത്തിയ ആൾ" എന്നീ വാക്കുകൾ ചേർക്കണമെന്ന് ശുപാർശചെയ്യാൻ സമിതി തീരുമാനിച്ചു.

ഖണ്ഡം 3

3-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 3-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കണമെന്ന് ശുപാർശചെയ്യാൻ സമിതി തീരുമാനിച്ചു.

"(2) (1)-ാം ഉപവകുപ്പ് (എ)-യും (ബി)-യും ഖണ്ഡങ്ങളുടെ ആവശ്യത്തിലേക്കായി നൽകപ്പെടുന്ന രേഖാമൂലമായ നിർദ്ദേശം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ബന്ധപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ടതും അങ്ങനെയുള്ള രേഖാമൂലമായ നിർദ്ദേശത്തിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതും ആണ്";

(ii) (3)-ാം ഉപവകുപ്പിൽ, "ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയുടെ ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി" എന്നീ വാക്കുകൾക്കുപകരം "ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയുടേതായ ചിഹ്നം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് അതതു കാലങ്ങളിൽ രാഷ്ട്രീയ കക്ഷി അധികാരപ്പെടുത്തിയ ആൾ" എന്നീ വാക്കുകൾ ചേർക്കണമെന്ന് ശുപാർശചെയ്യാൻ സമിതി തീരുമാനിച്ചു.

സർവ്വശ്രീ പി. റ്റി. എ. റഹീം, പി. ശ്രീരാമകൃഷ്ണൻ, ഇ. കെ. വിജയൻ എന്നീ അംഗങ്ങൾ പ്രസ്തുത ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ വിയോജനം രേഖപ്പെടുത്തി.

സമിതി യോഗം വൈകുന്നേരം 5.10-ന് പിരിഞ്ഞു.

## 2013 മാർച്ച് 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2013 മാർച്ച് മാസം 26-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനശേഷം വൈകുന്നേരം 5.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V–A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. അച്ചുതൻ
2. ശ്രീ. സി. മമ്മൂട്ടി
3. ശ്രീ. പി. റ്റി. എ. റഹീം
4. ശ്രീ. വി. ശിവൻകുട്ടി
5. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
6. ശ്രീ. ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രമാദേവി അമ്മ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി എസ്. ഗിരിജാ ദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. കെ. എസ്. മധുസൂദനൻ നായർ, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. എസ്. ദിവാകരൻ പിള്ള, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. എ. ആർ. സുരേശൻ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

സമിതി 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു.

3-ാം ഖണ്ഡത്തിൽ,—

(i) (എ) ഇന പ്രകാരം പകരം ചേർക്കുന്ന പ്രധാന ആക്ടിലെ 203-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിനുള്ള പ്രാരംഭം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക :—

"(4)(2)-ാം ഉപവകുപ്പുപ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ പരിധികൾക്കും, അവയ്ക്ക് വിധേയമായി (3)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഒരിക്കൽ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്കും, അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചുവർഷ കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും, തുടർന്ന് ഓരോ അഞ്ചു വർഷക്കാല യളവും പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ചു വർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ യഥാക്രമം സർക്കാരും ഗ്രാമപഞ്ചായത്തും നിലവിലുള്ള പരിധികളുടേയും നിരക്കുകളുടേയും മേൽ ഓരോ വർഷവും അഞ്ച് ശതമാനം എന്ന നിരക്കിൽ വർദ്ധനവ് വരുത്തി അപ്രകാരം അഞ്ചു വർഷക്കാലയളവ് പൂർത്തിയാകുമ്പോൾ ഇരുപത്തിഅഞ്ച് ശതമാനം വർദ്ധനവ് വരുന്ന വിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച പ്രകാരം നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനനുസരിച്ച് നികുതി നിർണ്ണയം നടത്തുമ്പോൾ,—" ;

(ii) (ജി) ഇനം താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുക :—

"(ജി) (19)-ാം ഉപവകുപ്പിൽ,—

(i) (ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(ii)വാർഷിക വസ്തുനികുതിയുടെ വർദ്ധനവിന്റെ ഏറ്റവും കുറഞ്ഞ പരിധിയും ഏറ്റവും കൂടിയ പരിധിയും നിശ്ചയിക്കൽ;";

(ii) (vi)-ാം ഇനം വിട്ടുകളയേണ്ടതാണ്.".

സർവ്വശ്രീ പി. റ്റി. എ. റഹീം, വി. ശിവൻകുട്ടി, പി. ശ്രീരാമകൃഷ്ണൻ, ഇ. കെ. വിജയൻ എന്നീ അംഗങ്ങൾ പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജനം രേഖപ്പെടുത്തി.

സമിതി യോഗം വൈകുന്നേരം 6.20-ന് പിരിഞ്ഞു.